KSFDC

# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

PH:8089036090

കേരള ഭാഗ്യക്കുറി

filca

വോള്യം -7 | ലക്കം -131 | ഒക്ടോബർ 2024 | മലയാളം - ഇംഗ്ലീഷ്


**FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .**

# ഒക്ടോബർ ഫിലിം ഫെസ്റ്റിവൽ

27 SUNDAY OCTOBER 2024

## Migration and human history


(കുടിയേറ്റവും മനുഷ്യചരിത്രവും)



3:05 pm Inaguration and prize distribution to quiz winners by Panniyan Raveendran Ex MP

VENUE:
JOINT COUNCIL A/C HALL,
NEAR PRESS CLUB,
TRIVANDRUM

**9:35 AM- 11:35 PM**
**20 min Discussion**





**ME CAPTAIN**
Dir :Matteo Garrone

**11:55AM -1:56 AM**
**20 min Discussion**





**BLINDNESS**
Dir:Fernando Meirelles

**3:05 PM- 5:06 PM**
**20 min Discussion**




**THE GRAPES OF WRATH**
Dir :John Ford

**6:00 PM- 8:23 PM**
**20 min Discussion**




**SUBARNAREKHA**
Dir :Ritwik Ghatak

മനുഷ്യ ചരിത്രം എന്നത് കുടിയേറ്റങ്ങളുടെ, പലായനങ്ങളുടെ കഥ കൂടിയാണ്. അനുയോജ്യമായ പുതിയ വാസ- തൊഴിലിടങ്ങൾ തേടിയുള്ള യാത്ര ഇന്നും തുടരുന്നു....

**ഒക്ടോബർ ഫിലിം ഫെസ്റ്റിവൽ പ്രമേയം**



Free Entry

All are welcomed
(Admisson to people are above 18 years old)



പൂജാ ബമ്പർ
ഭാഗ്യക്കുറി 2024
ഒന്നാം സമ്മാനം
₹12
കോടി
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹10 ലക്ഷം
ഓരോ പരമ്പരകൾക്കും 2 വീതം
രണ്ടാം സമ്മാനം
₹1 കോടി
വീതം 5 പരമ്പരകൾക്ക്
നാലാം സമ്മാനം
₹3 ലക്ഷം
വീതം 5 പരമ്പരകൾക്ക്
അഞ്ചാം സമ്മാനം
₹2 ലക്ഷം
വീതം 5 പരമ്പരകൾക്ക്
ടിക്കറ്റ് വില
₹300
BR100
DATE OF DRAW
04-12-2024, 2pm
കൂടാതെ 5000,1000,500,300 രൂപയുടെ നിരവധി സമ്മാനങ്ങൾ
കേരള സംസ്ഥാന ഭാഗ്യക്കുറി
കേരള സർക്കാർ

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC





October Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

KSFDC



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE

OCTOBER 2024

INDEX


1. മലയാളിയുടെ പലായനത്തിന്റെ , കുടിയേറ്റത്തിന്റെ കാഴ്ചകൾ
ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 13



2. നല്ല സിനിമ: ചരിത്രത്തിന്റെ അടയാളങ്ങളുള്ള സാംസ്കാരിക നിർമ്മിതികളാണ് – പ്രേംകുമാർ ( നടൻ ,ചലച്ചിത്ര അക്കാദമി ചെയർമാൻ) 15



3. കുടിയേറ്റം , പലായനം മനുഷ്യചരിത്രത്തിൽ
(സാബു ശങ്കർ / ഫിൽക്ക ) 22



5. മാറ്റിയോ ഗാരോൺ
– അർപ്പണ (ഗിരിജ സുരേന്ദ്രൻ ,വൈസ് പ്രസിഡന്റ്, ഫിൽക്ക) 24



7. ഫെറരിയ മെയ്റിലസ്
– അഡ്വ. ബിന്ദു. ആർ ( സത്യജിത്ത് റേ ഫിലിം സൊസൈറ്റി ) 26



8. ജോൺ ഫോർഡ് – സ്റ്റണ്ട് മാസ്റ്റർ , പിന്നെ സംവിധായകൻ
– ആശ നായർ 28



9. ഋത്വിക് ഘട്ടക്
– സുരേഷ്കുമാർ. സി ( ബീം ഫിലിം സൊസൈറ്റി) 30



10. മീ ക്യാപ്റ്റൻ
– വിനോദ് കുമാർ. പി. (ഫിൽക്ക) 32



11. ബൗദ്ധിക അന്ധതയിൽ സമൂഹം ചൂഴുമ്പോൾ
– പി.എസ്.ജ്യോതിഷ്കുമാർ (ഫിൽക്ക) 34



12. ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ
– വിനോദ് കുമാർ. പി. (ഫിൽക്ക) 37



13. സുബർണ രേഖ
– ഷീബ. എസ്. ജെയിംസ് (ഫിൽക്ക) 39



14. (പ്രതികരണം) കഴിഞ്ഞ നൂറ്റാണ്ടിന്റെ അത്യപൂർവ്വ രാഷ്ട്രീയ സൗന്ദര്യശാസ്ത്ര ബോധനങ്ങൾ - ജോൺ തോമസ് (ഫിൽക്ക) 43



15. (വാർത്ത) കാലവും സാഹചര്യങ്ങളും മാറുന്നതിനൊപ്പം സിനിമയുടെ ഫിലോസഫിയും മാറും –ഷാജി. എൻ. കരുൺ– സാം ആന്റണി, (ഫിൽക്ക) 50




Website:www.filca.in Email:filcakerala@gmail.com



FILM VISION
Joint Council A/C Hall,
Near Press Club,
Trivandrum.
PROGRAM INAUGURATION:
27, SUNDAY, OCTOBER ,2024.
FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .
Filca
OCTOBER FILM FESTIVAL 2024
3:00 PM
Inauguration & Quiz winners prize distribution
Welcome speech : DR.B. RADHAKRISHNAN
( President , Filca Film Society)
Presided over : JAYACHANDRAN KALLINKAL
(State General Secretary,Joint Council ).
Quiz program and winners : VIJAYA KRISHNAN
( Film Critic and Novelist).
Inauguration & Quiz winners prize distribution: PANNIYAN RAVEENDRAN
EX.M.P.
Introduction to the Cinema package on Migration: SABU SANKAR
( Novelist, Film Author, Director)
Gratitude : JYOTHISHKUMAR.P.S
( Joint Secretary , FILCA ).
free entry
all are welcomed
(admisson to people are above 18 years old)

October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society



# FILM VISION

## October Film Festival 2024

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission, Thalasthana Pourasamithi and other Cultural organisations .

| 27 Sunday , October,2024 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

FILCA

9:35 am- 11:35am (20 min discussion)
**ME CAPTAIN**



Dir: Matteo Garrone
ITALY .

11:55am-1:56 pm (20 min. Discussion)
**BLINDNESS**



Dir: Fernando Meirelles
Brazil

3:05pm - 5;06 pm (20 min Discussion)
**THE GRAPES OF WRATH**



Dir: John Ford
USA

6:00pm - 8:23 pm (20 min . Discussion)
**SUBARNAREKHA**



Dir: Ritwik Ghatak
India

## Migration and Human History

FILCA film society, Trivandrum

filcakerala@gmail.com

PH: 80890 36090


October Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

7

KSFDC




www.kswdc.org
181
Enabling the Women of Kerala to Realize their Full Potential
About KSWDC
The Kerala State Women's Development Corporation, a Public Sector Undertaking under Govt. of Kerala established in 1988 with a prime objective to empower & educate women by helping them to overcome the constraints & challenges that hamper their growth and advancements.
Employment & Skilling
Self Employment Loan Schemes (Women & Transgenders)
Educational Loan Schemes
Entrepreneurship Development Programmes (EDP)
REACH Finishing School for Women
Advanced Skill Enhancement Programme in Nursing (ASEPN)
Vanamithra Skill Development Centre for Tribal Women
Health & Hygiene
SHE PAD programme-Supply of sanitary napkins, napkin destroyers & almirahs in Govt./Aided Schools
Menstrual Hygiene Awareness Programme
Women Safety
181- 24X7 Women Helpline
Bodhyam – Gender Sensitization Training for Police
Infrastructure for Women
Vanitha Mithra Kendra- Working Women's Hostel
Safe Stay – Short stay facility for women
Corporate Office
THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD
1st Floor, Transport Bhavan, KSRTC Building, Eastfort Attakulangara P.O, Trivandrum 695023
Ph:0471 2454585, 9496015015
Email: md@kswdc.org, head@kswdc.org
Connect with us

# വിശ്വസിനിമാ ക്വിസ് മത്സരം

## ഒക്ടോബർ സ്പോൺസർമാർ

ഫിൽക്ക ഫിലിം ഫെസ്റ്റിവലിനോട് അനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് വേണ്ടി ഓരോ മാസവും നടത്തി വരുന്ന ക്വിസ് മത്സരം ഒക്ടോബറിലും ജോയിന്റ് കൗൺസിൽ ഹാളിൽ വെച്ച് രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു... പ്രായം 18 -25.
ഈ മാസം വിദ്യാർത്ഥികളുടെ താൽപര്യ പ്രകാരം ക്യാഷ് പ്രൈസ് കൂടി ഏർപ്പെടുത്തുന്നു.
ഒരു പോക്കറ്റ് മണി.
രണ്ട് പേരാണ് ഒരു ടീം.

ഈ വിശ്വ ചലച്ചിത്ര വിദ്യാഭ്യാസ പരിപാടിയിലെ വിജയികൾക്കും പങ്കെടുത്തവർക്കും ഉദ്ഘാടകൻ പന്ന്യൻ രവീന്ദ്രൻ സമ്മാനദാനം നിർവഹിക്കും .

1 st Prize Rs. 1000/- sponosred by : Karthikeyan.S, Janaushadhi Medical Store , Edapazhanji.

2 nd Prize Rs. 750/- sponosred by : Beam Film Society

3 rd Prize Rs. 500/- sponosred by : Filca committee members.

Gift to Quiz Master Rs.1000/- sponosred by : Adv. Philip Joseph, Dt. President, Human Rights Protection Mission Trivandrum.

Participants prize

1. Rs. 250/- sponosred by Sathyajith Ray Film Society
2. Rs. 250/- sponosred by Beam Film Society
3. Rs. 250/- sponosred by Priyadarshini Film Society.
4. Rs. 250/- sponosred by John Thomas, FILCA
5. Rs.250/- sponosred by Capt. P.G. Sudhakaran FILCA
6. Rs. 250/- sponosred by A.S. Shiras , GM, DIC.
7. Rs.250/- sponosred by Sheeba.S. James. FILCA

**അഭിപ്രായങ്ങൾ പരിഗണിച്ച് 25 വയസ്സിന് മുകളിലുള്ള വ്യക്തികൾക്കും പ്രത്യേകമായി ക്വിസ് മത്സരം ഉണ്ടായിരിക്കുന്നതാണ്.**

October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

KSFDC





# മിഥുൻ ചക്രവർത്തി : വിപ്ലവ ജ്വാലയിൽ നിന്നൊരു നക്ഷത്രനർത്തകൻ

2024 ഒക്ടോബർ 8 ന് എഴുപതാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ മിഥുൻ ചക്രവർത്തിക്ക് ദാദാ സാഹിബ് ഫാൽക്കെ അവാർഡ് സമ്മാനിക്കും . കേന്ദ്ര റെയിൽവേ, ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ്, ഇലക്ട്രോണിക്സ്, ഐടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു : തന്റെ ശ്രദ്ധേയമായ സിനിമാ യാത്രയ്ക്കും ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സംഭാവന കൾക്കുമാണ് മുതിർന്ന നടനെ അഭിമാന കരമായ അവാർഡ് നൽകി ആദരിക്കു ന്നത് . മിഥുൻ ദായുടെ ശ്രദ്ധേയമായ സിനിമായാത്ര തലമുറകളെ പ്രചോദിപ്പി ക്കുന്നത് തുടരുന്നു! . കൊൽക്കത്തയിലെ സ്കോട്ടിഷ് ചർച്ച് കോളേജിൽ നിന്ന്, തെരുവുകളിൽ നിന്ന്, രാഷ്ട്രീയ ചൂളയിൽ നിന്ന്, ബോംബെയിലെ നർത്തന സംഘത്തിൽ നിന്ന്, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ കളരിയിൽ നിന്ന് , ഇന്ത്യൻ സിനിമാ രംഗത്തെ ഉയരങ്ങളിലേക്ക് ഉദിച്ചുയർന്ന താരം – പദ്മഭൂഷൺ മിഥുൻ ചക്രവർത്തി യുടെ അഭിനയ ജീവിതം മൃണാൾ സെന്നിന്റെ മൃഗയ എന്ന ചിത്രത്തിലൂടെയായിരുന്നു. ആദ്യ സിനിമയിലൂടെ തന്നെ ദേശീയ അവാർഡ് നേടുകയും ചെയ്തു. 1977 ലെ മോസ്കോ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഈ സിനിമ പ്രദർശിപ്പിച്ചിരുന്നു



THERE ARE
FILMS
IN
FROM
Golden Sparrow International Film Festival
ONE LEAF INTERNATIONAL FILM FESTIVAL
NFA
IFFK
KERALA STATE FILM AWARDS
Virgin Spring Cinefest
URUVATTI INTERNATIONAL FILM FESTIVAL
CYBER FILM FESTIVAL
MTIFF
DURGAPUR INTERNATIONAL FILM FESTIVAL
Madrid International Film Festival
Sacramento International Film Festival
Durban International Film Festival
Kalakari
& Curated by the Creators of Cultural contents and more...
Owned by
Department of Cultural Affairs
Government of Kerala
CSPACE
Developed and managed by
Kerala State
Film Development Corporation
WORLD'S FIRST GOVERNMENT OPERATED OTT PLATFORM
GET IT ON Google Play
Download on the App Store

WITH BEST COMPLIMENTS FROM

HUMAN RIGHTS PROTECTION MISSION

STATE COMMITTEE


# FILCA

FILM LOVERS CULTURAL ASSOCIATION

# OCTOBER 2024 FILM FESTIVAL

## Migration and Human History കുടിയേറ്റവും മനുഷ്യ ചരിത്രവും

## 4 സിനിമകൾ ചർച്ചകൾ

27 Sunday October 2024



3:15 PM
Inauguration and Prize distribution to Quiz Winners by
**Panniyan Raveendran** Ex.M.P.


Filca Film Society *in association with*
Joint Council -Nanma Film Society, KSFDC,
Chalachithra Academy, Beam Film Society, Priyadarshini Film Society,
Arpanaa Foundation Film Society, Human Rights Protection Mission,
Thalasthana Pourasamithi and other cultural organizations

മനുഷ്യ ചരിത്രം എന്നത്
കുടിയേറ്റങ്ങളുടെ,
പലായനങ്ങളുടെ
കഥ കൂടിയാണ്.
അനുയോജ്യമായ പുതിയ
വാസ - തൊഴിലിടങ്ങൾ തേടിയുള്ള
യാത്ര ഇന്നും തുടരുന്നു...
പല കാരണങ്ങൾകൊണ്ടും
പലതരം അഭയാർഥികൾ ....
സുമേരിയൻ, ഹാരപ്പൻ
ഈജിപ്ഷ്യൻ , ഗ്രീക്ക്
ബൈസാന്റിയൻ , എത്യോപ്യൻ
തുടങ്ങി വിവിധ സംസ്കാരങ്ങൾ
ഇല്ലാതായതും നാം
ചരിത്രത്തിൽ കാണുന്നു
പ്രധാനമായും
മൂന്ന് കാര്യങ്ങൾ മനുഷ്യ
പലായനങ്ങൾക്ക്
കാരണമായിട്ടുണ്ട്
പ്രതികൂല പ്രകൃതിവിപത്തുകൾ
യുദ്ധം , മഹാമാരി......
ഒക്ടോബർ
ഫിലിം ഫെസ്റ്റിവൽ
പ്രമേയം
കുടിയേറ്റവും മനുഷ്യ ചരിത്രവും

4 സിനിമകൾ. ചർച്ചകൾ


**9:35 AM - 11:35 AM**
**20 Min. Discussion**

ME CAPTAIN
Italy - Belgium - France /2023
Dir: Matteo Garrone





**11:55 AM - 1: 56 PM**
**20 Min. Discussion**

BLINDNESS
Brazil - Canada - Japan / 2008
Dir : Fernando Meirelles





**3:05 PM - 5:06 PM**
**20 Min. Discussion**

THE GRAPES OF WRATH
USA/ 1940
Dir: John Ford




**6 :00 PM - 8:23 PM**
**20 Min. Discussion**


SUBARNAREKHA
India/1965
Dir : Ritwik Ghatak




Venue
**Joint Council A/C Hall**
Near Press Club Trivandrum

Free Entry
All are Welcomed.
( Admission topeople who are above 18 years old)

# മലയാളിയുടെ പലായനത്തിന്റെ, കുടിയേറ്റത്തിന്റെ കാഴ്ചകൾ



ഡോ. ബി. രാധാകൃഷ്ണൻ
(പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി)

ഒക്ടോബർ ഫിലിം ഫെസ്റ്റിവൽ കുടിയേറ്റം , പലായനം എന്ന വിഷയത്തെ അധികരിച്ച് തെരഞ്ഞെടുത്ത സിനിമകൾ ആയതിനാൽ മലയാളിയുടെ പലായന ചരിത്രത്തിലെ കാഴ്ചകൾ കൗതുകകരമായി തോന്നി.

മുസിരിസ് പോലുള്ള പ്രാചീന തുറമുഖ ങ്ങളിൽ നിന്നും വാണിജ്യ ആവശ്യങ്ങൾക്കായി മലയാളികൾ സമുദ്രമാർഗം സഞ്ചരിച്ചിട്ടുണ്ട് . കാലം വെച്ച് നോക്കുമ്പോൾ മലയാളികൾ എന്ന് പറയാനാവില്ല . അന്ന് മലയാളം ഇല്ല. കേരളീയർ എന്ന പദവും പ്രശ്നം തന്നെ. അന്ന് കേരളവും ഇല്ല. കേരളത്തിന്റെ തീരമേഖ ലയുടെ ഭൂമിശാസ്ത്രവും വ്യത്യസ്തമാണ്. കടൽ കയറി കിടക്കുകയായിരുന്നു. ചേരൻമാർ എന്ന് പറയാം . പക്ഷേ കേരളം എന്ന പദം ഇതിഹാസ കാലം മുതൽക്കുതന്നെ ഉണ്ട്. ഉദാ ഹരണം കേരളപുത്രർ. അപൂർവ്വം കുറച്ചുപേർ അന്യദേശങ്ങളിലേക്ക് യാത്ര ചെയ്തതിനെ കുടിയേറ്റം , പലായനം എന്നീ പദങ്ങളുടെ അർത്ഥ വ്യപ്തിയിൽ ഉൾപ്പെടുത്താനുമാകില്ല . ഒരു കൂട്ടം മനുഷ്യർ പുതു ജീവിതം തേടി മറ്റൊരിടത്തേക്ക് യാത്ര ചെയ്യുന്ന പ്രക്രിയ മനുഷ്യ വംശങ്ങളുടെ കഥ കൂടിയാണ്.

1341 - ലെ പെരിയാർ വെള്ള പ്പൊക്കവും മുസിരിസി ന്റെ അന്ത്യവും കൊച്ചിയുടെ ആവിർഭാവവും പലായന ത്തിന്റെ ചരിത്രമാണ്. 1700 - കളിൽ ടിപ്പുവിന്റെ പടയോട്ട കാലത്ത് മലയാളികളുടെ പ ലായനം സമീപ വന മേഖല കളിലേക്ക് നടന്നിട്ടുണ്ട് . 1817-ൽ കോട്ടയത്ത് സി. എം. എസ് പാതിരിമാർ വഴി



ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർ അന്യ നാടുകളിലേക്ക് ജീവിതം കെട്ടിപ്പടുക്കാനുള്ള യാത്ര തുടങ്ങിയിരുന്നു . അത് എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും മലയാളികളുടെ പലായന ചരിത്രത്തിലെ നിർണായക ഘട്ടമാണ്.

19-നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കോട്ടയത്ത് നിന്ന് ഇംഗ്ലീഷ് പഠിച്ചവർ വേമ്പനാട് കായലിലൂടെ കൊച്ചി എന്ന വാണിജ്യനഗരം ലക്ഷ്യമാക്കി സഞ്ചരിച്ചു . അതിന് കാരണം അടുത്ത രാജ്യമായ കൊച്ചിയിൽ യൂറോപ്യൻ മാർ തുടങ്ങിയ കച്ചവട സ്ഥാപനങ്ങളാണ്. വിദ്യാഭ്യാ സം ജീവിതത്തിന് കുടപിടിച്ച് , തണലൊരുക്കു ന്നത് മലയാളി അന്ന് കണ്ടു.

തിരുവതാംകൂറുകാരൻ കൊച്ചീ രാജ്യത്ത് ജോലി ക്ക് പോയപ്പോൾ മലയാളിയുടെ പ്രവാസ ജീവിതം തുടങ്ങിയെന്ന്പറയാം. അതിന് കാരണമായത് ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യമായിരുന്നു.കൊച്ചിയിലെ യൂറോ പ്യൻ കമ്പനികളിൽ ജോലി ലഭിച്ച കോട്ടയം കാർ എഴുത്തുകാർ എന്നർത്ഥമുള്ള റൈറ്റർഎന്ന പേരിലാണ് അറിയപ്പെട്ടത്. പിന്നീട് ഇവരിൽ പലരും സ്വന്തമായി വ്യാപാര വ്യവസായങ്ങളിൽ ഏർപ്പെടുകയും സമ്പന്നൻമാരാകുക യും ചെയ്തു. ഇരുപ താം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലയാ ളി സിലോണിലേക്കും മലയായിലേക്കും (മലേഷ്യ ), സിങ്കപ്പൂ രിലേക്കും, ബർമയി ലേക്കും ജോലി തേടി യാത്ര തുടർന്നു.

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
14
KSFDC



അക്കാല ത്ത് കോട്ടയത്ത് നിന്ന് സിലോൺ വരെ ട്രെയിൻ സർവീസ് ഉണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്ന് ജാഫ്ന യിലേക്കുള്ള ഫെറി കടക്കണമെന്നുമാത്രം . 1940 - കളിൽ തിരുവിതാം കൂറിൽ നിന്ന് മലബാറിന്റെ വനമേഖലകളിലെ മണ്ണും പച്ചപ്പും കാർഷിക വിളകളും ഭാവിയും സ്വപ്നം കണ്ട് കുടിയേറ്റവും ആരംഭിച്ചു. പൊറ്റെക്കാടിന്റെ നോവൽ - വിഷകന്യക വായിച്ചിട്ടുള്ളവർക്കറിയം കുടിയേറ്റക്കാരുടെ യാതനകൾ.

ബോംബെ, മദ്രാസ് , കൽക്കത്ത, ധാക്ക എന്നിങ്ങനെ ബ്രിട്ടീഷ് ഇന്ത്യൻ പട്ടണങ്ങളിലേക്കും മലയാളികൾ പലായനം ചെയ്തു. ഈയിടെ ചരിത്ര സംബന്ധിയായ ഒരു വാട്സാപ്പ് പേജിൽ ഇങ്ങനെ കണ്ടു : 1950 -കൾ മുതൽ ലോഞ്ചിൽ കയറി പേർഷ്യക്ക് അറബിപ്പൊന്നു തേടി മലയാളി പോയി തുടങ്ങി. എണ്ണപണം തേടിയുള്ള മലയാളിയുടെ യാത്ര പിന്നീട് ബോംബെ വിമാനത്താവളം വഴിയായപ്പോൾ ജയന്തി ജനതക്ക് തുരുമ്പിന്റെ നിറമായി രുന്നു.മണവും അത് തന്നെയായിരുന്നു. എൺപതുകളിൽ പേർഷ്യ എന്ന പേര് ദുബായ് എന്ന് മാറ്റിവിളിച്ചു. 1960-കളിൽ മധ്യതിരുവതാം കൂറിലെ ക്രിസ്ത്യൻ പള്ളികളിൽ വായിച്ച മെത്രാൻ കല്പനകളിലൊന്ന് പെൺകുട്ടികളെ നഴ്സിംഗ് പഠിപ്പിക്കുന്നതിനെ പ്രോത്സാഹി പ്പിക്കുന്നതായി രുന്നു. പുതിയ തൊഴിൽ സാദ്ധ്യതകളുടെ വരവറിയിച്ചത് മെത്രാ ൻമാരായിരുന്നു. അങ്ങനെ നഴ്സിംഗ് പഠിച്ച ആതുരശുശ്രൂഷയുടെ വെള്ളരിപ്രാവു കൾ ഇന്ത്യയുടെ പല നഗരങ്ങളിൽ ജോലിസാധ്യത കണ്ടെത്തി. എഴുപതുകളുടെ രണ്ടാം പകുതി യിൽ അവർ പല ലോകത്തിലേക്ക് പറന്നിറങ്ങി.

1980 - കളുടെ രണ്ടാം പകുതിയിൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഉന്നത പടവുകൾ നടന്നു കയറിയ മലയാളി ലോകത്തിന്റെ എല്ലാ കോണിലേക്കും യാത്ര തുടർന്നു. ഇന്നും തുടരു ന്നു...ഇന്ത്യയിൽ, പഞ്ചാബികൾ കഴിഞ്ഞാൽ ലോകം മുഴുവൻ ജീവസന്ധാരണത്തിനായി യാത്ര ചെയ്തത് മധ്യതിരുവിതാംകൂറുകാരാണന്ന് എം. പി. നാരായണപിള്ള എഴുതി. ചരിത്രത്തിന്റെ കണ്ണാടിയിലൂടെ നോക്കിയപ്പോൾ കണ്ട സാഹസികതയുടെ വീറും, വിയർപ്പിന്റെയും ഗന്ധവുമുള്ള പലായനത്തിന്റെ , കുടിയേറ്റത്തിന്റെ കാഴ്ചകളാണ് അങ്ങനെ എഴുതാൻ അദ്ദേഹത്തിനെ പ്രേരിപ്പിച്ചത്.

ഭാവിയിൽ മലയാളി മലയാളവും വിട്ടുപോകുമോ? അതോ ലോകമലയാളിയായി തീരുമോ ?



October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society




# നല്ല സിനിമ: ചരിത്രത്തിന്റെ അടയാളങ്ങളുള്ള സാംസ്കാരിക നിർമ്മിതികളാണ് : പ്രേംകുമാർ



പ്രേംകുമാർ
( നടൻ,ചലച്ചിത്ര അക്കാദമി ചെയർമാൻ )

(ഫിൽക ഫിലിം ഫെസ്റ്റിവൽ- സെപ്റ്റംബർ . പ്രത്യയ ശാസ്ത്രത്തിന്റെ ചരിത്രപാഠ ചലച്ചിത്ര അദ്ധ്യായങ്ങൾ. റോസ ലക്സംബർഗ് ജർമ്മനി , മെമ്മറീസ് ഓഫ് അർ ഡവലപ്മെന്റ് ക്യൂബ , ആഷസ് ആൻഡ് ഡയമ്സ് പോള് , ഇലക്ട്രാ മൈ ലവ് ഹംഗറി, മുഖാമുഖം കേരള ഇന്ത്യ എന്നീ 5 സിനിമകളാണ് പ്രദർശിപ്പിച്ചത്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചെയർമാനായ പ്രേംകുമാർ ചെയ്ത ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്. )

ഇന്നിവിടെ പ്രദർശിപ്പിക്കുന്ന അഞ്ച് സിനിമകളും....... എന്നതിൽ തുടങ്ങിയാൽ മതി.ലോകസിനിമയെ കുറിച്ചുള്ള ആദ്യ അറിവിന്റെ വെളിച്ചം എനിക്ക് പകർന്നു നൽകിയത് വിജയകൃഷ്ണൻ സാറിനെ പോലെയുള്ള മഹത് വ്യക്തിത്വങ്ങളാണ്. അദ്ദേഹത്തിന്റെ ചലച്ചിത്ര സമീക്ഷ പോലെയുള്ള ചലച്ചിത്രത്തെ പറ്റിയുള്ള ആധികാരിക ഗ്രന്ഥങ്ങൾ വായിച്ചു കിട്ടിയ അറിവിന്റെ വെളിച്ചത്തിൽ നിന്നാണ് ലോക ക്ലാസിക്കുകളെ കുറിച്ചൊക്കെയുള്ള ഒരു പൊതു ധാരണ എന്നിൽ ഉണ്ടായത്.





ഞാൻ സ്കൂൾ ഓഫ് ഡ്രാമയിൽ ബി ടി എ ബിരുദത്തിനു പഠിക്കുമ്പോൾ, അന്നവിടെ ലൈബ്രറിയിൽ ഉണ്ടായിരുന്ന വിജയകൃഷ്ണൻ സാറിന്റെ അടക്കമുള്ള സിനിമ സംബന്ധിയായ പല പുസ്തകങ്ങൾ വായിക്കുകയും സിനിമയോട് ഒരു പ്രത്യേക ആഭിമുഖ്യം ഉണ്ടാവുകയും ചെയ്തത് ഞാൻ ഓർക്കുന്നു.

ഇന്നിവിടെ പ്രദർശിപ്പിക്കുന്ന അഞ്ച് സിനിമ കളും ഇരുപതാം നൂറ്റാണ്ടിലെ പല നിർണായക രാഷ്ട്രീയ ഘട്ടങ്ങളായി വന്നിട്ടുള്ള ഏറ്റവും ലോകപ്രശസ്തമായ സിനിമകളായിട്ടാണ് ഞാൻ കാണുന്നത്. അവയുടെ സൗന്ദര്യശാസ്ത്രപരമായിട്ടുള്ളതും പ്രത്യയശാസ്ത്രപരമായിട്ടുള്ളതുമായ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടും എന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.പത്രങ്ങൾ പോലെയുള്ള അച്ചടി മാധ്യമങ്ങളിൽ നിന്ന് തുടങ്ങി റേഡിയോ, സിനിമ, ടെലിവിഷൻ, സോഷ്യൽ മീഡിയ വരെ എത്തി നിൽക്കുന്ന മാധ്യമങ്ങളുടെ വികാസ പരിണാമ ഘട്ടങ്ങളുടെ ചരിത്ര വഴികളിൽ ആവിർഭവിച്ച റോസാ ലക്സംബർഗ്ഗ്പോലെ യുള്ള ശ്രദ്ധേയമായ സിനിമക ളാണ് ഇവിടെ പ്രദർശിപ്പിക്കാനായി തിരഞ്ഞെടുത്തിട്ടുള്ളത്.

കല എന്നു പറയുന്നത് മനുഷ്യന്റെ സങ്കീർണമായ വികാരങ്ങളുടെയും മാനസിക വ്യാപാരങ്ങളുടെയും തലങ്ങളുടെയും പ്രതിഫലനമാണ്. ഭാവനയും ബുദ്ധിയും യുക്തിയും തുടങ്ങി മനുഷ്യന്റെ സർവ്വതിന്റെയും പ്രതിഫലനവുമാണ് കല. മനുഷ്യന്റെ സ്വത്വ ത്തിന്റെ പ്രതിഫലനമായാണ് അത് രൂപപ്പെടു ന്നത്. അതുകൊണ്ടു തന്നെ സിനിമയുടെ സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ചും പ്രത്യയശാസ്ത്രത്തെ കുറിച്ചും ചർച്ച ചെയ്യുമ്പോൾ അവയൊക്കെ അടിസ്ഥാനമാക്കുന്നത് മനു ഷ്യനെ തന്നെയാണ്. മനുഷ്യന്റെ സമഗ്രതയിൽ ഊന്നി കൊണ്ടുള്ള ചർച്ചകൾ മാത്രമേ ഇവിടെ പ്രസക്തമാവുകയുള്ളൂ. മുഖാമുഖം എന്ന സിനിമയെ കുറിച്ച്

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC


പറയുമ്പോൾ അതിലെ നായക കഥാപാത്രമായ ശ്രീധരനെ പല തലങ്ങളിൽ, പലതരത്തിൽ വ്യാഖ്യാനിക്കാനാവു ന്നതാണ്. ആ മനുഷ്യന്റെ മനസ്സിലുള്ള പല തരത്തിലുള്ള സംഘർഷ ങ്ങളെയും നമുക്ക് അതിൽ കാണാൻ പറ്റും. ആ മനുഷ്യന്റെ ജീവിതത്തിലെ ഒരു ഘട്ടത്തിൽ ഉണ്ടാവുന്ന നിശബ്ദതയ്ക്ക് പോലും പല മാനങ്ങളും തല ങ്ങളും നമ്മൾക്ക് വ്യാഖ്യാ നിച്ചെടുക്കാൻ സാധിക്കും.




എന്നാൽ നമ്മുടെ കേരള ത്തിൽ അത് വ്യാഖ്യാ നിച്ച രീതിയിലല്ല റഷ്യ യിൽ നടന്ന ഫെസ്റ്റിവലിൽ ആ സിനിമ കവർ വ്യാഖ്യാ നിച്ചെടുത്തത്. ഏറ്റവും മികച്ച കമ്മ്യൂണിസ്റ്റ് സിനിമ യായി അവരതിനെ വിലയിരുത്തി യപ്പോൾ ഇവിടെ അതിനെ കമ്മ്യൂ ണിസ്റ്റ് വിരുദ്ധ സിനിമയായി അതിനെ ചിത്രീകരിക്കുകയുണ്ടായി.

നമ്മുടെയൊക്കെ സെൻസിബിലിറ്റിയുടെ പ്രതിഫലനമായിട്ടാണ് അതിനെ കാണേണ്ടത്. അതേ സമയം അവർ മറ്റൊരു തലത്തിൽ നിന്ന് ചിന്തിക്കുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ കുറിച്ചുള്ള ഏറ്റവും മികച്ച പഠനമായി അതിനെ വിലയിരുത്തുകയും ചെയ്തു . റഷ്യയിൽ ചലച്ചിത്രങ്ങൾ വളരെയധികം ആഴത്തിലും പരപ്പിലും വിലയിരുത്തപ്പെടുന്നു് എന്ന് നാം കാണണം.

ഒരു ഓട്ട് കമ്പനിയിൽ ഒരു സമരം നടക്കു മ്പോൾ അതിന്റെ നേതൃസ്ഥാനത്തേക്ക് ആദർശശാലിയായ ശ്രീധരൻ എന്നയാൾ വരുന്നു. തുടർന്നുണ്ടാകുന്ന സംഭവ വികാസ ങ്ങളിൽ കമ്പനിയുടെ ഉടമയായ മുതലാളി കൊല്ലപ്പെടുന്നു. ആ സമരത്തിൽ പങ്കെ ടുത്തവർ ഒളിവിൽ പോകുന്ന കൂട്ടത്തിൽ ശ്രീധരനും ഒളിവിൽ പോകുന്നു. തുടർന്ന് ശ്രീധരൻ മരിച്ചോ അതോ ജീവനോ ടെയു ണ്ടോ എന്ന് പോലും അറിയാത്ത ഒരു സന്നിഗ്ദ്ധഘട്ടത്തിൽ സിനിമ എത്തുന്നു. പ്രസ്ഥാനത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന പ്രവർത്തകരെ നിരാശയപ്പെടുത്തിക്കൊണ്ട് പ്രസ്ഥാനം രണ്ടു ചേരികളായി പിരിയുന്നു. അതിൽ ഏതു ചേരിയിൽ നിൽക്കണമെന്ന് സംശയം ജനിപ്പിക്കുന്ന സംഘർഷാവസ്ഥ , അതിൽ വിശ്വസിച്ച ഓരോ മനു ഷ്യരിലും സമൂഹത്തിലും ഉടലെടുക്കുന്ന അവസ്ഥ ഉണ്ടാകുന്നു. ആ അവസ്ഥ യിൽ ശ്രീധരൻ ഉണ്ടായിരുന്നു വെങ്കിൽ വിചാരിക്കുന്നവർ ശ്രീധരന് വേണ്ടി ഒരു സ്മാരകം ഉണ്ടാക്കുന്നു.

വർഷങ്ങൾക്കു ശേഷം മരിച്ചുവെന്ന് കരുതി യിരുന്ന ശ്രീധരൻ തിരികെ വരുന്നു. എന്നാൽ അയാൾ തന്റെ കഴിഞ്ഞ കാലത്തെ ക്കുറിച്ച് പരിപൂർണ്ണ നിശബ്ദനാണ്. ആ നീണ്ട മൗനത്തിന്റെ ഒട്ടേറെ അർത്ഥതലങ്ങൾ നമുക്ക് വായിച്ചെടുക്കുവാൻ പറ്റുന്ന തരത്തിലുള്ള ഒരു ചലച്ചിത്ര ഭാഷ അടൂർ സാർ ഒരുക്കി എന്നുള്ള താണ് ആ ചലച്ചിത്രം ലോകമൊട്ടാകെ അത്ര മേൽ ചർച്ച ചെയ്യപ്പെടുവാൻ ഇടയാക്കിയത്.

ഇവിടെ ആ സിനിമ കാര്യമായി സ്വീകരിക്ക പ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്യാ തിരുന്നുവെങ്കിലും ലോക സിനിമയുടെ തല ങ്ങളിൽ അത് ഒരു ക്ലാസിക് ആയി തന്നെയാണ് കരുതപ്പെടുന്നത്. സിനിമയുടെ പ്രത്യയ ശാസ്ത്രത്തെ കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും സംസാരിക്കുമ്പോൾ നമ്മൾക്ക് അത് ഒരു വലിയ റഫറൻസ് ആയി തന്നെ എടുക്കാവുന്നതാണ്. മലയാള സിനിമയിൽ തന്നെ ഇത്തരത്തിൽ ഒരു ചിത്രം സൃഷ്ടിക്കപ്പെട്ടു എന്നുള്ള കാര്യം നമുക്ക് വളരെയേറെ അഭിമാനം

നൽകുന്ന വസ്തുതയാണ്. വർഷങ്ങൾക്കു ശേഷം ഇതുപോലെ ഒരു ഫെസ്റ്റിവൽ ഇത് വീണ്ടും പ്രദർശിപ്പിക്കപ്പെടുമ്പോൾ, ലോക ക്ലാസിക് സിനിമകളുടെ ഒരു ഫെസ്റ്റിവൽ എന്ന നിലയിൽ ഈ ഫെസ്റ്റിവലിനെ തന്നെ അത് അർത്ഥവത്താക്കുന്നു.

ഒരു കാലത്ത് രാജവാഴ്ചയും ഫ്യൂഡൽ വ്യവസ്ഥിതി യും ഉള്ളപ്പോൾ, കൊളോണി യൽ സാമ്രാജ്യത്വ വ്യവസ്ഥി തികൾ വരികയും, പിന്നീട് ജനാധിപത്യ വ്യവസ്ഥ യിലേക്കും മാറുകയും ചെയ്തപ്പോൾ മനുഷ്യനും അവന്റെ ജീവിതവും ഒരു പാട് മാറ്റങ്ങൾക്ക് വിധേയ മായി. ആ മാറ്റങ്ങളൊക്കെ രേഖപ്പെടുത്തിയ സിനിമകളാ ണ് ലോകസിനിമകളായി മാറി. സിനിമ എന്നത് ഒരു വിനോദോപാധിയായി മാത്രം കാണുന്ന ഒരു സമൂഹത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. ചലച്ചിത്ര അക്കാദമിയുടെ ചുമത ലയിലേക്ക് ഞാൻ വന്നതിനു ശേഷം കച്ചവട സിനിമയുടെ ഭാഗമായി നിൽക്കുന്ന ഒരാൾ അക്കാദമിയുടെ തലപ്പത്തേക്ക് വന്നത് ഉചിതമായോ എന്ന തരത്തിലുള്ള ചർച്ചകൾ നടക്കുന്നുണ്ട്.




ഞാൻ സിനിമയിലേക്ക് വന്നത് മലയാളത്തിലെ ഏറ്റവും പ്രശസ്തമായ രാഷ്ട്രീയ/ആർട്ട് സിനി മകൾ ഒരുക്കിയ പി.എ.ബക്കർ സംവിധാനം ചെയ്ത സഖാവ് എന്ന സിനി മയിലൂടെയാ ണ്. മലയാളത്തിൽ അധികം രാഷ്ട്രീയ സിനി മകൾ ഉണ്ടായിട്ടില്ല. എങ്കിലും പി. എ. ബക്കർ തന്നെ സംവിധാനം ചെയ്ത കബനീ നദി ചുവന്നപ്പോൾ തുടങ്ങിയ ചില നല്ല സിനിമ കളും ഉണ്ടായിട്ടുണ്ട്. കബനീനദി ചുവന്നപ്പോൾ എന്ന സിനിമയ്ക്ക് ശേഷം അദ്ദേഹം സംവിധാനം ചെയ്ത രാഷട്രീയ സിനിമയായി രുന്നു സഖാവ് എന്ന ചിത്രം.കേരളത്തിലെ ഏറ്റവും പ്രശസ്തനായ കമ്മ്യൂണിസ്റ്റുകാരനാ യ പി. കൃഷ്ണപിള്ളയുടെ ജീവചരിത്രത്തെ അടിസ്ഥാനമാക്കിയ, സഖാവ് വിപ്ലവത്തിന്റെ ശുഭ്രനക്ഷത്രം എന്ന സിനിമയായിരുന്നു അത്.

സഖാവ് പി. കൃഷ്ണപിള്ളയെ ജോസഫ് മുണ്ടശ്ശേരി സാർ വിശേ ഷിപ്പിച്ചതാണ് വിപ്ലവത്തിന്റെ ശുഭ്ര നക്ഷത്രം എന്നത്. അങ്ങനെയുള്ള സഖാവിന്റെ റോൾ ആ സിനിമയിൽ ചെയ്തു കൊണ്ടായിരുന്നു എന്റെ തുടക്കം.

നിർഭാഗ്യം എന്നു പറയട്ടെ ഷൂട്ടിംഗ് പൂർത്തിയായിട്ട് പോലും നിർമ്മാതാക്കൾ നേരിട്ട ചില സാമ്പത്തിക പ്രതിസന്ധികൾ കൊണ്ട് ആ ചിത്രം പുറത്തിറങ്ങിയില്ല. പിന്നീട് ആർട്ട് സിനിമ കളുടെ വക്താക്കൾ എന്ന് പറയപ്പെടുന്നവർ ആദ്യ സിനിമ പുറത്തിറങ്ങാത്ത ആൾ എന്ന നിലയിൽ രാശിയില്ലാത്ത നടൻ എന്നു പറഞ്ഞ് എന്നെ ഉപേക്ഷിക്കുകയാണ് ചെയ്തത്.


എക്കാലത്തും നന്മയുള്ള നല്ല കലാമൂല്യമുള്ള സിനിമകളുടെ ഭാഗമാകാൻ ആഗ്രഹിച്ചിരുന്ന ഒരാളാണ് ഞാൻ. എന്റെ പഠനകാലത്ത് ഞാൻ അഭിനയിച്ചിരുന്ന നാടക ങ്ങളും അത്തരത്തിലുള്ളവയായിരുന്നു. ലോക ക്ലാസിക്കുകളായിരുന്ന ഒഥല്ലോ, മാക്ബത്ത്, ഈഡിപ്പസ്സ് തുടങ്ങിയ നാടകങ്ങൾ ചെയ്തുള്ള അറിവും കലാ ദർശനവും കലാബോധ വും ഉള്ള ഒരു കലാകാരൻ ആയിട്ടായി രുന്നു എന്റെ തുടക്കം.കൊമേഴ്സ്യൽ സിനി മയുടെ ഭാഗമായതോടു കൂടി ആർട് സിനിമ യുടെ വക്താക്കളായി ട്ടുള്ളവർ എന്നെ പരിഗണി ക്കാൻ തയ്യാറായില്ല.ഒരു നടനെന്ന നിലയി ലുള്ള എന്റെ കലാപരമായിട്ടുള്ള പരിധികൾ

അറിഞ്ഞുകൊണ്ടുതന്നെ പറയട്ടെ, സിനിമകളിൽ ആഴത്തിലുള്ള കഥാപാത്രങ്ങൾ ചെയ്യാൻ എനിക്ക് പറ്റുമായിരുന്നു. അത് സംഭവിച്ചില്ല എന്ന കാര്യത്തിൽ എനിക്ക് വളരെ ഏറെ നിരാശയുണ്ട്.

സഖാവ് എന്ന ചിത്രത്തിന്റെ റഷസ്സ് കണ്ടതിനു ശേഷം ടി.വി. ചന്ദ്രൻ സാറും ഞാൻ അരവിന്ദേട്ടൻ എന്ന് വിളിക്കുന്ന ജി. അരവിന്ദനും കെ. ജി. ജോർജ്ജ് സാറും ഒക്കെ അതിലെ അഭിനയത്തെപ്പറ്റി വളരെയേറെ നല്ല അഭിപ്രായങ്ങൾ പറയുകയും മറ്റുള്ളവരോട് പറയുകയും ഒക്കെ ചെയ്തത് ഓർക്കുന്നു. പിൽക്കാലത്ത് ലംബോ എന്ന ടെലി സീരിയലിലെ ലംബോ എന്ന കഥാപാത്രത്തിന് മികച്ച നടനുള്ള സംസ്ഥാന അവാർഡ് തന്നപ്പോൾ, അവാർഡ് കമ്മിറ്റിയിലെ ജൂറി ചെയർമാൻ കെ.ജി. ജോർജ് സാറായിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞത് , സഖാവ് എന്ന സിനി മയുടെ റഷസ് കണ്ടപ്പോൾ എന്റെ അഭിനയത്തിന്റെ റേഞ്ച് മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലംബോയിലെ അഭിനയത്തിന്റെ സവിശേഷതകൾ വിലയിരുത്തു കയും ചെയ്തതു കൊ ാണ് ഏറ്റവും നല്ല നടനായി തിരഞ്ഞെടുത്തത് എന്നാണ്. അന്ന് എനിക്കു വേണ്ടി അദ്ദേഹം വാദിക്കുക പോലും ഉണ്ടായി.

ദൈവത്തിന്റെ അവകാശികൾ എന്ന എന്റെ കലാ ദർശനങ്ങളെ കുറിച്ച് എഴുതിയിട്ടുള്ള പുസ്തകം അഞ്ചാം പതിപ്പിലേക്ക് കടക്കുകയാണ്. ആ പുസ്തകം പ്രകാശനം ചെയ്തു കൊണ്ട് അടൂർ ഗോപാലകൃഷ്ണൻ സാർ പറഞ്ഞത് അതിലെ ദർശനങ്ങൾ തന്നെ അത്ഭുതപ്പെടുത്തി എന്നാണ്. ഇതൊന്നു പോലും ഒരു മേന്മയായിട്ടല്ല ഞാൻ പറയുന്നത്. ഇപ്പോഴത്തെ സോക്കോൾഡ് ആർട്ട് സിനിമാവക്താക്കൾ , ഞാൻ ആർട്ട് സിനിമകളുടെ ഭാഗമായില്ല എന്ന് പറഞ്ഞുകൊണ്ട് എന്നെ തരംതാഴ്ത്തി കാണിക്കാൻ ശ്രമിച്ചതുകൊണ്ടാണ് , ഉത്തരവാദിത്തപ്പെട്ട ഒരു സ്ഥാനത്തിരിക്കുന്ന ആൾ എന്ന നിലയിൽ ഇങ്ങനെ ഒരു വിശദീകരണം നൽകേി വന്നത്.

കച്ചവട സിനിമയുടെ ഭാഗമായത് അതിനെ ഒരു ഉപജീവനമാർഗ്ഗമായിട്ട് കണ്ടതു കൊണ്ടാണ്. നൂറ്റിയൻപതോളം സിനിമകളുടെ ഭാഗമാകുകയും അവയിൽ പലതും സാമ്പത്തിക വിജയം നേടുകയും ചെയ്തിട്ടുണ്ട്.





സിനിമ കലയാണ് ഒപ്പം വ്യവസായവുമാണ്. ഒട്ടേറെ മനുഷ്യരുടെ ഉപജീവനമാർഗ്ഗം കൂടിയാണ് കച്ചവട സിനിമ. ഇത്തരമൊരു ഇൻഡസ്ട്രി നിലനിൽക്കണം എന്നുണ്ടെങ്കിൽ ഒപ്പം ജനപ്രിയങ്ങളായ സിനിമകൾ കൂടി ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതു കൊണ്ടു തന്നെ കച്ചവട സിനിമയെ പൂർണമായി നിഷേധിച്ചുകൊണ്ട് ആർട്ട് സിനിമയ്ക്ക് മാത്രമായി ഇവിടെ നിലനിൽക്കാൻ സാധിക്കുമോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കെ.ജി. ജോർജ് സാറിനെ പോലെയും പത്മരാജൻ സാറിനെയും പോലെയുള്ളവർ കലാമൂല്യമുള്ള അതേസമയം ജനപ്രിയമായ രീതി യിൽ കലയെയും കച്ചവടത്തെയും സമന്വയിപ്പിച്ചു കൊണ്ട് മികച്ച മധ്യവർത്തി സിനിമകളെ വാർത്തെടുക്കുകയും സിനിമ നിലനിൽക്കാൻ കലയോടൊപ്പം കച്ചവടവും വേണമെന്നുള്ള വസ്തുത തെളിയിക്കുകയും ചെയ്തിട്ടുള്ളവരാണ്.

ഏറ്റവും മികച്ച കലാമൂല്യമുള്ള കലാ സിനിമകൾ ഉണ്ടാവണം. ഒപ്പം ജനപ്രിയ സിനിമ കളും ഉണ്ടാകണം . ഇത് രണ്ടും കൂടി ചേർന്ന മധ്യവർത്തി സിനിമകളും ഉണ്ടാകണം. അതിന്റെ ഒപ്പം സമാന്തര സിനിമകളും ഉണ്ടാകണം. ഇതെല്ലാം കൂടി ഉങ്കെിൽ മാത്രമാണ് ഒരു ബാലൻസിങ് ഉാവുക.കച്ചവട സിനിമകളിൽ കൂടുതൽ പ്രവർത്തിച്ചു പോയതു കൊണ്ട് അയോഗ്യനാക്കി മാറ്റുക എന്ന രീതി നല്ലതല്ല എന്നാണ് എനിക്ക് തോന്നുന്നത്. ഏറ്റവും മികച്ച സിനിമ എന്നു പറയുന്നത് ഏറ്റവും മികച്ച അനുഭവമുണ്ടാക്കുന്ന സിനിമകൾ ആണെന്ന് ഞാൻ പറയും. സിനിമകൾ അവയെ കാണുന്ന പ്രേക്ഷകരിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിവുള്ളവ യായിരിക്കണം.

നമ്മൾ ഒരു നല്ല പുസ്തകം വായിക്കു കയോ ഒരു നല്ല സിനിമ കാണുകയോ ചെയ്യുമ്പോൾ അത് വായിക്കുന്നതിന് മുൻപും കാണുന്നതിനു മുൻപുമുള്ള വ്യക്തി ആയിരിക്കില്ല നമ്മൾ. അതൊരു മികച്ച പുസ്തകം ആണെങ്കിലും ഒരു മികച്ച കലാസൃഷ്ടി കൂടി ആണെങ്കിൽ അത് നമ്മെ ഒരുപാട് പ്രവർത്തനങ്ങൾക്ക് വിധേയരാക്കും.

കല ഒരു കേവല വിനോദോപാധി എന്നതിൽ കവിഞ്ഞ് ഒരു സാമൂഹിക പരിവർത്തനോപാധി കൂടിയായെങ്കിൽ മാത്രമേ അതിന്റെ അർത്ഥം അല്ലെങ്കിൽ ദൗത്യം പൂർണമാകൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്.സിനിമയുടെ ചരിത്രം പരിശോധിച്ചാൽ അതിന്റെ ആദ്യകാലങ്ങളിൽ ചലിക്കുന്ന കുറെ ചിത്രങ്ങൾ കാണുന്ന കൗതുകം കലർന്ന വിനോദമായിരുന്നു എന്നതൊഴിച്ചാൽ കല എന്ന തലത്തിലേക്ക് അത് വളർന്നിട്ടുണ്ടായിരുന്നില്ല.

സിനിമ ഒരു കലയാണെന്ന് തിരിച്ചറിയുകയും അത് ആധികാരികമായി പ്രഖ്യാപിക്കുകയും ചെയ്ത ഏറ്റവും വലിയ രാഷ്ട്രീയ നേതാവാണ് ലെനിൻ എന്നാണ് ഞാൻ കരുതുന്നത്. സിനി മ ഈസ് ദ മോസ്റ്റ് ഇംപോർട്ടന്റ് ആർട്ട് ഫോർ അസ് എന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. സിനിമ എന്ന കലയുടെ അപാരമായ സാധ്യതകളെ തിരിച്ചറിഞ്ഞ് മനുഷ്യ മനസ്സുകളെ സ്വാധീനി ക്കാൻ ഇത്രയും പറ്റിയ ഒരു മാധ്യമം വേറെ ഇല്ല എന്ന് അതിശക്തമായി പ്രഖ്യാപിച്ച ഒരു മഹത് വ്യക്തിത്വമാണ് അദ്ദേഹം എന്ന് ഇതു കൊണ്ട് നമുക്ക് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ഭാര്യയാണ് പിൽക്കാലത്ത് സോവ്യറ്റ് യൂണിയനിൽ സിനിമയെ ഉദ്ധരിക്കുന്ന ചുമതല ഏറ്റെടുത്ത് മുന്നിൽ നി ന്ന് പ്രവർത്തിച്ചത്. അടിസ്ഥാനവർഗത്തിന്റെ, അധ്വാനിക്കുന്ന ജന വിഭാഗത്തിന്റെ, തൊഴിലാളികളുടെയൊക്കെ സംഘാടനത്തിനു വേണ്ടിയും അവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് വേിയും അതിനോടൊപ്പം കമ്മ്യൂണിസ്റ്റ് ദർശനങ്ങളെയും ചിന്തകളെയും വ്യാപകമായ പ്രചരിപ്പിക്കുന്നതിന് വേണ്ടിയും സിനിമ എന്ന മഹാകലയെ ശക്തവും യുക്തവുമായി ഉപയോഗിച്ചു എന്ന് കാണാം. ഇതോടൊപ്പം പുരോഗതിക്കു വേണ്ടിയുള്ള ആശയങ്ങളും ശാസ്ത്രബോധവും യുക്തി ബോധവുമൊക്കെ പ്രചരിപ്പിക്കാനായും എന്നാൽ വെറും പ്രൊപ്പഗാ സിനിമയുടെ തലത്തിൽ മാത്രം ഒതുങ്ങാതെ ഏറ്റവും മികച്ച കലാസൃഷ്ടികൾ ആയിട്ടുതന്നെ അവയെ പുറത്തു കൊണ്ടുവരാനുമുള്ള ഏറ്റവും നല്ല ഉപാധിയായും, മാധ്യമമായും സിനിമയെ മാറ്റാനും അത്തരം സിനിമകൾക്ക് വലിയ



രീതിയിലുള്ള പ്രചാരം നൽകാനും ലെനിന്റെ നേതൃത്വത്തിലുള്ള അന്നത്തെ സോവിയറ്റ് യൂണിയൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ഇപ്പുറത്ത് ഹിറ്റ്ലറും ഹിറ്റ്ലറിനെ പോലെയുള്ളവരും സമഗ്രാധിപത്യത്തിന്റെ ആശയങ്ങളിലൂടെ മനുഷ്യനെ അടിച്ചമർത്താൻ വേണ്ടി വംശഹത്യയും വർഗീയതയും പ്രോത്സാഹിപ്പിക്കുന്ന ചില ആശയങ്ങളും ദർശനങ്ങളും സിനിമ എന്ന മാധ്യമം വഴി തന്നെ പുറത്തുകൊണ്ടു വന്നിട്ടുണ്ട്.



ഇങ്ങനെ സിനിമയുടെ പലതരം സാധ്യതകളെ ഉപയോഗിക്കാൻ പല തരത്തിലുള്ള ശ്രമങ്ങളും ലോകത്തിന്റെ പല ഭാഗത്തു നിന്നും അന്നുണ്ടായിട്ടുണ്ട്. ചില പ്രതിലോമകരമായ പ്രവർത്തനങ്ങൾക്ക് പോലും ഈ മാധ്യമം ഉപയോഗിക്കാൻ കഴിയും എന്ന് അവർ തിരിച്ചറിഞ്ഞു എന്നുള്ളതാണ് സത്യം. അത് ഇന്നും തുടർന്നു കൊണ്ടേ രിക്കുകയും ചെയ്യുന്നു. ലോകത്തിൽ മനുഷ്യരെ അത്രയധികം സ്വാധീനിക്കാൻ കഴിയുന്ന മറ്റൊരു മാധ്യമത്തിന്റെ പേരും നമുക്ക് എടുത്തു പറയാൻ കഴിയില്ല .

ലോകത്തിൽ എവിടെയും മനുഷ്യന്റെ അടിസ്ഥാനസ്വഭാവം ഒരുപോലെയാണ്. അവന്റെ പ്രണയമായാലും രതിയായാലും നിരാശയായാലും സങ്കടങ്ങൾ ആയാലും സന്തോഷമായാലും ഭക്തിയായാലും അവന്റെ എല്ലാ ഭാവങ്ങളും,ലോകത്തിൽ എവിടെയായാലും ഏതാണ്ട് സമാനമാണ്.അതുകൊണ്ടാണ് ലോകത്തിലെ ഏതു ഭാഷയിലും ഉണ്ടാകുന്ന ഏതൊരു സിനിമയും, അതൊരു മികച്ച സിനിമയാണെങ്കിൽ, അതുണ്ടാക്കപ്പെട്ട ദേശത്തിന്റെ ഭാഷയും അതിർവരമ്പുകളുമൊക്കെ കടന്ന് പോകുന്നതും, മറ്റെവിടെയുമുള്ള ഏതൊരു മനുഷ്യരുമായും സംവദിക്കാനുള്ള ശക്തി അതിനുണ്ടാകുന്നതും മനുഷ്യന്റെ അടിസ്ഥാന ഭാവങ്ങൾ സമാനമായതുകൊണ്ടു മാത്രമാണ്.

സിനിമയ്ക്ക് ഒരു ഭാഷയുണ്ട്. സിനിമയിൽ കഥാപാത്രങ്ങൾ സംസാരിക്കുന്ന ഭാഷയെ കുറിച്ചല്ല ഞാൻ പറയുന്നത്. ഓരോ സിനിമയ്ക്കും ആ സിനിമ കാഴ്ച വെയ്ക്കുന്ന ഒരു ഭാഷയുണ്ട്. ആ ഭാഷ ഒരു യൂണിവേഴ്സൽ ലാംഗ്വേജ് ആണ്. അത് വികാരങ്ങളുടെ ഭാഷയാണ്. ആ ഭാഷയ്ക്ക് മനുഷ്യ മനസ്സിനെ വല്ലാതെ സ്വാധീനിക്കാനുള്ള കഴിവ്. മനുഷ്യന്റെ മനസ്സിനെ വശീകരിക്കാൻ അതിന് കഴിവുള്ളതു കൊണ്ടാണ് അതിന് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്ന് ഞാൻ പറഞ്ഞത്.

മനുഷ്യനെ നല്ല ഒരു മനുഷ്യനാക്കി മാറ്റുക എന്നതായിരിക്കണം കലയുടെയും സിനിമയുടെയും ആത്യന്തിക ലക്ഷ്യം എന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു നല്ല സിനിമ മാനവികതയുടെ ചിന്തകൾ ഉള്ള ഒരു നല്ല മനുഷ്യനായി നമ്മെ രൂപാന്തരപ്പെടുത്തും. ഈ ലോകത്ത് തന്നെ കുറച്ചുകൂടി സുന്ദരമായി കാണാൻ അതു നമ്മെ പ്രേരിപ്പിക്കും. സ്നേഹം തന്നെയാണ് മനുഷ്യന്റെ ഏറ്റവും വലിയ സംസ്കാരം എന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. അതുവരെ കാണാത്ത ഒരു വീക്ഷണ കോണിലൂടെ കാണുവാൻ അത് നമ്മെ പ്രേരിപ്പിക്കും. ലോകത്തെ മനുഷ്യരെ കൂടുതൽ സ്നേഹിക്കുവാൻ അത് നമ്മെ പ്രേരിപ്പിക്കും. എല്ലാം സ്നേഹത്തിൽ അധിഷ്ഠിത

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society



മാണ്. മനുഷ്യരെ മാത്രമല്ല സഹജീവികളെയും സ്നേഹിക്കാൻ ഒരു നല്ല സിനിമ നമ്മെ പ്രേരിപ്പിക്കും.

ഈ ലോകത്തെ മുഴുവൻ ഓരോ സിനിമയിലൂടെയും നാം അറിയുകയാണ്. ഇവിടെ ഇപ്പോൾ കാണിക്കുന്ന അഞ്ചു സിനിമകളുടെയും രാഷ്ട്രീയമോ, തത്വശാസ്ത്ര മോ, പ്രത്യയശാസ്ത്രമോ മാത്രമല്ല നാം ഇവിടെ ചർച്ച ചെയ്യുന്നത്. ഓരോ സിനി മയും അടയാളപ്പെടുത്തുന്നത് ആ സിനിമ നിർമ്മിക്കപ്പെട്ട സ്ഥലത്തെ ഭാഷ, സംസ്കാരം, ജീവിതങ്ങൾ, ജീവിത രീതികൾ, അവിടുത്തെ രാഷ്ട്രീയം തുടങ്ങി അവിടുത്തെ സർവ്വ സവി ശേഷതകളും ആ സിനിമയിൽ ആലേഖനം ചെയ്യപ്പെടുകയാണ്.

ആ മനുഷ്യജീവിതങ്ങളിൽ ഒരുപക്ഷേ യുദ്ധങ്ങളോ, സാമ്രാജ്യങ്ങളുടെ അധിനി വേശങ്ങളോ ഒക്കെ വരുത്തിവെച്ച വലിയ ആഘാതങ്ങൾ, അതനുഭവിക്കുന്ന മനുഷ്യരുടെ വലിയ സംഘർഷങ്ങൾ തുടങ്ങിയവയെല്ലാം അനാവരണം ചെയ്യുകയാണ് ഓരോ സിന ിമയും ചെയ്യുന്നത്.ആ അർത്ഥത്തിൽ ഓരോ സിനിമയും ചരിത്രത്തിന്റെ അടയാളങ്ങൾ രേ ഖപ്പെടുത്തിയിട്ടുള്ള സാംസ്കാരിക നിർമ്മിതി കളായി നമുക്ക് വിലയിരുത്തേതു്.

അല്ലാതെ അവയെയൊക്കെ വെറും വിനോ ദോപാധിയായി കണ്ട്, ചർച്ച ചെയ്തു കളയേ ണ്ടതല്ല. അത് വരും കാലങ്ങളിലേക്ക് കരുതി വയ്ക്കാവുന്നതാണ്. ലോകചരിത്രത്തിന്റെ പ്രയാണത്തിൽ അതിന്റെ ഏറ്റവും നല്ല ആധികാരികമായ രേഖപ്പെടുത്തലായി, സാംസ്കാരിക നിധിയായി , സൂക്ഷിച്ചു വയ്ക്കാ വുന്നതാണ് ഈ ഓരോ സിനിമയും. അത്ര യ്ക്കും പ്രസക്തി ഓരോ സിനിമയ്ക്കുമുണ്ട് എന്ന് നാം തിരിച്ചറിയണം.

ഇത്തരം സിനിമകൾ കാണിക്കുന്ന ഈ വേദിയിൽ സിനിമയെപ്പറ്റി വളരെ ആധികാരികമായി സംസാരിക്കാൻ കഴി വുള്ള സാബു ശങ്കർ, വിജയകൃഷ്ണൻ സാർ, ഈയിടെ ഒരു നാടകത്തിൽ ഗംഭീര പ്രകടനം കാഴ്ചവച്ച ഗിരിജ സുരേന്ദ്രൻ, ജോയിന്റ് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ജയചന്ദ്രൻ കല്ലിങ്കൽ, ഫിൽക്ക പ്രസിഡന്റ് ഡോ. രാധാകൃഷ്ണൻ സാർ തുടങ്ങിയവ രുടെയൊക്കെ സാന്നിധ്യത്തിൽ എനിക്കും ഒരു സാന്നിധ്യം ആകാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു ●



# കുടിയേറ്റം , പലായനം മനുഷ്യചരിത്രത്തിൽ



സാബു ശങ്കർ
(ജനറൽ സെക്രട്ടറി,
ഫിൽക്ക)

ചരിത്രത്തിലുടനീളം മനുഷ്യവംശങ്ങളുടെ കുടിയേറ്റവും പലായനവും ലോകത്തിന്റെ സാംസ്കാരികവും ഭാഷാപരവും ജനിത കവുമായ വൈവിധ്യത്തെ രൂപപ്പെടുത്തിയിട്ടുണ്ട്.ചരിത്രാതീത കാലഘട്ടത്തിൽ (60,000 CE - 3,500 BCE) ഹോമോ സാപ്പിയൻസ് ആഫ്രിക്കയിൽ നിന്ന് ഏഷ്യ, യൂറോപ്പ്, ഓസ്ട്രേലിയ എന്നി വിടങ്ങളിലേക്ക് കുടിയേറിയതായി നാം വായിക്കുന്നു . പ ിന്നീട് ഇന്തോ-യൂറോപ്യൻ ഭാഷകളുടെയും യുറേഷ്യൻ സ്റ്റെപ്പുകളിൽ നിന്നുള്ള ജനങ്ങളുടെയും വ്യാപനം നാം കാണുന്നു .

പുരാതന യുഗത്തിൽ (3,500 BCE 500 CE) പശ്ചിമാഫ്രിക്കയിൽ നിന്നുള്ള ബന്തു ഭാഷകളുടെയും സംസ്കാരങ്ങളുടെയും വ്യാപനവും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഇന്തോ-യൂറോപ്യൻ ഭാഷകൾ സംസാ രിക്കുന്നവരുടെ വരവും തെളിവ് രേഖകളായിട്ടുണ്ട് .ഗ്രീക്ക്, റോമൻ കുടി യേറ്റങ്ങൾ (മെഡിറ്ററേനിയൻ) നാഗരികത കളുടെ വികാസത്തിന് വഴിയൊരുക്കി . കിഴക്കൻ ഏഷ്യയിലെ ചൈനീസ് കുടിയേറ്റം ഹാൻ ചൈനീസ് സംസ്കാരത്തിന്റെയും ഭാഷയുടെയും വ്യാപനത്തിനും കാരണമായി .

മധ്യകാലഘട്ടത്തിലേക്ക് (500 1500 CE) എത്തിനോക്കുമ്പോൾ മിഡിൽ ഈസ്റ്റ് , ഉത്തര ആഫ്രിക്ക മേഖലകളിലേക്കുള്ള അറബ് കുടിയേറ്റത്തിലൂടെ ഇസ്ലാം മതവും അറബി ഭാഷയും വ്യാപിച്ചു . ഇതേകാലയളവിൽ നടന്ന യൂറോപ്പിലേക്കുള്ള കുടിയേറ്റത്തെ വൈക്കിംഗ് മൈഗ്രേഷൻ എന്ന് വിളിക്കുന്നു . ഏഷ്യ – യൂറോപ്പ് മേഖലകളിലേക്കുള്ള മംഗോളിയൻ അധിനിവേശങ്ങൾ മംഗോളിയൻ സാമ്രാജ്യവും സൃഷ്ടിച്ചു . മറ്റൊരിടത്ത് , അതായത് ആഫ്രിക്ക മുതൽ അമേരിക്ക വരെ അടിമകളാക്കപ്പെട്ട ആഫ്രിക്കക്കാരുടെ നിർബന്ധിത കുടിയേറ്റവും കാണാം .

ആധുനിക യുഗത്തിലെ (1500 2000 CE) യൂറോപ്യൻ കോളനിവൽക്കരണം അമേരിക്ക, ആഫ്രിക്ക, ഏഷ്യ ഭൂഖണ്ഡങ്ങളിലായിരുന്നു . യൂറോപ്യന്മാരുടെ കൂട്ട കുടിയേറ്റമെന്നു തന്നെ ഇതിനെ വിളിക്കാം . ആഫ്രിക്ക മുതൽ അമേരിക്ക വരെയുള്ള ട്രാൻസ് അറ്റ്ലാന്റിക് അടിമ വ്യാപാരം ഇക്കാലത്ത് വർദ്ധിച്ചു . കരാർ അടിമത്തം മൂലം ഇന്ത്യ മുതൽ അമേരിക്ക വരെ കരീബിയൻ, പസഫിക് എന്നിവിടങ്ങളിലേക്കുള്ള ഇന്ത്യക്കാരുടെ കുടിയേറ്റവും ഉണ്ടായി . റെയിൽവേ നിർമ്മാണത്തിനായി ചൈനീസ് തൊഴിലാളി കളുടെ കുടിയേറ്റം ഏഷ്യ മുതൽ അമേരിക്ക വരെയായിരുന്നു. സമകാലിക യുഗത്തിൽ ഗോളവൽക്കരണവും നഗരവൽക്കരണവും നിമിത്തം സാമ്പത്തിക അവസരങ്ങൾക്കായുള്ള കുടിയേറ്റം വർധിച്ചതും സിറിയ -അഫ്ഘാനിസ്ഥാൻ മേഖല



കളിലെ സംഘർഷം കാരണം പ്രവഹിച്ച അഭയാർത്ഥികളുടെ കുടിയേറ്റ പ്രതിസന്ധികളും കാലാവസ്ഥാ – പരിസ്ഥിതി പ്രശ്നങ്ങൾ കൊണ്ടുള്ള പലായനവും പഠന വിഷയങ്ങളാണ് .നൂതന സാമ്പത്തിക

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
23
KSFDC

അവസരങ്ങളും സംഘർഷവും പീഡനവും സാംസ്കാരിക ഇടകലർപ്പും സാങ്കേതിക പുരോഗതിയുമെല്ലാം കുടിയേറ്റത്തെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ് .

മനുഷ്യ കുടിയേറ്റത്തിന്റെ പ്രതിഫലനം ശ്രദ്ധിച്ചാൽ സാംസ്കാരിക വൈവിധ്യത്തിനു രൂപം നൽകിയതായി കാണാം. ഭാഷകളുടെ വികസനവും ഉണ്ടായി . ഒപ്പം ജനിതക വൈവിധ്യവും വംശമിശ്രണവും വ്യാപിച്ചു സാമ്പത്തിക വളർച്ചയെ പുഷ്ടിപ്പെടുത്തിയിയിട്ടുണ്ടെങ്കിലും സാമൂഹിക ഏകീകരണം പോലുള്ള വെല്ലുവിളികൾ മുന്നിലുണ്ട് .19-ഉം 20-ഉം നൂറ്റാണ്ടുകളിലെ കുടിയേറ്റം വിവിധ ഘടകങ്ങളാൽ രൂപപ്പെട്ടതാണ് . ഇത് ലോകമെമ്പാടുമുള്ള ആളുകളുടെ ഗണ്യമായ പലായനത്തിന് കാരണമായിട്ടുണ്ട് .19-ാം നൂറ്റാണ്ടിലെ (1800-1900) ചിത്രം പരിശോധിച്ചാൽ യൂറോപ്യൻ കുടിയേറ്റത്തിന്റെ ലക്ഷ്യ പ്രദേശങ്ങൾ അമേരിക്ക, കാനഡ, അർജന്റീന, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളാണ് . കടുത്ത സാമ്പത്തിക ദുരിതങ്ങൾ , ദാരിദ്ര്യം, ക്ഷാമം തുടങ്ങിയ മൂലം അക്കാലത്ത് 50 ദശലക്ഷത്തിലധികം യൂറോപ്യന്മാരാണ് കുടിയേറിയത് !

ആഫ്രിക്കയിൽ നിന്നുള്ള ' അറ്റ്ലാന്റിക് അടിമ വ്യാപാരം ' ലക്ഷ്യമാക്കിയത്അമേരിക്ക , ബ്രസീൽ, കരീബിയൻ രാജ്യങ്ങളാണ്. അടിമത്ത കരാർ പ്രകാരം ഈ നിർബന്ധിത കുടിയേറ്റ കണക്ക് ഏകദേശം 12-15 ദശലക്ഷമാണ് .കരാർ പ്രകാരമുള്ള അടിമത്തം കൊണ്ട് ഇന്ത്യ , ചൈന എന്നിവിടങ്ങളിൽ നിന്ന് പലായനം ചെയ്ത ലക്ഷക്കണക്കിന് പേർ , കൊളോണിയൽ സാമ്രാജ്യത്തിനു കീഴിൽ, എത്തി ച്ചേർന്നത് കരീബിയൻ, പസഫിക്, തെക്കുകിഴക്കൻ ഏഷ്യ തുടങ്ങിയ ഇടങ്ങളിലാണ് .

അമേരിക്കയിലെ തന്നെ ഗ്രാമ പ്രദേശങ്ങളിൽ നിന്ന് നഗരകേന്ദ്രങ്ങളിലേക്കുള്ള ആഭ്യന്തര കുടിയേറ്റവും ഈ വിഷയത്തിൽ ശ്രദ്ധിക്കണം . വ്യവസായവൽക്കരണം കൊണ്ടുള്ള സാമ്പത്തിക അവസരങ്ങൾ ലക്ഷ്യമാക്കിയുള്ള പലായനവും ഉൾപ്പെടുന്നു . ഇരുപതാം നൂറ്റാണ്ടിന്റെ (1900-2000) ചിത്രം പരിശോധിച്ചാൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള കുടിയേറ്റമാണ് ആദ്യം തെളിഞ്ഞു വരിക .യൂറോപ്പ് , അമേരിക്ക എന്നിവിടങ്ങളിക്ക് 12 ദശലക്ഷത്തിലധികം പേർ കുടിയേറി.


ജനാധിപത്യ - ദേശീയ സ്വാതന്ത്ര്യ സമരങ്ങൾ ഏഷ്യയിലും ആഫ്രിക്കയിലും അലയടിച്ചതിന്റെ ഫലമായി അപകോളനീകരണവും അഭയാർത്ഥി പ്രതിസന്ധികളും ഉണ്ടായി . സാമ്രാജ്യ വിഭജനങ്ങളും ആഭ്യന്തര യുദ്ധങ്ങളും കലാപങ്ങളും നിമിത്തം ദശലക്ഷക്കണക്കിന് ആളുകളെ മാറ്റിപ്പാർപ്പിച്ചു. അതിഥി തൊഴിലാളി - പുനരധിവാസ ക്രമീകരണങ്ങളുണ്ടായി. ആഗോളവൽക്കരണവും നഗരവൽക്കരണവും മൂലവും തൊഴിലവസരങ്ങൾക്ക് വേണ്ടിയുള്ള കുടിയേറ്റങ്ങളും വ്യാപിച്ചു .



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society

KSFDC

# മാറ്റിയോ ഗാരോൺ



അർഷണാ
(ഗിരിജ സുരേന്ദ്രൻ )
(വൈസ് പ്രസിഡന്റ്,ഫിൽക്ക)

ഇറ്റലിയിലെ റോമിൽ ഒരു നാടക നിരൂപകൻ നിക്കോ ഗാരോണിന്റെയും ഫോട്ടോഗ്രാഫറായ ഡൊണാറ്റെല്ല റിമോൾഡിയുടെയും മകനായി മാറ്റിയോ ഗാരോൺ ജനിച്ചു.

കുടിയേറ്റത്തിന്റെ മറ്റൊരു സാഹചര്യമാണ് മീ ക്യാപ്റ്റൻ എന്ന സിനിമ. യഥാതഥ സംഭവങ്ങളെ ഒപ്പിയെടുക്കുന്ന ഡോക്യുമെന്ററിയും എന്നാൽ ഏതാനും കഥാപാത്രങ്ങളെ അതിൽ ഉൾപ്പെടുത്തി കഥാചിത്രമാക്കുന്ന ഘടനയും ഈ സിനിമയുടെ ദൃശ്യ ചാരുതയാണ് . പട്ടാള ഭരണവും മത തീവ്ര രാഷ്ട്രീയവും പരസ്പരം ഏറ്റുമുട്ടലും ദാരിദ്ര്യവും പീഡനങ്ങളും കൊണ്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് മെഡിറ്ററേനിയൻ കടൽ കടന്ന് രേഖകളില്ലാതെ യൂറോപ്പിലേക്ക് കുടിയേറുന്നവരുടെ ദുരന്ത വാർത്തകൾ ഇന്നും തുടരുന്നു.



മീ ക്യാപ്റ്റൻ എന്ന ചിത്രത്തെക്കുറിച്ച് മാറ്റിയോ ഗാരോൺ ഇങ്ങനെ പറഞ്ഞു: ഇറ്റാലിയൻ കാരനായ എന്റെ വീക്ഷണകോണിൽ നിന്ന് ഒരു കുടിയേറ്റക്കാരനെക്കുറിച്ച് ഒരു സിനിമ നിർമ്മിക്കുന്നതിന്റെ അപകടസാധ്യതയെക്കുറിച്ച് ഞാൻ വളരെ ഭയപ്പെട്ടിരുന്നു. ഒരു ആഫ്രിക്കക്കാരൻ ആണെങ്കിൽ ഈ സിനി മ കൂടുതൽ സ്വാഭാവികമാകുമെന്ന് ഞാൻ കരുതി. ഈ സിനിമ നിർമ്മിക്കാൻ ഏകദേശം 8 വർഷമെടുത്തു.

ഞാൻ സിനിമയിൽ പ്രവർത്തിക്കുമ്പോൾ, ആദ്യ നിമിഷം മുതൽ, ഇത് നിർമ്മിക്കാനുള്ള ഒരേയൊരു മാർഗ്ഗം മുഖ്യ അഭിനേതാക്കളായ സെയ്ദൗ സാർ, മുസ്തഫ ഫാൾ എന്നിവരിലൂടെ ആണെന്ന് എനിക്കറിയാമായിരുന്നു. ഇതിന്റെ പ്രവർത്തനങ്ങളുടെ എല്ലാ ഭാഗങ്ങളിലും, സർഗ്ഗാത്മക പ്രക്രിയയിലും, തിരക്കഥയിലും എഡിറ്റിംഗിലും ഞാൻ അവരോടൊപ്പം സഞ്ചരിച്ചു...ഞാൻ ഒരു ഇടനിലക്കാരനായി അവരോടൊപ്പം എപ്പോഴും ഒരുമിച്ചായിരുന്നു.ഞാൻ എന്റെ അനുഭവം കഥയിൽ ഉൾപ്പെടുത്തി. ഷൂട്ടിനിടയിൽ എപ്പോഴും അവർ പറയുന്നത് ഞാൻ കേൾക്കുകയും അവർക്ക് എന്താണ് തോന്നുന്നതെന്ന് നിരീക്ഷിക്കുകയും ചെയ്തു. മറ്റുള്ളവർ എല്ലാം തന്നെ യഥാർത്ഥ കുടിയേറ്റക്കാരായിരുന്നു. അത് എനിക്ക് ചിത്രീകരണത്തിൽ അവിശ്വസനീയമാംവിധം ഒരു മുന്നേറ്റ വീര്യവും പകർന്നു .

ഇരു യക്ഷിക്കഥകളെ കുറിച്ച് എന്നെ ചിന്തിപ്പിച്ച ഒരു കാര്യമുണ്ട്. അതുകൊണ്ട് തന്നെ അതിന്റെ ആ വശം നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചില്ല. ഒരു ഡോക്യുമെന്ററിയും ഒരു യക്ഷിക്കഥയും തമ്മിലുള്ള ആ ബാലൻസ് കണ്ടെത്താൻ ഞങ്ങൾ ഒന്നിച്ച് ശ്രമിക്കുകയായിരുന്നു. അതിനാൽ അവരും ഒന്നിച്ചു കൊണ്ടുപോകാൻ എപ്പോഴും ഞാൻ ശ്രദ്ധിച്ചു. അതുപോലെ, സ്വപ്നത്തെക്കുറിച്ചുള്ള

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society



രംഗത്തിൽ, ആഗ്രഹവുമായി ബന്ധിപ്പിക്കാനും കഥാപാത്രങ്ങൾക്ക് ഉള്ളിൽ എന്താണ് അനുഭവപ്പെടുന്നതെന്ന് കാണിക്കാനും ഞാൻ ആഗ്രഹിച്ചു. കഥാപാത്രത്തിന്റെ ആത്മാവിന്റെ മുറിവും ആഘാതവും അവനിലെ മാറ്റവും കാണിക്കാൻ ഞാൻ ആഗ്രഹിച്ചു.

1996-ൽ, സിൽഹൗറ്റ് എന്ന ഹ്രസ്വചിത്രത്തിലൂടെ നാനി മൊറെറ്റി സ്പോൺസർ ചെയ്ത , സാച്ചർ ഡി ഓറോ എന്ന അവാർഡ്, ഗാരോൺ നേടി. അത് 1997-ൽ അദ്ദേഹത്തിന്റെ ആദ്യത്തെ നീണ്ട ഫീച്ചറായ ടെറഡി മെസോയിലെ മൂന്ന് എപ്പിസോഡുകളിൽ ഒന്നായി രുന്നു.ഗൊമോറയ്ക്ക് (2008) മികച്ച സംവിധായകനുള്ള യൂറോപ്യൻ ഫിലിം അവാർഡ് മികച്ച സംവിധായകനുള്ള ഡേവിഡ് ഡി ഡൊണാറ്റെല്ലോയും നേടി. അദ്ദേഹത്തിന്റെ ചിത്രം റിയാലിറ്റി, 2012 ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ ഗ്രാൻഡ് പ്രിക്സ് നേടി.

അദ്ദേഹത്തിന്റെ ചിത്രങ്ങളായ ടെയിൽ ഓഫ് ടെയിൽസ് (2015), ഡോഗ് മാൻ (2018) എന്നിവ യഥാക്രമം 2015 കാൻ ഫിലിം ഫെസ്റ്റിവലിലും 2018 ലെ കാൻ ഫിലിം ഫെസ്റ്റിവലിലും പാം ഡി ഓറിനായി മത്സരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടു. ഡോഗ് മാൻ എന്ന ചിത്രത്തിന് നാസ്ട്രോ ഡി അർജന്റോ അവാർഡ് മികച്ച നിർമ്മാതാവിനും മികച്ച സംവിധായകനുമായി ലഭിച്ചു .

പിനോച്ചിയോ (2019) എന്ന ചിത്രത്തിന് രണ്ടാമതും അദ്ദേഹത്തിന് അവാർഡ് ലഭിച്ചു.

2019-ൽ, അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസിൽ അംഗമാകാൻ ഗാരോണിനെ ക്ഷണിക്കപ്പെട്ടു .2024-ൽ, ഇറ്റലിയെ പ്രതിനിധീകരിച്ച് 96-ാമത് അക്കാദമി അവാർഡിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനുള്ള അക്കാദമി അവാർഡിന് അദ്ദേഹത്തിന്റെ മീ ക്യാപ്റ്റൻ (2023) നാമ നിർദ്ദേശം ചെയ്യപ്പെട്ടു.

Feature films

------------------------

1996 - Terra di mezzo
1998 - Guests (Ospiti)
2000 - Roman Summer (Estate romana)
2002 - The Embalmer (L'imbalsamatore)
2003 - First Love (Primo amore)
2008 - Gomorrah (Gomorra)
2012 - Reality
2015 - Tale of Tales
(Il racconto dei racconti)
2018 - Dogman
2019 - Pinocchio
2023 - Io capitano



# ഫെറരിയ മെയ്റിലസ്




അഡ്വ. ബിന്ദു. ആർ
(സത്യജിത്ത് റേ ഫിലിം സൊസൈറ്റി)


ഫെറരിയ മെയ്റിലസ് ഒരു ബ്രസിലിയൻ - പോർട്ടുഗീസ് സംവിധായകനും നിർമ്മാതാവും തിരക്കഥാകൃത്തും ആണ്.

അന്തർദേശീയതലത്തിൽ വിമർശക ശ്രദ്ധ പിടിച്ചു പറ്റിയ, 2002 - ൽ ബ്രസീലിലും 2003- ൽ അമേരിക്കയിലും പ്രദർശിപ്പിക്കപ്പെട്ട സിറ്റി ഓഫ് ഗോഡ് എന്ന സിനിമയുടെ സംവിധായകൻ എന്ന നിലയിൽ അദ്ദേഹം പ്രശസ്തനായി. ഈ ചിത്രത്തിലൂടെ മികച്ച സംവിധായകനുള്ള അക്കാഡമി അവാർഡിന് അദ്ദേഹത്തിന്റെ പേര് നിർദ്ദേശിക്കപ്പെട്ടു.2005 -ൽ ദ് കോൺസ്റ്റന്റ് ഗാർഡനർ എന്ന ചിത്രത്തിന് മികച്ച സംവിധായകനുള്ള ഗ്ലോബൽ ഗ്ലോബ് അവാർഡിനു അർഹനായി. ഈ ചിത്രത്തിൽ റേചൽ വെയ്സ് ന് മികച്ച സഹ നടിക്കുള്ള അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.




സാഹിത്യത്തിനുള്ള നൊബേൽ പ്രൈസ് ജേതാവ് , പോർട്ടുഗീസ് സാഹിത്യകാരൻ ജോസെ സരമാഗോയുടെ



പ്രശസ്ത നോവൽ അന്ധത ഫെറരിയ മെയ്റിലസ് 2008 ലാണ് സംവിധാനം ചെയ്തത് . 2011 - ൽ 360 എന്ന സിനിമയും സംവിധാനം ചെയ്തു . നെറ്റ്ഫ്ളിക്സ് ന് വേണ്ടി 2019 - ൽ ദ ടു പോപ്പ്സ് എന്ന സിനിമയും അദ്ദേഹത്തിന്റെ സംവിധാനത്തിൽ പിറന്നു.

1955 - ൽ ബ്രസീലിലെ സാവോ പോളോയിൽ ആണ് ഫെറരിയ മെയ്റിലസ് ന്റെ ജനനം. പിതാവ് ജോസ് ഡിസൂസ ഒരു ഗ്യാസ്ട്രോ എന്ററോളജിസ്റ്റ് ആണ്. അദ്ദേഹം ലോകത്തിന്റെ പല ഭാഗങ്ങളിലും എന്ന പോലെ നോർത്ത് അമേരിക്കയിലും ഏഷ്യയിലും മിക്കവാറും സഞ്ചരിക്കുന്ന ആളായിരുന്നു. അങ്ങനെ ഫെർണാണ്ടോയ്ക്ക് ലോകത്തിലെ വിവിധ സംസ്കാരങ്ങളും സ്ഥലങ്ങളുമായി ബന്ധപ്പെടാനുള്ള അവസരം ഉണ്ടായി. അമ്മ സോണിയ ജാൻക്യുറ ഫെറരിയ ഒരു ലാൻഡ്സ്കേപ്പ് ആർക്കിടെക്റ്റും ഇന്റീരിയർ ഡിസൈനറും ആണ് .

കുടുംബത്തിലെ നാല് മക്കളിൽ രണ്ടാമനായിരുന്നു ഫെറരിയ മെയ്റിലസ്. നാലു വയസ്സുള്ളപ്പോൾ തന്റെ മൂത്ത ജേഷ്ഠൻ ജോസ് മാർക്കോസ് ഒരു കാർ - ബൈക്ക് ആക്സിഡന്റിൽ മരിക്കുന്നത് കാണേണ്ടിവന്നു. അദ്ദേഹത്തിന്റെ രണ്ട് സഹോദരിമാർ മാർസിയ തിയേറ്ററിലും സിൽവിന സൈക്കോളജിയിലും ബിരുദം നേടി. സാവോ പോളോ യുടെ പടിഞ്ഞാറൻ പ്രദേശമായ ആൾട്ടോ പിൻഹിറാസിലായിരുന്നു ഫെറരിയ മെയ്റിലസ് വളർന്നത് .

എല്ലാ അവധിക്കാലവും അച്ഛന്റെയും അമ്മയുടെയും കൂടെ ബന്ധുക്കളുടെ കൃഷിയിടങ്ങളിൽ ആയിരുന്നു.യൂണിവേഴ്സിറ്റിയിലെ തന്റെ ജോലിക്ക് ഇടയിൽ 8 എം.എം. ക്യാമറ വെച്ച് ഹ്രസ്വ ചിത്രം സംവിധാനം ചെയ്തിരുന്ന അച്ഛന്റെ കൂടെയാണ് അദ്ദേഹത്തിന്റെ ആദ്യ സിനിമ അനുഭവം. തന്റെ ബന്ധുക്കളെയും സുഹൃത്തുക്കളെയും വെച്ചായിരുന്നു ഹ്രസ്വ ചിത്രങ്ങൾ ഒരുക്കിയത് .

പതിനൊന്നാമത്തെ വയസ്സിൽ കാലിഫോർണിയായിലെത്തി . ഹിപ്പി പ്രസ്ഥാനത്തിൽ ആകൃഷ്ടനായി . നോർമൻ മക് ലാറെന്റെ ആനിമേഷൻ ചിത്രങ്ങളുടെ സ്വാധീനത്തിൽ 13-മത്തെ വയസ്സിൽ കടം വാങ്ങിയ സൂപ്പർ 8 ക്യാമറയുമായി ഫെറരിയ മെയ്റിലസ് ചെറിയ ചിത്രങ്ങൾ നിർമ്മിക്കുവാൻ തുടങ്ങി.

തിയോപ്പോയറ്റിക് മാനുഷിക ഘടകത്തെ ഊന്നിപ്പറയുന്ന ചരിത്രസംഭവങ്ങളെ അട്ടിമറിക്കുന്ന കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന ജോസെ സരമാഗുവിന്റെ വിശ്വപ്രസിദ്ധ നോവൽ - ബ്ലൈൻഡ്നെസ് സിനിമയാക്കാൻ ആദ്യം ചില തടസങ്ങളുണ്ടായി. ആവിഷ്കാര രീതി സംബന്ധിച്ച നിബന്ധനകൾ സരമാഗൊ മുന്നോട്ട് വെച്ചു. പ്രതീകാത്മക ലോകവും അതീത യാഥാർത്ഥ്യ സംഭവങ്ങളും അനുകമ്പയും ആക്ഷേപ ഹാസ്യവും ചാലിച്ച രചനാരീതി നമുക്ക് മുന്നിലുള്ള അവ്യക്ത യാഥാർത്ഥ്യത്തെ വെളിപ്പെടുത്താൻ പ്രാപ്തനാക്കുന്ന സാഹിത്യ സങ്കേതമാണ് സരമാഗോയുടെ കൃതികളിൽ ഉപമകളായി അനുഭവിക്കാനാവുന്നത്. ദ ഗോസ്പൽ അക്കോർഡിങ് ടു ജീസസ് ക്രൈസ്റ്റ്, ബൽതാസർ ആൻഡ് ബ്ലിമുണ്ട തുടങ്ങിയവയാണ് സരമാഗോയുടെ മറ്റു പ്രശസ്ത കൃതികൾ.

പൊതുവെ സരമാഗോ തന്റെ കൃതികളുടെ ചലച്ചിത്ര അവകാശം വിൽക്കാൻ വിമുഖനായിരുന്നു . എന്നാൽ പേര് പറയാതെ,തിരിച്ചറിയാൻ കഴിയാത്ത നഗരങ്ങളിലായി ഷൂട്ട് ചെയ്യാം എന്ന നിബന്ധനയിൽ അവകാശം നേടിയെടുക്കാൻ നിർമാതാക്കൾക്ക് സാധിച്ചു .

2008 മെയ് 14 ന് കാൻ ഫിലിം ഫെസ്റ്റിവലിൽ പ്രദർശന ചിത്രമായി ബ്ലൈൻഡ്നെസ്സ് പ്രദർശിപ്പിച്ചു. ടോറാന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചുകൊണ്ട് 2008 സെപ്റ്റംബർ 6 ന് നോർത്ത് അമേരിക്കയിലും റിലീസ് ചെയ്തു




October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
28
KSFDC

# ജോൺ ഫോർഡ് - സ്റ്റണ്ട് മാസ്റ്റർ, പിന്നെ സംവിധായകൻ



ആശ നായർ

അമേരിക്കൻ വെസ്റ്റേൺസ് എന്നറിയപ്പെടുന്ന കൗബോയ് സാഹസിക സിനിമകൾ അല്ലെങ്കിൽ, അമേരിക്കൻ തദ്ദേശീയ വംശജരും കൊളോണിയൽ ഭൂപ്രകൃതിയും ഭൂസമ്പത്തും പോരാട്ടങ്ങളും നിറഞ്ഞ സിനിമകൾ ഏറെ സംവിധാനം ചെയ്ത് പ്രശസ്തി നേടിയ ജോൺ ഫോർഡ് (1894 - 1973) ഒരുപക്ഷേ ചലച്ചിത്ര ചരിത്രത്തിൽ മുദ്രിതമായിട്ടുള്ളത് നോബേൽ പ്രൈസ് ജേതാവ് സ്റ്റെയിൻ ബക്കിന്റെ ദി ഗ്രേപ്സ് ഓഫ് റാത്ത് ( The Grapes of Wrath ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ ) എന്ന നോവലിനെ ആസ്പദമാക്കി അതേ പേരിൽ സംവിധാനം ചെയ്ത സിനിമയിലൂടെയായിരിക്കും.



മികച്ച സംവിധായകനുള്ള നാലു അവാർഡുകൾ ഉൾപ്പെടെ ആറ് അക്കാദമി അവാർഡുകൾ അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. അമ്പതു വർഷത്തിലധികം നീണ്ട കരിയറിൽ നൂറ്റി നാൽപത്തിലധികം സിനിമകൾ സംവിധാനം ചെയ്തിട്ടുള്ള അദ്ദേഹത്തിന്റെ മിക്ക സിനിമകളും ഇപ്പോൾ ലഭ്യമല്ല. എങ്കിലും അദ്ദേഹം തന്റെ തലമുറയിലെ ഏറ്റവും പ്രധാനിയും സ്വാധീനവും വ്യക്തിത്വവുമുള്ള ചലച്ചിത്ര നിർമാതാക്കളിൽ ഒരാൾ ആയിരുന്നു.



ഫോർഡിന്റെ പ്രവർത്തനങ്ങളെ വളരെയധികം ബഹുമാനിച്ചിരുന്ന അദ്ദേഹത്തിന്റെ സമകലീനരിൽ അകിരാ കുറാസവ , ഓർസൺ വെൽസ് , ഇഗ്മർ ബർഗ് മാൻ , എന്നിവർ എക്കാലെത്തയും മികച്ച സംവിധായകരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിച്ചിരുന്നു.

തന്റെ സമകാലികനായ ആൽഫ്രഡ് ഹിച്കോക്ക്-ൽ നിന്നും വ്യത്യസ്തനായി ഫോർഡ് ഒരിക്കലും സ്റ്റോറി ബോർഡുകൾ ഉപയോഗിച്ചിരുന്നില്ല. താൻ ഉപയോഗിക്കുന്ന ഷോട്ടുകളുടെ ഗ്രാഫിക് രൂപരേഖയോ, രേഖാചിത്രമോ ഇല്ലാതെ എല്ലാം തന്റെ ഓർമയിൽ സൂക്ഷിച്ചു വച്ചാണ് അദ്ദേഹം സീനുകൾ പ്ലാൻ ചെയ്തിരുന്നത്.

സ്ക്രിപ്റ്റ് ഡെവലപ്പ്മെന്റിൽ അദ്ദേഹം വളരെ കർക്കശക്കാരനായിരുന്നു. എന്നാലും ഒരു തിരക്കഥ അദ്ദേഹത്തിന് ഇഷ്ടപെട്ടാൽ, അതിൽ അദ്ദേഹം അശ്രാന്തം പരിശ്രമിക്കുകയും തിരുത്തലുകൾ വരുത്തുകയും അത് ഏറ്റവും മികച്ച ഒരു കൃതിയാക്കി മാറ്റുകയും ചെയ്യും. കൂടാതെ തന്റെ കഥാപാത്രങ്ങൾക്കു ഒരു പൂർണ പശ്ചാത്തല കഥ തയ്യാറാക്കുകയും ചെയ്യുമായിരുന്നു.

ദൈർഘ്യമേറിയ എക്സ്പോസിംഗ് രംഗങ്ങൾ അദ്ദേഹത്തിന് താല്പര്യമില്ലായിരുന്നു. കൂടാതെ നീളമേറിയ സംഭാഷണങ്ങൾ മുറിക്കുന്നതിനായി ഒരു തിരക്കഥയിൽ നിന്നും പേജുകൾ തന്നെ കീറിക്കളയുമായിരുന്നു.



ട്രാക്കിങ് ഷോട്ടുകൾക്കു പ്രശസ്തനാണ് ഫോർഡ്.

ട്രെയിനുകളും വാഗനുകളും ഫോർഡിന്റെ ദൃശ്യരൂപങ്ങളിൽ ആവർത്തിച്ചു കാണപ്പെടുന്നു.

അത്രത്തോളം തന്റെ സിനിമയുടെ ഓരോ വശത്തെക്കുറിച്ചും ഫോർഡ് ബോധവാനായിരുന്നു. അനാവശ്യമായ ക്യാമറ ചലനങ്ങളും ക്ലോസ പ്പുകളും അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. കഥാപാത്രങ്ങളുടെ നാടകീയമായ സന്ദർഭങ്ങൾ , സ്റ്റാറ്റിക് -മീഡിയം- ലോങ്ങ് ഷോട്ട് എന്നിവയെ പൂർണമായി ഒഴിവാക്കി ഫ്രെയിം ചെയ്തിരുന്നു. ആവേശകരമായ



അദ്ദേഹത്തിന്റെ പല ചലച്ചിത്രങ്ങളും ആരംഭിക്കുന്നതും അവസാനിക്കുന്നതും ഒരു ട്രെയിൻ അല്ലെങ്കിൽ ഒരു വാഗൻ വരുന്നതിലും പോകുന്നതിലും ആയിരിക്കും. കൂടാതെ വാതിലുകളുടെ ചലനം, റോഡുകൾ, പൂക്കൾ, നദികൾ, ആൾക്കാരുടെ സംഗമം തുടങ്ങിയവയെ ദൃശ്യവസ്തുക്കൾ ആയി ഉപയോഗിച്ചിരുന്നു . ചിലതരം ആംഗ്യ ഭാഷയും സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്.

ഫോർഡിന്റെ പ്രിയപ്പെട്ട ലൊക്കേഷൻ തെക്കൻ യുട്ടാസ് മോന്യുമെന്റ് വാലി ആയി രുന്നു. തന്റെ അമേരിക്കൻ വെസ്റ്റേൺ സിനി മകൾക്കായി അദ്ദേഹം കൂടുതലും ആ പ്രദേശമായിരുന്നു തിരഞ്ഞെടുത്തിരുന്നത്. ആ പ്രദേശത്തിന്റെ പ്രകടമായ ദൃശ്യ പ്രഭാവമാണ് ആ ലൊക്കേഷൻ തന്നെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചത്. അത്രയ്ക്കു മനോഹരമായിരുന്നു സിനിമയുടെ ഓരോ ഷോട്ടും.ചലച്ചിത്ര മേഖലയിൽ വ്യക്തിമുദ്ര ചാർത്തികൊണ്ട് അദ്ദേഹം അവിസ്മരണീയനായി കാലിഫോർണിയയിലെ ഹോളി ക്രോസ്സ് സെമിത്തേരിയിൽ അന്ത്യ വിശ്രമം കൊള്ളുന്നു. ●



October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

30 KSFDC



# ഋത്വിക് ഘട്ടക്

സുരേഷ്കുമാർ .സി.
സെക്രട്ടറി,
ബീം ഫിലിം സൊസൈറ്റി


ഇന്ത്യൻ സിനിമയുടെ ബംഗാൾ പെരുമയിലെ ത്രിമൂർത്തികളിൽ ഒരാളാണ് ഋത്വിക് കുമാർ ഘട്ടക്. വിഭജനത്തിന്റെ നോവുകൾ ആവോളം നെഞ്ചേറ്റിയ ഒരു ജനതയുടെ ഉള്ള് കത്തിയ, കലാപകാരിയായ ചലച്ചിത്രകാരൻ.

തികച്ചും സ്വന്തവും പരസ്പരം വ്യതിരിക്തവുമായ സിനിമാ വഴികളിലൂടെ സഞ്ചരിച്ചവരായിരുന്നു സമകാലികരായിരുന്ന സത്യജിത് റേയും മൃണാൾ സെന്നും ഋത്വിക് ഘട്ടകും.

കൂട്ടത്തിൽ വ്യവസ്ഥാപിത സിനിമാ സങ്കൽപ്പങ്ങളോട് അരാജകവാദത്തോളമെത്തുന്ന കലഹം സൂക്ഷിച്ചയാളായിരുന്നു ഘട്ടക്. മറച്ചുവയ്ക്കാനിഷ്ടപ്പെടാത്ത തന്റെ രാഷ്ട്രീയ നിലപാടുകളുടെ പ്രതിധ്വനികളായിരുന്നു അദ്ദേഹത്തിന്റെ ഓരോ സിനിമകളും, പ്രമേയപരമായി. കമ്യൂണിസ്റ്റ് പാർട്ടിയുടെ കലാവിഭാഗമായ ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷ (IPTA) ന്റെ സജീവ പ്രവർത്തകനായിരുന്ന ഘട്ടക് നാടക രംഗത്ത് നിന്നാണ് സിനിമയിലേക്ക് ചുവടു വയ്ക്കുന്നത്. വിഭജനത്തിന്റെ വിഹ്വലതകൾ പകർത്തിയ മേഘ ധക്ക താര (1960), കോമൾ ഗന്ധാർ (1961) , സുബർണ്ണരേഖ (1962) എന്നീ സിനിമാത്രയത്തിലൂടെയാണ് ഘട്ടക് ചുവടുറപ്പിക്കുന്നതും.



നിമയ് ഘോഷിന്റെ ചിന്നമൂൾ (1950) എന്ന ചിത്രത്തിലൂടെ അഭിനേതാവും അസിസ്റ്റന്റ് ഡയറക്റ്ററുമായി രംഗപ്രവേശം ചെയ്ത ഘട്ടക്കിന്റെ ആദ്യ ചിത്രം 1952 ൽ ചിത്രീകരണം പൂർത്തിയാക്കിയ നാഗരിക് ആയിരുന്നു. റായി യുടെ പഥേർ പാഞ്ചാലിക്കും 3 വർഷം മുൻപ് നിർമ്മിച്ച ഈ ചിത്രം . പക്ഷെ, പ്രേക്ഷകരിലേക്കെത്തിയത് 1977 ൽ, ഘട്ടക്കിന്റെ മരണശേഷമായിരുന്നു.



1955 ൽ , ഒരു മോട്ടോർ കാറിനെ പ്രധാന കഥാപാത്രമാക്കി നിർമ്മിച്ച അജാന്ത്രിക്കിലൂടെ യാണ് ഘട്ടക്കിലെ ചലച്ചിത്രകാരനെ ലോകം അനുഭവിച്ചു തുടങ്ങിയത്.

മികച്ച കഥയ്ക്കുള്ള ദേശീയ പുരസ്കാരം നേടിയ ജുക്തി തക്കോ ഓർ ഗപ്പോ (1977), തിദാഷ് ഏക് ദി നദിർ നാം (1973), ബാരി തെക്കെ പാലിയെ (1959) എന്നിവയാണ് ഘട്ടക്കിന്റെ മറ്റു ചിത്രങ്ങൾ.

1958 ൽ പുറത്തിറങ്ങിയ , മികച്ച പ്രദർശന വിജയം നേടിയ, ബിമൽ റോയിയുടെ മധുമതി യുടെ കഥയും തിരക്കഥയും ഘട്ടക്കിന്റേതാ യിരുന്നു. നിരവധി ഹ്രസ്വ ചിത്രങ്ങളും ഘട്ടക്കിന്റെ സംവിധാനത്തിൽ പുറത്തുവന്നു. പൂർത്തിയാക്കിയവയെക്കാൾ പാതി വഴിയിൽ നിന്നു പോയവയാണ് അദ്ദേഹത്തിന്റെ സിനിമ പരിശ്രമങ്ങളിൽ കൂടുതലും.

1966 മുതൽ കുറച്ചു കാലം പൂന ഫിലിം ഇൻസ്റ്റി റ്റ്യൂട്ടിൽ അധ്യാപകനായിരുന്നു അദ്ദേഹം. പിൽ ക്കാലത്ത് പ്രശസ്തരായ നിരവധി ചലച്ചിത്ര പ്രതിഭകളുടെ അദ്ധ്യാപകനും പ്രചോദനവുമാ യിരുന്നു. ചുരുക്കം ചിത്രങ്ങളിലൂടെയാണ് തന്റെ മൗലിക പ്രതിഭ തെളിയിച്ചത്.

1976 ൽ നിര്യാതനായ ഘട്ടകിന്റെ മകൻ റിതബൻ ഘട്ടക്കും ചലച്ചിത്ര രംഗത്ത് സജീവ മാണ്.



October Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

32

KSFDC

# മീ ക്യാപ്റ്റൻ




വിനോദ് കുമാർ. പി.

പ്രമുഖ ഇറ്റാലിയൻ ചലച്ചിത്ര പ്രവർത്തകനായ മാറ്റിയോ ഗാരോൺ സംവിധാനം ചെയ്ത സിനിമയാണ് മീ ക്യാപ്റ്റൻ . ( ഇറ്റലി - ബെൽജിയം - ഫ്രാൻസ് / 121 മിനിറ്റ് / 2023 ).

സെനഗലിലെ ഡാക്കറിൽ നിന്ന് യൂറോപ്പിലേക്കു സഞ്ചരിക്കുന്ന സെയ്ദു, മൂസ എന്നീ ചെറുപ്പക്കാരുടെ സാഹസിക കഥ പറയുന്ന ചിത്രമാണിത്. മരുഭൂമിയിലെ അപകടങ്ങൾ, ലിബിയയിലെ തടങ്കൽ കേന്ദ്രങ്ങളുടെ ഭീകരത, കടലിന്റെ ആപത്തുകൾ എന്നിവയിലൂടെ ഒരു സമകാലിക ഒഡീസി എന്ന യാത്രാരൂപത്തിൽ ഈ ചിത്രം അവതരിപ്പിക്കുന്നു.

ആഫ്രിക്കയിലെ സെനഗലിന്റെ തലസ്ഥാനമായ ഡാക്കറിൽ വിധവയായ അമ്മയ്ക്കും സഹോദരിമാർക്കുമൊപ്പം ഒറ്റമുറി വീട്ടിലാണ് സെയ്ദു താമസിക്കുന്നത്. അമ്മയുടെ എതിർപ്പിനെ മറികടന്ന് സെയ്ദു തന്റെ ബന്ധുവായ മൂസയ്ക്കൊപ്പം യൂറോപ്പിലേക്ക് യാത്ര തിരിക്കുന്നു.അവിടെ അവർക്കു നല്ല ജീവിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.




അവരുടെ സമ്പാദ്യത്തിന്റെ ഗണ്യമായ തുക ഇടനിലക്കാർക്ക് നൽകിയ ശേഷം ഡാക്കറിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന ഒരു ബസിൽ പുറപ്പെടുന്നു.അവർ നൈജർ വഴി കടന്നു പോകുകയും ഒരു ഘട്ടത്തിൽ വ്യാജ പാസ്പോർട്ടുകൾ എടുക്കുകയും മറ്റ് കുടിയേറ്റക്കാരോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. അവരുടെ സമ്പാദ്യം കുറയുകയും തുടർന്ന് മരുഭൂമിയിലൂടെയുള്ള യാത്ര അസുഖകരവും സുരക്ഷിതമല്ലാതാവുകയും ചെയ്യുന്നു.



സഹാറ മരുഭൂമിയിലൂടെ അശ്രദ്ധമായി വാഹനം ഓടിച്ചുക്കൊണ്ടിരിക്കുന്ന ഡ്രൈവർ ഫ്ളാറ്റ് ബെഡ് ട്രക്കിൽ നിന്ന് വീണ മനുഷ്യനെ രക്ഷിക്കാൻ ശ്രമിക്കാതെ യാത്ര തുടരുന്നത് ഇവർ എത്ര ക്രൂരരാണെന്നതിന്റെ ആദ്യ സൂചന നൽകുന്നു.

ട്രക്കിൽ നിന്നും ഇറങ്ങി കാൽനടയായി കുടിയേറ്റക്കാരോടൊപ്പം യാത്ര തുടരവേ മധ്യവയസ്കയായ ഒരു സ്ത്രീ മരണപ്പെടുന്നതും ഭീതിജനകമാണ്.രാപകൽ നീ മരുഭൂമിയിലെ കാൽനടയാത്രക്കൊടുവിൽ ലിബിയയിൽ എത്തി ചേർന്നെങ്കിലും കൊള്ളക്കാരുടെ സംഘത്തിലെ ആക്രമണത്തെ തുടർന്ന് സെയ്ദുവും മൂസയും വേർപിരിയുന്നു. തടങ്കൽ പാളയത്തെ ക്രൂരമർദ്ദനങ്ങൾക്കൊടുവിൽ സെയ്ദു അടിമപ്പണിക്കായി നിയോഗിക്കപ്പെടുന്നു. സെയ്ദുവിന്റെ ജോലിയോടുള്ള ആത്മാർത്ഥത യജമാനൻ അവനെ സ്വാതന്ത്രനാക്കുന്നു. സ്വതന്ത്രനാക്കപെട്ട സെയ്ദുമൂസയെ തേടി ലിബിയ മുഴുവൻ അന്വേഷിക്കുകയും ഒടുവിൽ കണ്ടുപിടിക്കുകയും അവശനായ

അവനു ചികിത്സ കൊടുക്കുകയും ചെയ്യുന്നു. അവിടെ നിന്നും അവർ രണ്ടുപേരും യൂറോപ്പിലേക്കു പോകാൻ തയ്യാറെടുക്കുന്നു. കുടിയേറ്റക്കാരെ കയറ്റി അയക്കുന്ന ഒരു ഇടനിലക്കാരനെ കാണുകയും സെയ്ദു ക്യാപ്റ്റൻ ആയി ഒരു കപ്പലിൽ ഇറ്റലിയിലേക്ക് യാത്ര തിരിക്കാൻ കരാർ ഉണ്ടാക്കുകയും ചെയ്യുന്നു.

സെയ്ദു കപ്പൽ ഡ്രൈവിംഗ് പഠിക്കുകയും സാഹസികമായി കപ്പൽ ഓടിച്ച് യാത്രികരുമായി ഇറ്റലിയിൽ എത്തുന്നതുമാണ് കഥാന്ത്യം.





80-ാമത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ലയണിനായി ഈ ചിത്രം മത്സരിച്ചു. അവിടെ മാറ്റിയോ ഗാരോണിന്റെ സംവിധാനത്തിന് സിൽവർ ലയണും അഭിനേതാവ് സെയ്ദു സർ, മാർസെല്ലോ മാസ്ട്രോയാനി അവാർഡും നേടി. ഈ സിനിമ 2023 സെപ്റ്റംബർ 7-ന് ഇറ്റലിയിൽ റിലീസ് ചെയ്തു. 81-ാമത് ഗോൾഡൻ ഗ്ലോബ് അവാർഡിൽ മികച്ച വിദേശ ഭാഷാ ചിത്രമായി നോമിനേറ്റ് ചെയ്യപ്പെട്ടു. കൂടാതെ 96-ാമത് അക്കാദമി അവാർഡിൽ മികച്ച ഇന്റർനാഷണൽ ഫീച്ചർ ഫിലിമിനുള്ള ഇറ്റാലിയൻ എൻട്രിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.



October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

KSFDC



# ബൗദ്ധിക അന്ധതയിൽ സമൂഹം ചൂഴുമ്പോൾ



പി. എസ്. ജ്യോതിഷ്കുമാർ

1998-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച, ബ്രസീലിയൻ - പോർച്ചുഗീസ് എഴുത്തുകാരൻ ഷൂസെ സരമാഗോയുടെ (Jose Saramago) 1995 ലെ നോവലാണ് അന്ധത (Blindness) .

സരമാഗോയുടെ ഏറ്റവും പ്രശസ്തമായ നോവലുകളിൽ ഒന്നാണിത്. നോബേൽ പ്രൈസ് പ്രഖ്യാപിക്കുമ്പോൾ കമ്മിറ്റി ശ്രദ്ധിച്ച അദ്ദേഹത്തിന്റെ, കൃതികളിലൊന്നാണ് അന്ധത. 2008 മെയ് 14-ന് കാൻ ഫിലിം ഫെസ്റ്റിവലിൽ ഉദ്ഘാടന ചിത്രമായി ബ്ലൈൻഡ്നെസ് പ്രദർശിപ്പിച്ചു. 2008 സെപ്റ്റംബർ 6-ന് ടൊറൻന്റോറോ ഇൻറർനാഷ ണൽ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി കാനഡയിൽ റിലീസ് ചെയ്തു.




ഫെർണാണ്ടോ മെറെല്ലസാണ് ബ്ലൈൻഡ്നെസിന്റെ ചലച്ചിത്രാവിഷ്കാരം നിർവഹിച്ചത്. മാർക്ക് റുഫലോ ഡോക്ടറായും ജൂലിയൻ മൂർ ഡോക്ടറുടെ ഭാര്യയായും അഭിനയിച്ചു.

അന്ധത എന്നത് പേരിടാത്ത ഒരു നഗരത്തിൽ, മിക്കവാറും എല്ലാവരെയും ബാധിക്കുന്ന ഒരുതരം കാഴ്ച നഷ്ടപ്പെടലാണ് . ബൗദ്ധിക അന്ധതയിൽ ചൂഴുന്ന നഗരമെന്നും പറയാം . വിശദീകരിക്കാനാകാത്ത ആ പകർച്ചവ്യാധിയുടെയും അതിവേഗം പിന്തുടരുന്ന സാമൂഹിക തകർച്ചയുടെയും കഥയാണിത്.

അന്ധത ബാധിച്ച നഗരത്തിന്റെയോ രാജ്യത്തിന്റെയോ പേര് വ്യക്തമാക്കിയിട്ടില്ല. നോവലിൽ കാലാതീതതയുടെയും സാർവത്രികതയുടെയും മാനങ്ങൾ നൽകുന്ന ചില സാംസ്കാരിക സൂചകങ്ങൾ കാണാം .ഒരു നേത്രരോഗവിദഗ്ദ്ധനും അദ്ദേഹത്തിന്റെ നിരവധി രോഗികളും മറ്റ് പലതരത്തിലുള്ള വ്യക്തികളും... അന്ധത ആദ്യമായി ബാധിച്ച, പേരിടാത്ത ഒരുപിടി



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
35 KSFDC

കഥാപാത്രങ്ങളുടെ നിർബന്ധിത പലായനം.... അജ്ഞാത മഹാമാരിയാൽ ഒഴിവാക്കപ്പെടുന്നവരുടെ, ഒറ്റപ്പെട്ട അഭയ മേഖലകളിലുള്ള മാറ്റിപ്പാർപ്പിക്കലിന്റെ , കുടിയൊഴിപ്പിക്കലിന്റെ ദുരനുഭവമാണ് നോവൽ പിന്തുടരുന്നത്.

നേത്രരോഗവിദഗ്ദ്ധന്റെ ഒപ്പമുള്ളവൾ (മുൻ ഡോക്ടറുടെ ഭാര്യ) പ്രതിരോധശേഷിയുള്ളവളാണ്. ബുദ്ധിമതിയാണ്. അതിനാൽ ദീർഘവും ആഘാതകരവുമായ ക്വാറൻറൈൻ കഴിഞ്ഞ്, അവൾ ദുരൂഹമായ അന്ധതയിൽ നിന്ന് രക്ഷപ്പെടുകയാണ് . ശുശ്രൂഷിക്കാൻ, അതിജീവിക്കാൻ അവർ ഒരു കുടുംബം പോലെയുള്ള അഭയാർത്ഥികളുടെ സംഘത്തിൽ ചേരുന്നു.



അന്ധതയുടെ പെട്ടെന്നുള്ള , വിശദീകരിക്കാനാകാത്ത ഉത്ഭവവും സ്വഭാവവും വ്യാപകമായ പരിഭ്രാന്തിക്ക് കാരണമായി. കൂടാതെ അടിച്ചമർത്തലും അധികാര ഹിംസയും കൊണ്ട് പകർച്ചവ്യാധി നിയന്ത്രിക്കാനും ക്രമസമാധാനം നിലനിർത്താനും സർക്കാർ ശ്രമിക്കുന്നതിനാൽ സാമൂഹിക ക്രമം അതിവേഗം സങ്കീർണമാവുന്നു.

നോവലിന്റെ ആദ്യഭാഗം കേന്ദ്ര കഥാപാത്രങ്ങളെയും അന്ധരാക്കപ്പെട്ടവരെയും അനാവരണം ചെയ്യുന്നു. ക്വാറൻറൈൻ ചെയ്യപ്പെടുന്ന, വൃത്തികെട്ടതും തിങ്ങിനിറഞ്ഞതുമായ അഭയ താവളത്തിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. ശുചിത്വം, ജീവിത സാഹചര്യങ്ങൾ, മനോവീര്യം എന്നിവ വളരെ ചുരുങ്ങിയ സമയത്തിനു ള്ളിൽ ഭയാനകമാംവിധം അധഃപതിക്കുന്നു . ഇത് മറ്റ് സമൂഹത്തിന്റെ ആശങ്കകളെ പ്രതിഫലിപ്പിക്കുന്നു.

ഡെലിവറി ക്രമക്കേടുകൾ , ഭക്ഷണത്തിന്റെ ലഭ്യതയെക്കുറിച്ചുള്ള ഉത്കണ്ഠ, ഐക്യദാർഢ്യത്തെ തുരങ്കം വയ്ക്കുന്ന പ്രവർത്തനങ്ങൾ, സംഘാടനത്തിന്റെ അഭാവം , സംഘർഷം തുടങ്ങിയവ അവിടെ കാണാം .

ഭക്ഷണമോ ജോലിയോ ശരിയായി വിതരണം ചെയ്യുന്നതിൽ നിന്ന് അന്തേവാസി കൾ തടയപ്പെടുന്നു . ആ താവളത്തിന്റെ കാവലിനും അന്തേവാസികളുടെ ക്ഷേമം നോക്കാനും നിയോഗിക്കപ്പെടുന്ന സൈനികർ ഒന്നിനുപുറകെ ഒന്നായി രോഗബാധിതരാ കുന്നത് കൂടുതൽ വിരോധാഭാസമായിത്തീരുന്നു. മരുന്ന് വിതരണം ചെയ്യാൻ സൈന്യം വിസമ്മതിക്കുന്നത് അണുബാധ മാരകമാണെന്ന് ഉറപ്പാക്കുന്നു. ആസന്നമായ രോഗവും രോഗികളുടെ രക്ഷപ്പെടൽ ശ്രമവും കാരണം ഭക്ഷണ വിതരണത്തിനായി കാത്തിരിക്കുന്ന അന്തേവാസികളുടെ ഒരു കൂട്ടത്തെ സൈനികർ വെടിവച്ചു വീഴ്ത്തുന്നു.

രോഗികളിൽപ്പെട്ട ഒരു സായുധ സംഘം ഭക്ഷണ വിതരണത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു. അവർ സഹ അന്തേവാസികളെ കീഴ്പ്പെടുത്തുകയും അക്രമാസക്തമായ ആക്രമണത്തിനും ബലാത്സംഗത്തിനും ഭക്ഷ ണമില്ലായ്മയ്ക്കും വിധേയമാക്കുകയും ചെയ്യുന്നു. സ്ഥിതിഗതികൾ കൂടുതൽ വഷളാകുന്നു.

സൈന്യം ആ താവളം ഉപേക്ഷിച്ചുപോയോ എന്ന് ഉറപ്പാക്കാൻ ശ്രമിക്കുന്ന അന്തേവാസികൾ പട്ടിണിയെ അഭിമുഖീകരിച്ച് പരസ്പരം പോരടിക്കുകയും ആ താവളം കത്തിക്കുകയും ചെയ്യുന്നു. അലങ്കോലമായ നഗരത്തിൽ അലഞ്ഞുതിരിഞ്ഞ് അതിജീവിക്കാൻ പരസ്പരം

പോരാടുന്ന നിസ്സഹായരായ അന്ധരോഗികളുടെ കൂട്ടത്തോടൊപ്പം പ്രധാന കഥാപാത്രങ്ങളും ചേരുന്നു.

തുടർന്ന് കഥ സഞ്ചരിക്കുന്നത് ഡോക്ടർ , മുൻ ഡോക്ടറുടെ ഭാര്യ, അവരുടെ പരിചരണത്തിൽ കഴിയുന്നവർ തുടങ്ങിയവരിലൂടെയാണ്. ഈ ഘട്ടത്തിൽ, സമൂഹത്തിന്റെ തകർച്ച ഏതാണ്ട് പൂർണ്ണമായിരിക്കുന്നു എന്ന് വ്യക്തമാവുന്നു. ക്രമസമാധാനം, സാമൂഹിക സേവനങ്ങൾ, സർക്കാർ, സ്കൂളുകൾ തുടങ്ങിയവ ഇനിമേൽ പ്രവർത്തിക്കില്ല. കുടുംബങ്ങൾ വേർപിരിഞ്ഞു . അവർക്ക് ഇനി പരസ്പരം കണ്ടെത്താനും കഴിയുകയില്ല.

അജ്ഞാത അന്ധരോഗികൾ, ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളിൽ പതുങ്ങിനിൽക്കുകയും ഭക്ഷണത്തിനായി നെട്ടോട്ടമോടുന്നു. അക്രമവും രോഗവും നിരാശയും മനുഷ്യനെ കീഴടക്കുന്ന ഭീഷണി പടർന്നിട്ടുണ്ട് . നഗര ജീവിതത്തെ അന്ധതയുടെ മഹാമാരി വിവരണാതീതമായി അത് അടിച്ചമർത്തുമ്പോൾ , ഡോക്ടറും മുൻ ഡോക്ടറുടെ ഭാര്യയും അവരുടെ പുതിയ സംഘവും ഒടുവിൽ ഡോക്ടറുടെ വീട്ടിൽ തന്നെ താമസമാക്കുന്നു . അവിടെ അവരുടെ ജീവിതത്തിന് ഒരു പുതിയ ജീവിതക്രമം വരികയാണ്. ഒരു ഏകാധിപത്യ ഗവൺമെന്റിന്റെ കീഴിലാണെന്ന് തോന്നിപ്പിക്കുന്ന സമകാലികമായ ഒരു വലിയ നഗരത്തിലാണ് മെറെല്ലസ് സിനിമ ഒരുക്കിയത്. പ്രേക്ഷകർക്ക് കഥാപാത്രങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്ന തരത്തിലുള്ള ഒരു സമകാലിക സിനിമയായി ഈ പ്രമേയം കൈകാര്യം ചെയ്യണമെന്ന് മെറെല്ലസ് ഉദ്ദേശിച്ചതിനാൽ ഒരു ആക്ഷൻ ത്രില്ലർ സ്വഭാവം അദ്ദേഹം തിരഞ്ഞെടുത്തു.

വ്യത്യസ്തമായ സാങ്കൽപ്പിക സമീപനം ഉള്ള ഈ നോവലിനെ അദ്ദേഹം വിശേഷിപ്പിച്ചത്, ബഹിരാകാശത്തിന് പുറത്ത്, ലോകത്തിന് പുറത്ത് , ഒരു ഫാൻറസി പോലെ വളരെ സാങ്കൽപ്പികമാണ് ആ അജ്ഞാത അന്ധതയും നഗരവും എന്നാണ്. ●



October Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society


KSFDC



# ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ




വിനോദ് കുമാർ. പി.



ജോൺ ഫോർഡ് സംവിധാനം ചെയ്ത് 1940-ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ ചലച്ചിത്രമാണ് ദി ഗ്രേപ്സ് ഓഫ് റാത്ത ( The Grapes of Wrath).

1939ലെ പുലിറ്റ്സർ സമ്മാനം നേടിയ ജോൺ സ്റ്റെയിൻബക്കിന്റെ നോവലിനെ അടിസ്ഥാനമാക്കി നിർമ്മിച്ചതാണ് ഈ സിനിമ. 1962-ൽ ജോൺ സ്റ്റെയിൻബക്കിന് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചപ്പോൾ ഈ കൃതി പ്രത്യേക മായി പരാമർശിക്കപ്പെട്ടു.

മഹാമാന്ദ്യത്തിന്റെ കാലഘട്ടത്തിൽ, വരൾച്ച, സാമ്പത്തിക ബുദ്ധിമുട്ടുകൾ, കാർഷിക വ്യവസായ മാറ്റങ്ങൾ, കുടിയാൻ കർഷകരെ ജോലിയിൽ നിന്ന് പുറത്താക്കുന്ന ബാങ്ക് ജപ്തികൾ തുടങ്ങിയ കാരണങ്ങളാൽ ഒക്‌ലഹോമയിൽ നിന്ന് കാലിഫോർണിയയിലേക്കുള്ള കുടിയേറ്റമാണ് ഈ സിനിമയുടെ ഇതിവൃത്തം.1930-കളിൽ അമേരിക്കൻ- കനേഡിയൻ പുൽമേടുകളിൽ മൂന്ന് ഘട്ടങ്ങളിലായി വീശിയടിച്ച കടുത്ത പൊടിക്കാറ്റ് പരിസ്ഥിതിയെയും ആവാസ വ്യവസ്ഥയെയും കാർഷിക മേഖലയെയും സാരമായി ബാധിച്ചു .പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ പല കാരണങ്ങൾ ഈ ദുരന്ത പ്രതിഭാസത്തിന് പിന്നിലുണ്ട് .




5,00,000-ത്തിലധികം അമേരിക്കക്കാർ ഭവനരഹിതരായി. ഒരു കൊടുങ്കാറ്റിൽ മാത്രം 350-ലധികം വീടുകൾ തകർന്നു. കാറ്റിന്റെ ശക്തിമൂലമുള്ള മണ്ണൊലിപ്പ് തടയാൻ കൃഷിരീതികൾക്കായില്ല .പ്രകൃതി ദത്തമായ മേൽമണ്ണ് നശിപ്പിക്കപ്പെട്ടു. പുരയിടങ്ങൾ ഉപേക്ഷിക്കപ്പെട്ടതും മേൽമണ്ണിന്റെ നഷ്ടവും സാമ്പത്തിക നാശവും വ്യാപകമായ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും നയിച്ചു.

നാല് വർഷം നീണ്ടുനിന്ന വരൾച്ച കാരണം നിരവധി കുടുംബങ്ങൾ തങ്ങളുടെ കൃഷിയിടങ്ങൾ ഉപേക്ഷിച്ച് ജോലി തേടി മറ്റ് പ്രദേശങ്ങളിലേക്ക് പോകാൻ നിർബന്ധിതരായി. ടെക്സസ് ,ഒക്ലഹോമ എന്നിവിടങ്ങളിൽ നിന്നും ചുറ്റുമുള്ള അതിവിശാല മേടുകളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർ സമീപ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. കുടിയേറ്റക്കാർ കാലിഫോർണിയയിൽ എത്തുമ്പോൾ അവർ അഭിമുഖീകരിക്കുന്ന അന്യായമായ തൊഴിൽ സാഹചര്യങ്ങളെ മനോഹരമായി തന്നെ ഈ ചിത്രം അവതരിപ്പിക്കുന്നു. ജോഡ്സ് കുടുംബത്തെയും ബന്ധുക്കളായ കർഷകരെയും കഥാഗതി കേന്ദ്രീകരിക്കുന്നു. അതോടൊപ്പം തന്നെ സാമൂഹിക മാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന അധ്വാനവർഗ സിനിമയുമാണ് ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ .

നോവലിൽ, ക്രോധത്തിന്റെ മുന്തിരി എന്നതിന്റെ അർത്ഥം ജോഡ്സിന്റെ സ്വപ്നങ്ങളെ

തകർത്ത അധികാരവർഗ വ്യവസ്ഥകളോടുള്ള ദേഷ്യമാണ്.നോവലിലെ ഏറ്റവും പ്രബലമായ സംഘർഷചേരികൾ മനുഷ്യനും സമൂഹ വുമാണ്.എക്കാലത്തെയും മികച്ച കുടിയേറ്റ – പലായന ചിത്രമായാണ് ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ വിലയിരുത്തപ്പെടുന്നത്. ക്രോധത്തിന്റെ മുന്തിരിവള്ളിയിലൂടെ, അധികാര വർഗത്തിനെതിരെ പ്രതിഷേധിക്കാ



നുള്ള തന്റെ ആശയം നോവലിസ്റ്റ് പ്രകട മാക്കുന്നു. കാലിഫോർണിയയിലെ കുടിയേറ്റ തൊഴിലാളികൾ നേരിടുന്ന മോശം അവസ്ഥ യെക്കുറിച്ച് അദ്ദേഹം പ്രതികരിക്കുന്നു . ലോകവ്യാപകമായി തൊഴിലാളിവർഗ ബോധം



സോഷ്യലിസത്തിനായുള്ള രൂപീകരണ പ്രക്രിയയിലാണെന്ന് അദ്ദേഹം പ്രഖ്യാപി ക്കുന്നുമുണ്ട്.


ഭൂമിക്കും മനുഷ്യർക്കും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഫലഭൂയിഷ്ഠതയെക്കുറിച്ച് നോവ ലിൽ അഗാധമായ ഉത്കണ്ഠകളുണ്ട് . കഷ്ടപ്പാ ടുകളാലും വേദനകളാലും പോഷിപ്പിക്കുക യും വളർത്തുകയും ചെയ്യുന്ന ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങളെ ഒരു രൂപകമാക്കുന്നു. ●



# സുബർണ്ണ രേഖ



ഷീബ. എസ്. ജെയിംസ്




സംവിധാനം - **ഋതിക് ഘട്ടക്**
റിലീസ് - 1965 ഒക്ടോബർ 1
സമയം - 143 മിനിറ്റ്.
ഭാഷ - ബംഗാളി.

അഭിനേതാക്കൾ - അഭി ഭട്ടാചാര്യ.
ബിജോൺ ഭട്ടാചാര്യ.
ഇന്ദ്രാണി ചക്രവർത്തി.
മാധബി മുഖർജി
സതീന്ദ്ര ഭട്ടാചാര്യ.

ഛായാഗ്രഹണം - ദിലീപ് രാജൻ മുഖർജി.
സംഗീതം - ഉസ്താദ് ബഹ്മൂർഖാൻ

ഋതിക് ഘട്ടക്കിന്റെ സുബർണ്ണരേഖ 1947 - ലെ ഇന്ത്യാവിഭജനത്തിന് ശേഷമുള്ള ഒരു അഭയാർത്ഥി കുടുംബത്തിന്റെ ജീവിത കഥയാണ്.
കിഴക്കൻ പാകിസ്ഥാനിൽ നിന്ന് മാതാപിതാക്കൾ നഷ്ടപ്പെട്ട് അഭയാർത്ഥികളായി വന്ന ഈശ്വരിന്റെയും, സഹോദരി സീതയുടെയും കഥ സ്വന്തം ദേശത്ത് നിന്നും പലായനം ചെയ്യുന്ന ജനതയുടെ പ്രതിനിധാനമാണ് . കിഴക്കൻ ഇന്ത്യയിലെ ജാർഖണ്ഡ് സംസ്ഥാനത്തിലൂടെ പശ്ചിമ ബംഗാളിലേക്ക് ഒഴുകുന്ന സ്വർണ്ണരേഖ എന്ന് പേരുള്ള നദിക്കരയിലെ ബെസ്റ്റി യിൽ നിന്നാണ് കഥയുടെ തുടക്കം.

കിഴക്കൻ ബംഗാളിൽ നിന്നുള്ള അഭയാർത്ഥികൾക്കായി ന്യൂലൈഫ് കോളനി എന്ന് വിളിക്കപ്പെടുന്ന ഒരു ക്യാമ്പാണ് ബെസ്റ്റി . ബംഗാളിലെ പ്രാദേശിക ജമീന്താരുടെ ഉപയോഗശൂന്യമായ തരിശുനിലത്തിലാണ് ഈ ക്യാമ്പ് സ്ഥിതി ചെയ്യുന്നത്. ഈശ്വറും, കുഞ്ഞു സീതയും, തന്റെ സുഹൃത്ത് ഹരിപ്രസാദിന്റെ കുടുംബത്തോടൊപ്പമാണ് അഭയാർത്ഥി ക്യാമ്പിൽ എത്തുന്നത്.

ക്യാമ്പിൽ ജമീന്താരുടെ ഗുണ്ടകൾ ഒരു താഴ്ന്ന ജാതിക്കാരി സ്ത്രീയെ ബലമായി പിടിച്ചു കൊണ്ടുപോകുന്നത് ഈശ്വർ കാണുന്നു. അമ്മയിൽ നിന്ന് വേർപെട്ട് അനാഥനാകുന്ന ആ ചെറിയ ബാലനെ ( അഭിറാം ) ഈശ്വർ ഒപ്പം കൂട്ടുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് പോലും ബംഗാളി ൽ നിലനിന്നിരുന്ന ജാതി വ്യവസ്ഥയുടെ ഒരു ക്രൂരമായ ചിത്രമാണ് ഇവിടെ നാം കാണുന്നത്. ഭൂവുടമകളുടെ ഉത്തരവിനാൽ അഭയാർത്ഥി ക്യാമ്പുകളിൽ നിന്ന് പോലും താഴ്ന്നജാതിക്കാരെ മാറ്റിയിരുന്നു.



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
40 KSFDC



സുബർണരേഖാ നദിക്കടുത്തുള്ള പ്രവിശ്യ യിലെ ഒരു ഇരുമ്പ് ഫാക്ടറി യിൽ ഈശ്വറിന്, തന്റെ കോളേജ് സുഹൃത്ത് റാംബിലാസ് ഒരു ജോലി തരപ്പെടുത്തുന്നു. അങ്ങനെ ഈശ്വർ, സീത, അഭിറാം എന്നിവർ ഘട്ശിലയ്ക്കടുത്തുള്ള ഒരു ചെറിയ സെറ്റിൽമെന്റായ ചാറ്റിമ്പൂരിൽ താമസി ക്കാനെത്തുന്നു. അവിടെ അവർ ഫൗറി വർക് ഷോപ്പിന്റെ ഫോർമാൻ മുഖർജിയെ കണ്ടുമുട്ടി. അയാൾ അവരെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

അധികം താമസിക്കാതെ അഭിറാമിനെ വി ദ്യാഭ്യാസത്തിനായി ഹോസ്റ്റലിലേക്ക് മാറ്റി. സീത സഹോദരനെ പരിചരിക്കാൻ തന്റെ ജീവിതം ഉപയോഗിച്ചു. ഹിന്ദുസ്ഥാനി ശാ സ്ത്രീയ സംഗീതം ഏകാകിയായ അവളുടെ ജീവിതത്തിന് സന്തോഷം നൽകി. അഭിറാം തന്റെ
പഠനം ഉയർന്ന മാർക്കിൽ, വിജയകരമായി പൂർത്തിയാക്കി വരുമ്പോൾ സീത ഹിന്ദുസ്ഥാനി സംഗീതത്തിൽ പ്രാഗത്ഭ്യം നേടിയ ഒരു സുന്ദരി യുവതി യായി മാറിയിരുന്നു.

ഈശ്വറിനെ പുതിയ മാനേജരായി നിയമിച്ച ദിവസമാണ് അഭിറാം പഠനം പൂർത്തിയാക്കി എത്തുന്നത്. അഭിരാ മിന് എഞ്ചിനീയ റിംഗ് കരിയർ തുടങ്ങാനാ യി ഈശ്വർ ഒരു ജർമ്മൻ യൂണിവേ ഴ്സിറ്റിയിൽ അപേക്ഷ കൊടുത്തിരുന്നു. ഇത് വളർത്തു സഹോദരനായ അഭിറാമിനെ അത്ഭുത പ്പെടുത്തിയെങ്കിലും അവനത് നിരസിച്ചു. ഒരു പത്ര പ്രവർത്തകൻ ആകാനുള്ള തീരുമാനം അറിയിക്കുകയാണ് അവൻ ചെയ്തത്.

പ്രണയത്തിലായിരുന്ന അഭിരാമും സീതയും വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന കാര്യം ഈശ്വറിനോട് സംസാരിക്കുന്നു. അതിനിടയിൽ മരണാസന്നയായ അമ്മയെ, റെയിൽവേസ്റ്റേഷ നിൽ കൂടി നിന്ന നിരവധി ആൾക്കാരുടെ മുന്നിൽ വച്ച് അഭിറാം തിരിച്ചറിയുന്നു. ഇതോടെ അഭിറാമിന്റെ ജാതി ആളുകൾ മനസ്സിലാക്കി .ഇത് കാരണം ഈശ്വർ തന്റെ ഫാക്ടറി



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
41
KSFDC

ജോലി പോകുമോ? എന്ന് പോലും ഭയക്കുന്നു. ഈശ്വർ ബ്രാഹ്മണജാതി ആയത് കൊണ്ടു മാത്രമാണ് കൂട്ടുകാരൻ ജോലി വാങ്ങി കൊടുത്തത്.

ബ്രാഹ്മണ ആയ തന്റെ സഹോദരി താഴ്ന്ന ജാതിയിലെ ഒരാളെ വിവാഹം ചെയ്യുന്നത് ഈശ്വറിന് അംഗീകരിക്കാൻ പറ്റുമായിരുന്നില്ല. അയാൾ അപകടം മനസ്സിലാക്കി അഭിറാമിനെ കൊൽക്കൊത്തയിലേക്ക് പറഞ്ഞു വിടുന്നു. സീതയുടെ വിവാഹം മറ്റൊരു പുരുഷനുമായി ഉറപ്പിച്ചു. എന്നാൽ വിവാഹ ദിവസം അഭിറാമും സീതയും ഒളിച്ചോടി കൊൽക്കൊത്തയിലേക്ക് പോകുന്നു. സീതയും അഭിരാമും കൊൽക്കൊത്തയിലെ ചേരികളി ൽ താമസിച്ച്, ജീവിതത്തിന്റെ രറ്റവും കൂട്ടി മുട്ടിക്കാൻ പാട് പെടുമ്പോൾ ഈശ്വർ നിരാശനായി, ഏകനായി ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ പാടുപെടുന്നു.

സീതയ്ക്ക് ഒരു കുഞ്ഞു പിറന്നു. അവന്റെ പേരാണ് ബിനു. അങ്ങനെയിരിക്കെ, അഭിരാ മിന് ബസ് ഡ്രൈവർ ആയി ഒരു പുതിയ ജോലി ലഭിക്കുന്നു. അത് ഒരു വലിയ ദുരന്തത്തിലേക്ക് അവരുടെ ജീവിതത്തെ കൊണ്ടെത്തിച്ചു. അബദ്ധത്തിൽ ഒരു കൊച്ചു പെൺകുട്ടി ബസ് തട്ടി മരണപ്പെടുമ്പോൾ ക്ഷുഭിതരായ ആൾക്കൂട്ടം അവനെ തല്ലി കൊന്നു.

അഭിരാമിന്റെ മരണത്തോടെ, ജീവിക്കാൻ മറ്റ് മാർഗ്ഗമൊന്നും ഇല്ലാതെ വേശ്യാവൃത്തി തൊഴിലാക്കാൻ സീത നിർബന്ധിതയായി. പാടാനും, നൃത്തം ചെയ്യാനും ഉള്ള സ്ത്രീയു ടെ കഴിവുകളെ വിൽക്കാൻ പറ്റിയ ഒരിടം കൂടി ആയിരുന്നു ഈ തൊഴിലിടങ്ങൾ. ഈശ്വറിനെ കാണാൻ തന്റെ പഴയ സുഹൃത്ത് ഹരി പ്രസാദ് എത്തുന്നതോടെയാണ് കഥാഗതി വീണ്ടും മാറി മറിയുന്നത്. അവർ തങ്ങ ളുടെ കുമുട്ടൽ ആഘോഷിക്കുന്നതിന ായി കൊൽക്കൊത്തയിലേക്ക് പോകാൻ തീരുമാനിക്കുന്നു. അങ്ങനെ അവർ ഒരു വേശ്യാലയത്തിൽ എത്തുന്നു. ഇരുവരും നന്നായി മദ്യപിച്ചതിനുശേഷം കിടപ്പുമുറികളി ലൊന്നിലേക്ക് കയറുന്നു.

ഈശ്വർ കയറിയ മുറിയിൽ, അയാൾ സീത യെ അഭിമുഖീകരിക്കുന്നു. സീത ഉടൻ അയാളെ തിരിച്ചറിയുകയും, തന്റെ ജീവിതം സഹോദരൻ അറിയും മുൻപ് അവൾ കത്തി കൊണ്ടു സ്വന്തം കഴുത്ത് മുറിക്കുന്നു. അവളു ടെ ആത്മഹത്യ വീണ്ടും മറ്റൊരു ദുരന്തത്തിന് കൂടി കാരണമാകുന്നു.കുടിയേറ്റക്കാരുടെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യ ബന്ധങ്ങൾ കത്തുകയല്ല, മറിച്ച് ദുരന്തത്തിൽ നിന്ന് ഒരു പ്രമേയം സൃഷ്ടിക്കുകയായിരുന്നു ഋത്വിക് ഘട്ടക്ക്.

സുബർണരേഖയിലെ ആദ്യ ഡയലോഗുകളിൽ ഒന്ന് സീത ഹരി പ്രസാദിനോട് ചോദിക്കുന്നതാ ണ്. ഞങ്ങളുടെ ഗ്രാമം വിട്ടപ്പോൾ ഞങ്ങളുടെ പുതിയ വീട്ടിലേക്ക് പോകുന്നു എന്ന് നിങ്ങൾ പറഞ്ഞു. ഇത് ഞങ്ങളുടെ പുതിയ വീടാ ണെങ്കിൽ ഇവിടെ എന്തിനാ ഇത്രയധികം വഴക്കുകൾ? . നിരാശ ജനകമായ ആ ജീവിത ത്തിലും പുതിയ വീടും, മെച്ചപ്പെട്ട ജീവിതവും എല്ലാം ഈശ്വർ തന്റെ സഹോദരിക്ക് അന്ന് വാഗ്ദാനം ചെയ്തിരുന്നു.

അതുപോലെ സിനിമയുടെ തുടക്കത്തിൽ, ഈശ്വറും സീതയും പശ്ചിമ ബംഗാളിൽ അവ രുടെ പുതിയ വീട്ടിലേക്ക് വരുമ്പോൾ അവിടെ നീല പർവ്വതവും, മനോഹരമായ പൂക്കളും, പക്ഷികളും, ചിത്രശലഭങ്ങളും ഉണ്ടോ? എന്ന് അവൾ സഹോദരനോട് ചോദിക്കുന്നു് . കുഞ്ഞു പ്രായത്തിൽ അവൾ സൂര്യന്റെ നിഴലിൽ പുൽമേടുകളിൽ ഒളിച്ചു കളിച്ചിരുന്നു. ധനേർശേഷ രൗദ്രഛായയേ ലുക്കോച്ചുരിർഖേല എന്ന പാട്ട് കളിക്കുമ്പോൾ ആലപിക്കു മായിരുന്നു. ഇത് അവൾ സ്വപ്നം കണ്ട പുതിയ വീടിനെ പ്രതിനിധീകരിക്കുന്നുണ്ട് .
ഈ പാട്ട് സീത തന്റെ മകൻ ബിനുവിനെയും പഠിപ്പിക്കുന്നു. പുതിയ വീട് എന്ന അവളു

ടെ സ്വപ്നവും, ഒരു നല്ല ജീവിതവും എല്ലാം ഒരു വിദൂര സ്വപ്നമാക്കി ഒരു കറിക്കത്തിയിൽ സീത തന്റെ ജീവിതം അവസാനിപ്പിച്ചു .

സിനിമയുടെ അവസാന ഭാഗത്തിൽ കാ ണുന്നത് സീതയ്ക്ക് എന്താണ് സംഭവിച്ചത് എന്ന് മനസ്സിലാക്കിയശേഷം ഈശ്വർ, സീതയു ടെ മകൻ ബിനുവിനെ ചേർത്തു പിടിക്കുന്ന താണ്. ഈശ്വറും ബിനുവും ഘട്ശിലയിലെ റയിൽവേസ്റ്റേഷനിൽ എത്തുന്നു. ട്രെയിൻ പുറപ്പെടുമ്പോൾ, ഫോർമാൻ മുഖർജിയിൽ നിന്ന് ഈശ്വറിന് ഒരു കത്ത് ലഭിക്കുന്നു. അതിൽ ഈശ്വറിന്റെ സത്യസന്ധതയും, സഹോദരിയുടെ ആത്മഹത്യക്ക് ശേഷം അയാൾ നേരിട്ട നിയമപരമായ കാര്യങ്ങളും കാണിച്ച് അയാളെ മാനേജർ സ്ഥാനത്ത് നിന്ന് നീക്കം ചെയ്തതായി പറഞ്ഞിരിക്കുന്നു. ഈശ്വറിനോട് ക്വാർട്ടേഴ്സ് ഒഴിയാനും ആവ ശ്യപ്പെട്ടിട്ടുണ്ട്.

ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവനും, ഭവന രഹിതനും ആണ് ഈശ്വർ. എങ്കിലും ബിനു അയാളിൽ പ്രതീക്ഷ വളർത്തുന്നു. ഈശ്വർ അവനെയും കൊണ്ട് സുബർണരേഖയുടെ തീരത്ത് എത്തുമ്പോൾ സീത പഠിപ്പിച്ച പഴയ ഗാനം ആലപിക്കുന്നു. പുതിയ വീട് അമ്മ വിവരിച്ചത് പോലെയാണോ? എന്ന് ഈശ്വറി നോട് അവൻ ചോദിക്കുമ്പോൾ അതേ എന്ന യാൾ മറുപടി പറയുന്നു.

കുടിയേറ്റക്കാരുടെ ദുരിത കഥയാണ് സുബ ർണരേഖ. ആഖ്യാനത്തിലെ വിവിധ ഘട്ടങ്ങൾ ചരിത്രപരമായ അവസ്ഥകളിലൂടെയും, അക്കാലത്തെ ജീവിതനേർകാഴ്ച്ചയിലൂടെയും വ്യക്തമാക്കുന്നു. അഭയാർത്ഥികൾ തങ്ങളുടെ വീടുകൾ പുതുതായി നിർമ്മിക്കപ്പെടുമെന്ന പ്രതീക്ഷയിൽ ആണ് ക്യാമ്പിൽ കഴിയുന്നത്. എന്നാൽ പുതിയ വീട് ഒരു സ്വപ്നമായി അവശേഷിക്കുന്നതും, ജാതി തിരിവ് കാരണം ഉായ തിക്താനുഭവങ്ങളും കാഴ്ചക്കാരന് കൃത്രിമം ഒട്ടും ഇല്ലാതെ സിനിമ കാണിച്ചു തരുന്നു. പ്രതീക്ഷയ്ക്ക് വകയില്ലാത്ത അവസ്ഥയി ൽ സിനിമ അവസാനിക്കുമ്പോഴും കുടിയേ റ്റക്കാരുടെ സുരക്ഷ, പ്രത്യാശ, ഭാവി, സ്വാതന്ത്ര്യം എന്നിവ വളരെ സൂക്ഷ്മമായി തന്നെ സിനിമ പകർത്തിയിട്ടുണ്ട്.

സുബർണരേഖ അഭി ഭട്ടാചാര്യയ്ക്ക് ഏറ്റവും മികച്ച വേഷം നൽകുന്നു. തന്റെ ലോകം ചുറ്റുമുള്ള അവശിഷ്ടങ്ങളിൽ കിടക്കുമ്പോഴും ഈശ്വർ എന്ന കഥാപാത്ര ത്തെ വളരെ സംയമനത്തോടെ അദ്ദേഹം അവതരിപ്പിക്കുന്നു. മാധവി മുഖർജി സീതയെ ആവിഷ്കരിക്കുന്നു. മറ്റൊരു മികച്ച പ്രകടനം ശ്രദ്ധേയനായ നോവലിസ്റ്റ് ആയ സിജോൺ ഭട്ടാചാര്യയിൽ നിന്നാണ്. ഋതിക് ഘട്ടക്കിന്റെ സംവിധാനത്തിൽ, ഇന്ത്യാ - പാകിസ്ഥാൻ വിഭജനത്തിന്റെ അനന്തര ഫലങ്ങൾ തുറന്നു കാട്ടി നിർമ്മിക്കുന്ന മൂന്നാമത്തെ ചിത്രമാണ് സുബർണ്ണരേഖ .



October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

43

KSFDC


പ്രതികരണം

# കഴിഞ്ഞ നൂറ്റാണ്ടിന്റെ അത്യപൂർവ്വരാഷ്ട്രീയ സൗന്ദര്യശാസ്ത്ര ബോധനങ്ങൾ

## (സെപ്തംബർ ഫിലിം ഫെസ്റ്റിവൽ)



ജോൺ തോമസ്

ടൈമിലും സ്പേസിലും ആയി മനുഷ്യ ഭാവനയ്ക്ക് വർണ്ണരാജികൾ വിടർത്താൻ കഴിയുന്ന സിനിമ എന്ന കലാരൂപത്തെ കുറിച്ചുള്ള സെമിനാർ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി.എൻ. കരുണിന്റെ പ്രഭാഷണത്തോടെയാണ് ഫിൽക്ക ഫിലിം സൊസൈറ്റിയുടെ 2024 സെപ്റ്റംബർ മാസത്തെ ' പ്രത്യയശാസ്ത്രത്തിന്റെ ചരിത്ര പാഠ ചലച്ചിത്ര അധ്യായങ്ങൾ ' എന്ന തലക്കെട്ടോടുകൂടിയ ചലച്ചിത്രമേള രാവിലെ ആരംഭിച്ചത്.

മേളയിലെ ആദ്യ ചിത്രമായ റോസ ലക്സംബർഗ് , മുഖാമുഖം എന്നിവ പ്രദർശി പ്പിക്കുകയും ഉച്ചയ്ക്ക് ശേഷം ശേഷം ഫെസ്റ്റിവൽ ഉദ്ഘാടന ചടങ്ങ് നടക്കുകയും ചെയ്തു. ജോയിൻറ് കൗൺസിൽ - നന്മ ഫിലിം സൊസൈറ്റിയുടെ സഹകരണത്തോടെ ജോയിൻറ് കൗൺസിൽ മദനമോഹൻ എ. സി ഹാളിൽ നടന്ന മേളയുടെ ഉദ്ഘാടനം സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ നിർവഹിച്ചു.

ചടങ്ങിൽ സാബു ശങ്കർ, വിജയകൃഷ്ണൻ, ജോയിൻറ് കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിംഗൽ, ഫിൽക്കാ ഫിലിം സൊസൈറ്റി പ്രസിഡൻറ് ഡോ. ബി. രാധാകൃഷ്ണൻ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ ജില്ലാ പ്രസിഡന്റ് അഡ്വ. ഫിലിപ്പ് ജോസഫ്, ഫിൽക്കാ ഫിലിം സൊസൈറ്റി വൈസ് പ്രസിഡന്റ് ഗിരിജ സുരേന്ദ്രൻ എന്നിവരും സംസാരിച്ചു.

വിദ്യാർത്ഥികൾക്കായി നടത്തിയ ഫിലിം ക്വിസ് മത്സരം അവലോകനം ചെയ്തുകൊണ്ട് ക്വിസ് മാസ്റ്റർ കൂടിയായിരുന്ന ചലച്ചിത്ര നിരൂപ കൻ വിജയകൃഷ്ണൻ , ചലച്ചിത്ര കലയുടെ സാക്ഷരതയുടെ സംസ്കാരിക പ്രാധാന്യം യുവതലമുറയിൽ എത്തേണ്ടതുണ്ടെന്ന് വിശദീകരിച്ചു.മേളയിൽ അവതരിപ്പിച്ച ഓരോ ചിത്രത്തെക്കുറിച്ചും ലഘു വിവരണം നൽകിയതോടൊപ്പം അവ മേളയുടെ തലക്കെട്ടുമായി എപ്രകാരമാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് മേള ക്യൂറേറ്റ് ചെയ്ത നോവലിസ്റ്റ് - ചലച്ചിത്ര ഗ്രന്ഥകാരൻ സാബു ശങ്കർ വിശദീകരിച്ചു.




വിദ്യാഭ്യാസാനന്തരം സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടയായി തന്റെ കർമ്മമേഖലയായി ജർമ്മനി തെരഞ്ഞെടുത്ത പോളിഷ് വംശജയാണ് റോസ ലക്സംബർഗ്. ഒന്നാം ലോകമഹായുദ്ധകാലത്ത് താൻ അംഗമായ ജർമൻ സോഷ്യലിസ്റ്റ് പാർട്ടി, ദേശീയതയുടെ പേര് പറഞ്ഞ് യുദ്ധത്തിന് കാരണക്കാരായ ജർമ്മനിയെ പിന്തുണച്ചപ്പോൾ ഇടുങ്ങിയ ദേശീയ നിലപാടുകൾ സ്വീകരിക്കേണ്ട അവസരമല്ലിതെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്പാർട്ടക്കസ് ലീഗ് എന്ന പ്രത്യേക പാർട്ടി രൂപീകരിക്കുകയാണ് റോസ ചെയ്തത്. സോഷ്യലിസ്റ്റ് പാർട്ടി യാന്ത്രികവും മനുഷ്യാന്തസ്സിന് നിരക്കാത്തതുമായ നയസമീപനങ്ങൾ സ്വീകരിക്കുന്നതിനെതിരായി നിരന്തര വിപ്ലവത്തിന് അവർ ആഹ്വാനം ചെയ്യുന്നുണ്ട്. പത്രപ്രവർത്തനം, ജനങ്ങളെ ആവേശം കൊള്ളിക്കാൻ കഴിയുന്ന


പ്രസംഗങ്ങൾ എന്നിവയിലൂടെയുള്ള ദേശവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ യുദ്ധകാലത്ത് ജയിൽവാസം അനുഭവിക്കേണ്ടിവന്ന റോസ യുദ്ധാനന്തരം തന്റെ മുൻകാല സഹപ്രവർത്തകരുടെ നേതൃത്വത്തിൽ വന്ന ഭരണകൂടത്തിന്റെ പോലീസിനാൽ വധിക്കപ്പെടുന്നു.



ഒരു വനിതാ സംവിധായികയുടെ (മാർഗറീത് വോൺ ട്രോട്ട) സിനിമ ആയതുകൊണ്ട് കൂടിയാവണം റോസ ലക്സംബർഗിന്റെ മൃദുല വികാരങ്ങൾ, ഭാവങ്ങൾ എന്നിവ അവരുടെ പോരാട്ടവീര്യം തുടിക്കുന്ന രംഗങ്ങളോടൊപ്പം പ്രാധാന്യത്തോടെ ചിത്രീകരിച്ചത്. കിളികളുടെ കൂജനം ശ്രവിക്കുന്ന റോസ...അവർ സ്നേഹിച്ച മിമി എന്ന പൂച്ചയുടെ സാന്നിധ്യം (പൂ ച്ചയെ നോക്കാൻ ഏൽപ്പിച്ചിട്ടാണ് ജയിലിൽ പോകുന്നതു പോലും)... പൂന്തോട്ടം നിർമ്മിക്കുന്നതിൽ പുലർത്തുന്ന ശ്രദ്ധ (ജയിലിൽ പോലും റോസും മറ്റുമടങ്ങിയ പൂന്തോട്ടം അവർ നിർമ്മിക്കുന്നുണ്ട്)... ലോകവും പാർട്ടിയും തന്റെ ഇച്ഛക്കനുസരിച്ചല്ല വിപരീത ദിശയിലേക്കാണ് നീങ്ങുന്നതെന്ന് ദുഃഖത്തോടെ മനസ്സിലാക്കുന്ന റോസ താൻ നിർമ്മിച്ച പൂന്തോട്ടത്തിൽ ഇരിപ്പിടമിട്ട് നിശബ്ദയായിരിക്കാൻ ആഗ്രഹിക്കുന്നു. വായിക്കാൻ വനിതാ ജയിലിലെ സഹതടവുകാരെ പ്രേരിപ്പിക്കുന്നു... 'അന്നാ കരനീന' എന്ന വിഖ്യാത നോവൽ വായിക്കാൻ കൊടുക്കുന്ന റോസ, ടോൾസ്റ്റോയിയെ 'മഹാനായ കവി' എന്ന് വിശേഷിപ്പിക്കുന്നു... സ്വന്തം വീട്ടിലെത്തുമ്പോഴും സഹോദരി ഉൾപ്പെടെയുള്ളവരെ കാണുമ്പോഴും, ഉള്ള സന്തോഷം... അവർക്ക് നിഷേധിക്കപ്പെടുന്നതും ലഭിക്കാതെ പോകുന്നതുമായ പ്രണയ ബന്ധങ്ങൾ... എല്ലാം ചേതോഹരമായി അവതരിപ്പിച്ചിരിക്കുന്നു ബാർബറാ സുകോവ എന്ന നടി.

വ്യക്തിതാല്പര്യവും സുഖവും ത്യജിച്ച് സാമൂഹികമായ മാറ്റത്തിന് ഊന്നൽ നൽകി പ്രവർത്തിച്ച ആദർശനിഷ്ഠനായ കമ്മ്യൂണിസ്റ്റും ട്രേഡ് യൂണിയൻ നേതാവുമായ ശ്രീധരനാണ് 1984 ലെ അടൂർ ഗോപാലകൃഷ്ണൻ ചിത്രം മുഖാമുഖത്തിലെ മുഖ്യ കഥാ പാത്രം. 1950 കളുടെ തുടക്കത്തിലെ ശ്രീധരൻ ആയിരുന്നുവത്. തുടർന്ന് പത്തു വർഷത്തിനു ശേഷം കാലത്തിനും പ്രസ്ഥാനത്തിനും വ്യക്തികൾക്കും വന്ന മാറ്റങ്ങളെ , ഓട്ട് കമ്പനി മുതലാളിയുടെ കൊലപാതകത്തിന് ശേഷം ഒളിവിൽ പോയി പന്ത്രണ്ട് വർഷത്തിനുശേഷം തിരിച്ചുവരുന്ന ശ്രീധരന് വരുന്ന മാറ്റത്തിലൂടെ നോക്കിക്കാണുകയാണ് ഈ സിനിമ ചെയ്തിരിക്കുന്നത്.

സാമൂഹികമായ താല്പര്യങ്ങൾക്ക് മുന്നിൽ വ്യക്തി താൽപര്യത്തെയും ഇഷ്ടാനിഷ്ടങ്ങളെയും



ദൗർബല്യങ്ങളെയും അടിയറവ് വയ്ക്കാനാവില്ല എന്ന് വെളിപ്പെടുത്തുന്നു ഈ സിനിമ. സൈദ്ധാന്തികമായ പിടിവാശികളെ ഒക്കെ അതിജീവിച്ച് മാറുന്ന കാലത്തിനനുസരിച്ച് നിലപാടുകൾ സ്വീകരിക്കുന്ന മനുഷ്യരുടെ സിനിമ. സാധാരണ മനുഷ്യരും അവരിലെ നന്മയുമാണ് അത്യന്തികമായി നിലനിൽക്കുന്നതെന്ന് ഉദ്ഘോഷിക്കുന്നു ഈ ചിത്രം.

അടിയേറ്റ് ചോരയൊലിപ്പിച്ച് വീടിനു മുമ്പിൽ കിടന്ന ശ്രീധരന് അയാളുടെ രാഷ്ട്രീയ ബന്ധമോ അയാൾ ആരാണെന്നു പോലുമോ തിരക്കാതെ വീട്ടിൽ അഭയം നൽകി, ശുശ്രൂഷിക്കാൻ മകളെ ചുമതലപ്പെടുത്തുന്ന അച്ഛൻ ഈ സിനിമയിലെ അത്തരമൊരു കഥാപാത്രമാണ്. സ്ത്രീകളുടെ മുഖത്ത് നോക്കാൻ പോലും മടി കാണിച്ചിരുന്ന ശ്രീധരൻ തന്നെ ശുശ്രൂഷിച്ച സാവിത്രിയോട് ഒരു നിമിഷത്തിൽ തോന്നിയ ദൗർബല്യത്തെ ചൊല്ലി ക്ഷമ ചോദിക്കുമ്പോൾ 'ഓ സാരമില്ല' എന്ന അവരുടെ മറുപടി...



നീണ്ട കാലയളവിനു ശേഷം തിരിച്ചെത്തുന്ന തികഞ്ഞ മദ്യപാനിയായി തീർന്ന ഭർത്താവിന് മദ്യപിക്കാനുള്ള പണം അയാൾ ചോദിക്കുമ്പോൾ കൊടുക്കുന്നു പോലുമുണ്ടവൾ. തന്റെ അച്ഛനെ ഒന്ന് കണ്ടാൽ മതിയായിരുന്നു എന്ന് സമാശ്വസിക്കുന്നു അയാളുടെ ഒളിവു ജീവിത കാലത്ത് പിറന്ന മകൻ. ശ്രീധരൻ ഉറക്കമുണരുമെന്നും എന്തെങ്കിലും പറയുമെന്നും കരുതി അർത്ഥശൂന്യമാണ് തങ്ങളുടെ യത്നമെന്ന ബോധ്യമില്ലാതെ കാത്തിരിക്കുന്ന സാധാരണക്കാർ. "പാർട്ടി അധികാരത്തിൽ വന്നപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ശ്രീധരൻ ഇപ്പോൾ ആരായിരുന്നേനേം", എന്ന അവരുടെ വാക്കുകൾ...


നേരാംവണ്ണം കച്ചവടം ചെയ്താൽ കാശുണ്ടാക്കാൻ ആവില്ലെന്ന ചായക്കടക്കാരന്റെ വാക്കുകൾ... കൊല്ലപ്പെട്ട അച്ഛനെ പോലെയല്ല പുതിയതായി ചുമതലയേറ്റ മകനെന്നും അവൻ നല്ല കൊച്ചൻ ആണെന്നും ഉള്ള പുതിയ തൊഴിലുടമയെ കുറിച്ചുള്ള പഴയ തൊഴിലാളി നേതാക്കളുടെ വാക്കുകൾ...

"അവസരങ്ങൾ ഉപയോഗിക്കാത്തവൻ വിഡ്ഢിയാണടോ, വിഡ്ഢി', എന്ന മുതലാളിയുടെ സിൽബന്ധിയുടെ വാക്കുകൾ...

ഉറങ്ങിക്കിടന്ന മനുഷ്യനെ വിളിച്ചുണർത്തി അവർക്ക് ആശയും പ്രതീക്ഷയും കൊടുത്തിട്ട് അവരോട് ഈ ചതി വേണ്ടായിരുന്നു എന്ന് നിഷ്ക്രിയനായി മാറിയ ശ്രീധരനോട് പാർട്ടിയിലെ സാധാരണക്കാർ പറയുന്ന വാക്കുകൾ...

ഇവയിലൂടെയൊക്കെ സംവിധായകൻ പറഞ്ഞുവെക്കുന്നത് കാലം തെളിയിച്ച യാഥാർത്ഥ്യങ്ങൾ. പാർട്ടി പിളരാൻ ഇടയായ കാരണങ്ങൾ അപ്രസക്തമായിത്തീർന്ന കാലത്തിലൂടെ കടന്നുപോകുമ്പോഴും തങ്ങൾക്ക് അനുകൂലമായ പ്രസ്താവനയിൽ ശ്രീധരന്റെ ഒപ്പിനു വേണ്ടി കാത്തിരിക്കുകയും ലഭിക്കാതെ വരുമ്പോൾ അയാളെ ഉന്മൂലനം ചെയ്യുന്നതിന്

നേതൃത്വം നൽകുകയും ചെയ്യുന്ന രാഷ്ട്രീയം. ഒളിവിൽ പോയ ശ്രീധരൻ മരിച്ചുവെന്ന് തീർച്ചയാകാത്ത അവസ്ഥയിൽ പോലും പാർട്ടി ഓഫീസിന് 'ശ്രീധരൻ സ്മാരകം' എന്ന് പേരിടുക
പോലും ചെയ്യുന്ന തമാശ.
പാർലമെന്ററി രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമാ കുന്നതോടെ കാലഗതിക്ക് അനുസരിച്ച് രൂപഭാവമാറ്റം സംഭവിക്കുന്ന രാഷ്ട്രീയ നേതൃത്വത്തെയും ധർമ്മസങ്കടത്തിൽ കഴിയുന്ന അണികളെയും ഈ സിനിമ കാട്ടിത്തരുന്നു.





ക്യൂബൻ സംവിധായകൻ തോമസ് ഏലിയയുടെ 'മെമ്മറീസ് ഓഫ് അണ്ടർ ഡെവലപ്മെൻറ് ' എന്ന സിനിമയാണ് മൂന്നാമതായി പ്രദർശിപ്പിച്ച ചിത്രം. സ്വേച്ഛാധി പത്യഭരണം മാറി ക്യൂബയിൽ ജനകീയ ഭരണം നിലവിൽ വന്നപ്പോൾ തന്റെ അച്ഛനമ്മമാരും ഭാര്യയും അടക്കം മെച്ചപ്പെട്ട ജീവിതം തേടി അമേരിക്കയിലേക്ക് കുടിയേറി പോകുമ്പോൾ, നാട്ടിൽ തുടരാൻ തീരുമാനി ച്ച സെർജിയോ എന്ന അന്യതാബോധം അനുഭവിക്കുന്ന എഴുത്തുകാരനായ യുവാവ്... അയാളുടെ കണ്ണുകളിലൂടെ ക്യൂബൻ ജീവിത യാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുകയാണ് ഈ ചിത്രം ചെയ്തിരിക്കുന്നത്.



സെർജിയോയുടെ സുഹൃത്തുക്കളിലൂടെയും കാമുകിമാരിലൂടെയും വിപ്ലവത്തിനു ശേഷം മാറാത്ത യാഥാർത്ഥ്യങ്ങളെ, പ്രത്യേകിച്ച് തങ്ങളുടെ ഭൗതിക നേട്ടങ്ങളെ കുറിച്ചുള്ള ചിന്തകൾ മാത്രമുള്ള അരാഷ്ട്രീയ മനസ്സിന് ഉടമകളായ കാമുകിമാരിലൂടെ ക്യൂബൻ യാഥാർത്ഥ്യത്തെ നമ്മുടെ മുമ്പിൽ സംവിധായകൻ അവതരിപ്പിക്കുന്നു. ഇത് എല്ലാ കാലത്തും എല്ലാ രാജ്യങ്ങൾക്കും പ്ര സക്തമായ പ്രശ്നമായി അനുഭവപ്പെട്ടു .

ക്യൂബൻ യാഥാർത്ഥ്യങ്ങളെ അതിന്റെ പാരുഷ്യത ഒട്ടും ചോരാതെ ചിത്രീകരി ക്കാൻ ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോഗ്രാഫിയിലൂടെ കഴിഞ്ഞിരിക്കുന്നു. ക്യൂബ പശ്ചാത്തലമാക്കി കിഴവനും കടലും രചിച്ച വിശ്രുത സാഹിത്യകാരൻ ഏണസ്റ്റ് ഹെമിംഗ്വേയെപ്പോലും വിമർശനപരമായി ഈ സിനിമയിൽ കാണുന്നുണ്ട്.



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
47

രണ്ടാം ലോകമഹായുദ്ധത്തിൽ ഏറ്റവും ദുരിതമനുഭവിച്ച രാജ്യങ്ങളിലൊന്നായ പോളണ്ട് യുദ്ധാവസാനത്തോടെ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന്റെ തലേന്ന് വൈകുന്നേരം മുതൽ പിറ്റേദിവസം പ്രഭാതം വരെയുള്ള ഒരു ദിവസം ഒരു പ്രവിശ്യാ തലസ്ഥാനത്ത് നടക്കുന്ന സംഭവങ്ങളാണ് ആന്ദ്രെ വൈദയുടെ 'ആഷസ് ആൻഡ് ഡയമണ്ട്സ് 'എന്ന തുടർന്ന് അവതരിപ്പിച്ച സിനിമയുടെ കഥാതന്തു.



അധികാരത്തിലേറാൻ പേകുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയെ വധിക്കാൻ ജർമൻ അധിനിവേശത്തിനെതിരെ ചെറുത്തുനിൽപ്പിലേർപ്പെട്ടവരും സ്വതന്ത്ര പോളിഷ് റിപബ്ലിക് പോരാട്ട സംഘത്തിൽപെട്ട രണ്ടു പേർ സ്ഥലത്തെ മേയറാൽ നിയോഗിക്കപ്പെടുന്നു. അവർ അവരുടെ ഉദ്യമത്തിൽ പരാജയപ്പെടുന്നു. പാർട്ടി സെക്രട്ടറിക്ക് പകരം നിരപരാധികളും നാട്ടുകാരുമായ രണ്ടു തൊഴിലാളികളെയാണ് അവർ വധിച്ചത്.

കൊല ചെയ്യാൻ നിയോഗിക്കപ്പെട്ടവരിൽ ഒരുവനായ ചെറുപ്പക്കാരൻ മാഷിക് സ്വാതന്ത്ര്യാഘോഷം നടക്കുന്ന ഹോട്ടലിൽ ഒരു രാത്രി കഴിച്ചുകൂട്ടി പ്രണയം ഉൾപ്പെടെയുള്ള അനുഭവങ്ങളിലൂടെ കടന്നുപോകുന്നു. ആരെയാണോ കൊല്ലാൻ താൻ നിയുക്തനായത് ആ നേതാവിനെ തുടർന്ന് വക വരുത്തുകയും പോളിഷ് പട്ടാളക്കാരുടെ വെടിയേറ്റ് മാഷിക് മരണം വരിക്കുകയും ചെയ്യുന്നു. മൂല്യങ്ങൾക്കും മനുഷ്യബന്ധങ്ങൾക്കും വില നഷ്ടപ്പെടുകയും അധികാരമോഹം, കിടമത്സരം, പ്രതികാര വാഞ്ഛ എന്നിവയാൽ നയിക്കപ്പെടുകയും ചെയ്യുന്ന അധികാരികളെ ചിത്രത്തിൽ കാണുന്നു. പോളണ്ടിന്റെ നഷ്ടപ്പെട്ട പ്രതാപത്തെ ഓർത്ത് വിലപിക്കുന്ന കഥാപാത്രങ്ങളുമുണ്ട് ഈ സിനിമയിൽ.

മനുഷ്യബന്ധങ്ങൾക്കും മാനുഷിക മൂല്യങ്ങൾക്കും വില കല്പിക്കുന്ന ദൃശ്യങ്ങളും സംഭവങ്ങളുമാണ് ഈ ചിത്രത്തെ മഹത്തരമാക്കുന്നത്.പാർട്ടി സെക്രട്ടറിയെ വെടിവെക്കാൻ ഒരു പള്ളിയുടെ പരിസരത്ത് അയാളുടെ വാഹനവും കാത്തിരിക്കുന്നവരിൽ ഒരാളോട് ഒരു കൊച്ചു പെൺകുട്ടി മരിച്ചവരുടെ ഓർമ്മക്കായി താൻ കൊണ്ടുവന്ന പൂക്കൾ പള്ളിയിലെ ചിത്രത്തിൽ വയ്ക്കുന്നതിന് , തന്നെ എടുത്ത് ഉയർത്തി സഹായിക്കാൻ ആവശ്യപ്പെടുന്നതോടെയാണ് സിനിമയുടെ തുടക്കം.

മുഖ്യകഥാപാത്രങ്ങളായ മാഷിക്കും ക്രിസ്റ്റീനയും തമ്മിലുള്ള പ്രണയ രംഗങ്ങൾ പ്രത്യേകിച്ചും ഉറക്കം തൂങ്ങുന്ന കാവൽക്കാരൻ മാത്രമുള്ള ശവക്കല്ലറയ്ക്കുള്ളിൽ (ക്രിപ്റ്റ്) അവർ ചെലവഴിക്കുന്ന നിമിഷങ്ങൾ... അവളെ നേരത്തെ പരിചയപ്പെടാൻ ഇടയായിരുന്നുവെങ്കിൽ തന്റെ ജീവിതം ഒരു കൊലയാളിയുടേത് ആകാതെ പോകുമായിരുന്നു വെന്ന് മഷിക് മൊഴിയുന്നത്...

ശവക്കല്ലറയിൽ കൊത്തിവച്ചിരുന്ന കവിത നിറഞ്ഞ വാക്കുകൾ ശ്രദ്ധിച്ച അയാൾ ചാരത്തിൽ നിന്നും രൂപാന്തരം പ്രാപിച്ച നക്ഷത്ര തുല്യമായ വജ്രമാണ് അവളെന്ന് വിശേഷിപ്പിക്കുന്നത്. ക്രിപ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന അന്ന് വെടിയേറ്റ് മരിച്ച രണ്ട് ശവശരീരങ്ങളോടും ബഹുമാനം കാട്ടാൻ കാവൽക്കാരൻ അവരോട് ആവശ്യപ്പെടുന്നതും അത് കേൾക്കുമ്പോൾ ഉണ്ടാകുന്ന അവരുടെ ഞെട്ടലും...

പാർട്ടി സെക്രട്ടറിയെ മനസ്സില്ലാ മനസ്സോടെ വകവരുത്തിയശേഷം പട്ടാളക്കാരുടെ വെടിയേറ്റ് ,യുദ്ധത്തിൽ തകർന്ന കെട്ടിടങ്ങൾക്കും വിജയഭേരിമുഴക്കി




നീങ്ങുന്ന കവചിത വാഹനങ്ങൾക്കും ആഘോഷത്തിമർപ്പിന്റെ ശബ്ദഘോഷങ്ങൾക്കും ഇടയിലൂടെ നടന്ന് മാഷിക് മരണം വരിക്കുന്ന രംഗം ലോക സിനിമാ ചരിത്രത്തിലെ അവിസ്മരണീയമായ രംഗങ്ങളിലൊന്നാണ്.

സോഫോക്ളിസിന്റെ ദുരന്ത നാടക കഥയെ അടിസ്ഥാനപ്പെടുത്തി ഹംഗേറിയൻ സംവിധായകൻ മികലോസ് യാൻക്ചോ പുനരാവിഷ്കരിച്ച സിനിമ 'ഇലക്ട്ര മൈ ലവ്' ആയിരുന്നു മേളയിൽ അവസാനം.
പരന്ന് വിശാലമായ ഹംഗേറിയൻ ഭൂമികയിൽ നമ്മുടെ പെരുമ്പറയെ അനുസ്മരിപ്പിക്കുന്ന ഡ്രംസിന്റെ പശ്ചാത്തല ശബ്ദത്തിൽ ഹംഗേറിയൻ നാടോടി നൃത്തത്തിലെ ചുവടുകൾക്ക് ഒപ്പിച്ച് നീങ്ങുന്ന നൃത്തക്കാരുടെ അകമ്പടിയോടെ ഗ്രീക്ക് പുരാണ കഥാപാത്രങ്ങളായ ആഗമെമ്നനും ഈജിസ്റ്റസും ഇലക്ട്രയും ഒറിസ്റ്റസും ഒക്കെ രംഗത്ത് എത്തുന്നു. ഗ്രീക്ക് പുരാണ കഥയെ ഒരു സാർവ്വലൗകിക പ്രതിഭാസമായി, ഒരു ചരിത്ര സത്യമായി സംവിധായകൻ ആവിഷ്കരിച്ചിരിക്കുന്നു. തങ്ങൾ കടന്നു വന്ന ദുരിത പൂർണ്ണമായ വഴികൾ മറക്കുന്ന മനുഷ്യർ , Incorporated എങ്ങനെ ഉദയം ചെയ്യുന്നു ,ജനങ്ങളെങ്ങനെ സ്വേച്ഛാധിപതികളുടെ കൈയിലെ കളിപ്പാട്ടവും അവർക്ക് വാഴ്ത്തു പാട്ട് പാടുന്നവരുമായി മാറുന്നു എന്നത് ഒക്കെ ഈ സിനിമ നമുക്ക് കാട്ടിത്തരുന്നു.

സ്വേച്ഛാധിപതികൾ ജനങ്ങളെ ഭയക്കുന്നത് മൂലമാണ് അവർ ജനങ്ങളെ ഭയപ്പെടുത്തി അധികാരം നിലനിർത്തുന്നത് എന്ന സന്ദേശം... ഒറിസ്റ്റസ് മരിച്ചുവെന്ന വാർത്ത തുടരെ പ്രഖ്യാപിച്ച് , ഇലക്ട്രയെ സമനില നഷ്ടപ്പെട്ടവളായി ചിത്രീകരിച്ച് ജനങ്ങളെ തനിക്ക് അനുകൂലമാക്കി സ്വേച്ഛാധിപതി മാറ്റിയെടുക്കുന്നത്... തങ്ങൾക്ക് ഉണ്ടായിട്ടുള്ള ഭൗതിക നേട്ടങ്ങൾ ചൂണ്ടിക്കാണിച്ച് തങ്ങൾ എത്തപ്പെട്ടിരിക്കുന്ന 'അന്തസ്സില്ലാത്ത അടിമത്തം' എന്ന അവസ്ഥയെ വിസ്മരിക്കുവാൻ സ്വേച്ഛാധിപതി ജനങ്ങളെ പ്രേരിപ്പിക്കുന്നത്...

സ്വാതന്ത്ര്യം എന്നത് സാധാരണ മനുഷ്യന് താങ്ങാനാവില്ല, അവന് യോജിച്ചത് അടിമത്തമാണ്; അതുകൊണ്ട് ജനങ്ങളെ സ്വതന്ത്രരാക്കാൻ ആഹ്വാനം ചെയ്യുന്ന ഭരണാധികാരി ആവശ്യമില്ല എന്ന പ്രഖ്യാപനം നടത്തുന്നത്... ഒറിസ്റ്റസിന്റെ വരവോടെ തങ്ങൾ ചൂഷിതരാണെന്ന് തിരിച്ചറിയുന്ന ജനം ഒറിസ്റ്റസിന്റെയും ഇലക്ട്രയുടെയും



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
49
KSFDC

ആരാധകരായി മാറുന്നത്... എന്നിങ്ങനെ ചിന്തനീയമായ എത്രയോ സന്ദർഭങ്ങൾ അടങ്ങുന്നതാണ് ഈ സിനിമ.


പൗരസ്ത്യ പുരാണത്തിലെ തീ വിഴുങ്ങി പക്ഷിയെ പോലെ പടിഞ്ഞാറ് നോക്കി യാത്ര ചെയ്ത് ഓരോ സന്ധ്യയിലും ചിറകുകൾ കരിഞ്ഞ് ഇല്ലാതാവുകയും പ്രഭാതത്തിൽ ഊർജ്ജസ്വലതയോടെ പുനർജനിച്ച് ആവേശം പകരുകയും ചെയ്യുന്ന തുടർ വിപ്ലവ പ്രക്രിയയിലൂടെ മാത്രമേ ജനാഭിലാഷങ്ങൾ സജീവമായി നിലനിർത്തുവാനും സ്വേച്ഛാധിപതികളെ അകറ്റി നിർത്തുവാനും കഴിയുകയുള്ളൂ എന്ന് പ്രസക്തമായ സന്ദേശം ആവിഷ്കരിച്ച സിനിമ.


വ്യത്യസ്ത കാലഘട്ടങ്ങളിലും വ്യത്യസ്ത രാജ്യങ്ങളിലും രൂപംകൊണ്ട പ്രത്യയശാസ്ത്ര രാഷ്ട്രീയം പ്രമേയമായ ഈ അഞ്ചു സിനിമകൾ സൂക്ഷ്മമായി ഒരിക്കൽ കൂടെ കാണാൻ അവസരം ഒരുക്കി തന്ന ഫിൽക്ക ഫിലിം സൊസൈറ്റിക്ക് അഭിനന്ദനങ്ങൾ.












October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

50 KSFDC

വാർത്ത

# കാലവും സാഹചര്യങ്ങളും മാറുന്നതിനൊപ്പം സിനിമയുടെ ഫിലോസഫിയും മാറും - ഷാജി. എൻ. കരുൺ



സാം ആന്റണി,
ഫിൽക്ക

പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠം ചലച്ചിത്ര അദ്ധ്യായങ്ങൾ എന്ന പേരിലുള്ള ഫിലിം ഫെസ്റ്റിവൽ സെമിനാർ ഉദ്ഘാടനം ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 26-ആം തീയതി വ്യാഴാഴ്ച തിരുവനന്തപുരം ജോയിന്റ് കൗൺസിൽ ഹാളിൽ കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുൺ നിർവഹിച്ചു. ഫെസ്റ്റിവൽ കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ ഉദ്ഘാടനം ചെയ്തു. നോവലിസ്റ്റും പത്രപ്രവർത്തകനും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, സിനിമ നിരൂപകനും നോവലിസ്റ്റുമായ വിജയ് കൃഷ്ണൻ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ തിരുവനന്തപുരം സംസ്ഥാന പ്രസിഡൻറ് അഡ്വ. ഫിലിപ്പ് ജോസഫ്, ജോയിൻ കൗൺസിൽ സ്റ്റേറ്റ് ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ഫിൽക്ക പ്രസിഡന്റ് ഡോ. രാധാകൃഷ്ണൻ അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും സ്വാഗതം അർപ്പിച്ചു.



മാർഗരീത്ത വോൺ ട്രോട്ട സംവിധാനം ചെയ്ത റോസ ലക്സംബർഗ്, അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത മുഖാമുഖം, തോമസ് ഏലിയ സംവിധാനം ചെയ്ത മെമ്മറീസ്സ് ഓഫ് അർഡെവലപ്മെന്റ്, ആൻദ്രേ വജദ സംവിധാനം ചെയ്ത ആഷസ് ആന്റ് ഡയമ്സ്, മികലോസ് ജങ്സോ സംവിധാനം ചെയ്ത ഇലക്ട്ര മൈ ലവ് എന്നീ സിനിമകളാണ് ഇത്തവണ പ്രദർശിപ്പിച്ചത്. കെ.എസ്.എഫ്.ഡി.സി, ചലച്ചിത്ര അക്കാദമി, ലോട്ടറി ഡിപ്പാർട്ട്മെൻറ്, ബീം ഫിലിം സൊസൈറ്റി, ജോയിന്റ് കൗൺസിൽ - നന്മ ഫിലിം സൊസൈറ്റി, അർപ്പണ ഫൗഷേൻ ഫിലിം സൊസൈറ്റി, പ്രിയദർശിനി ഫിലിം സൊസൈറ്റി, മനുഷ്യാവകാശ സംരക്ഷണ മിഷൻ , തലസ്ഥാന പൗരസമിതി എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫിലിം ഫെസ്റ്റിവൽ. സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ച കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുൺ മെഷീനുകളുടെ സഹായത്തോടെ യാണ് സിനിമ നിർമ്മിക്കുന്നത് എന്നും, എ.ഐ എന്ന സാങ്കേതവിദ്യയുടെ തുടക്കം സിനിമയിൽ നിന്നുമാണ് എന്നും പറഞ്ഞു. സിനിമ



നമുക്ക് പറഞ്ഞു തന്നിട്ടുള്ള മനുഷ്യപുരോഗതിക്ക് കാരണമായ പല കാര്യങ്ങളും, പഠനങ്ങളിലൂടെയും പുതിയ കണ്ടുപിടുത്തങ്ങളിലൂടെയും ആണ് രൂപപ്പെട്ടത്. മെഷീനുകൾ ഇല്ലാതെ സിനിമ നിർമ്മിക്കുക സാധ്യമല്ല. പലപ്പോഴും ശാസ്ത്രജ്ഞർക്ക് പല പുതിയ ആശയങ്ങളും, പുതിയ കണ്ടുപിടിക്കാനുള്ള പ്രചോദനവും സിനിമയിൽ നിന്നാണ് കിട്ടിയിട്ടുള്ളത്. ലോജിക്കൽ ആയിട്ടുള്ള ചിന്തകൾക്കാണ് ശാസ്ത്രജ്ഞന്മാർ പ്രാധാന്യം കൊടുത്തത്. ലോജിക്കൽ അല്ലാതുള്ള ചിന്തകൾക്ക് കലാകാ രന്മാരാണ് പൂർത്തീകരണം വരുത്തിയിട്ടുള്ളത്. ലോജിക്കൽ ആയിട്ടുള്ളതും അല്ലാത്തതും ആയിട്ടുള്ള ചിന്തകൾക്ക് ഇടം നൽകിയത് സിനിമയാണ്.



ആരാണ് ഫിലോസഫി ഉണ്ടാക്കിയത് എന്ന ചിന്തകൾ ഉയർന്നു വന്നിട്ടുണ്ട്. മനുഷ്യ ജീവിതത്തിൽ പുതിയ നാമ്പുകൾ ഉണ്ടാകുന്നത് തത്വചിന്താപരമായിട്ടുള്ള ഇന്റർപ്രെട്ടേഷനുകൾ കൊണ്ടാണ്. മനുഷ്യ സംസ്കാരത്തെപ്പറ്റി ചിന്തിക്കുമ്പോഴാകട്ടെ സുന്ദരമായ ജീവിതം



ജീവിക്കുക എന്ന തത്വചിന്തയിൽ നിന്നാണ് മനുഷ്യ സംസ്കാരം ഉടലെടുത്തത് എന്ന് കാണാം. വിശ്വാസങ്ങളെയും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തെയും അടിസ്ഥാനപ്പെടുത്തിയാണ് മതങ്ങൾ രൂപം കൊണ്ടുള്ളത് എന്നും മനസ്സിലാക്കണം.

സിനിമയെ സംബന്ധിച്ചിടത്തോളം ഏതൊരു സിനിമയ്ക്കും അതിന്റേതായ ഫിലോസഫിയുണ്ട്. എഴുത്തുകാരന്റെ ജീവിതാനുഭവങ്ങളെയും അയാളെ സ്വാധീനിച്ചിട്ടുള്ള മറ്റ് പല ഘടകങ്ങളിലൂടെയും ആണ് ആ ഫിലോസഫി രൂപപ്പെടുന്നത്. കാലഘട്ടങ്ങളും സാഹചര്യങ്ങളും മാറുന്നതിനോടൊപ്പം സിനിമയുടെയും അത് സൃഷ്ടിക്കുന്ന മനുഷ്യന്റെയും ഫിലോസഫിയും മാറിയും മറിഞ്ഞും വരുന്നു. അത് എങ്ങനെ നന്നായി ജീവിക്കാം എന്നുള്ള ചിന്തയും അതിനേ പ്രാവർത്തികമാക്കാനുള്ള പ്രവർത്തിയേയും സ്പേസിനേയും അതു നടത്തി യെടുക്കാനുള്ള സമയത്തെയും ആശ്രയിച്ചിരിക്കുന്നു.

പല കാര്യങ്ങളും സംഭവിക്കുന്നതിന് കാത്തിരിപ്പും ക്ഷമയും ആവശ്യമാണ്. പലപ്പോഴും പ്രാവർത്തികമാക്കാൻ എടുക്കുന്ന താമസം കാത്തിരിക്കുന്നതിൽ കാര്യമുണ്ടോ എന്ന് ചോദ്യങ്ങൾ ഉയർത്തി വിടാറുണ്ട്. നമുക്ക് കിട്ടിയിട്ടുള്ള സന്ദർഭവും സമയവും വേണ്ട വിധത്തിൽ എങ്ങനെ ഉപയോഗിച്ചു, അല്ലെങ്കിൽ എങ്ങനെ ഉപയോഗിക്കാം എന്നതിനെ കുറിച്ചുള്ള പല അറിവുകളും വിവരങ്ങളും ഏറ്റവും നന്നായി തന്നിട്ടുള്ളത് സിനിമ തന്നെയാണ്. മനുഷ്യജീവിതത്തെ സംബന്ധിച്ച ഫിലോസഫികൽ ഇന്റർപ്രെ

ട്രേഷനിലൂടെയാണ് ഇത് സാധിക്കുന്നത്. അതുകൊണ്ടുതന്നെ സിനിമയുടെ ആവിർഭാവം മുതലുള്ള നൂറു വർഷങ്ങൾ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു പരിണാമ കാലഘട്ടമായിരുന്നു. നമ്മൾ നേരിട്ടു കാണുന്ന സംഭവങ്ങളിൽ നിന്നും ഉണ്ടാകുന്ന ഇന്റർപ്രട്ടേഷനിൽ നിന്ന് വളരെ വ്യത്യസ്തമാണ് സിനിമ കാണുമ്പോഴുള്ള അനുഭവം.



പല ആംഗിളിലും പല ലൈറ്റിങ്ങിലും പല സന്ദർഭങ്ങളിലും എടുക്കുന്ന ഷോട്ടുകൾ സിനിമയായി കാണുമ്പോഴുള്ള അനുഭവം ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കും. അത് അവരുടെ ഫിലോസഫികൾ ഇന്റർപ്രട്ടേഷൻ വ്യത്യാസമായിരിക്കുന്നത് കൊണ്ടാണ്.

കടന്നു പോയിക്കൊണ്ടിരിക്കുന്ന നിമിഷങ്ങളിൽ നടക്കുന്ന കാര്യങ്ങൾ എല്ലാം മനുഷ്യമനസ്സിൽ തങ്ങണമെന്നില്ല. സിനിമയിലാകട്ടെ ഒരു നിമിഷാർദ്ധം പോലും പ്രത്യേകമായി വേർതിരിച്ചെടുക്കാനും വിപുലീകരിക്കാനും ഒക്കെ സാധിക്കും. സിനിമയിൽ പല ഘടകങ്ങളും അതിമനോഹരമായി എടുത്തു കാണിക്കപ്പെടുന്നത് കൊണ്ടും, മനുഷ്യനെ രസിപ്പിക്കണമെന്നതും ചിന്തിപ്പിക്കണമെന്നതും ആകർഷിക്കണമെന്നതുമൊക്കെ സിനിമയുടെ തത്വചിന്താപരമായ ഇടപെടലുകൾ ആയതുകൊണ്ട് തന്നെ അവയെ കാണുന്ന മനുഷ്യർ അവയിലെ കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. സിനിമ മനുഷ്യനെ വലിയ മാറ്റങ്ങൾക്ക് വിധേയനാകുന്നു.

സെമിനാറിൽ സംസാരിച്ച സാബു ശങ്കർ ഈ മാസത്തെ ചലച്ചിത്രോത്സവത്തിന്റെ പ്രമേയം, പ്രത്യയശാസ്ത്രത്തിന്റെ ചലച്ചിത്രപാഠ ചലച്ചിത്ര അദ്ധ്യായങ്ങൾ എന്നതാണ് എന്നു പറഞ്ഞു. ലോക സാമൂഹിക സാംസ്കാരിക സ്ഥിതിയിൽ ഇതിന് അത്രമേൽ പ്രാധാന്യമുണ്ട് എന്നുള്ളതുകൊണ്ടാണ് ഈ പ്രമേയം തെരഞ്ഞെടുത്തത്.

ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുത്ത അഞ്ചു ചിത്രങ്ങളും കാലാന്തരത്തിൽ ഒരു ഓർമ്മക്കുറിപ്പ് പോലെ ഓർത്തുവയ്ക്കത്തക്ക പ്രാധാന്യമുള്ളവയാണ്. ഈ അഞ്ചു ചിത്രങ്ങളും നിർണായകമായ രാഷ്ട്രീയ വഴിത്തിരിവുകളോ ഒക്കെയായി ബന്ധപ്പെട്ടിട്ടുള്ളവയാണ്.

ഇതിൽ ആദ്യ ചിത്രം ഒന്നാം ലോകമഹായുദ്ധത്തിന്റെ പരിസ്ഥിതിയിലുള്ളതാണ് .



മനുഷ്യൻ ആധുനിക ലോകത്തേക്ക് കടക്കുന്ന പരിണാമ ഘട്ടത്തെയാണ് , അതിന്റെ സ്വഭാവ സവിശേഷതയെയാണ് മോഡേണിസം എന്ന് പറയുന്നത്. പൊളിറ്റിക്കൽ ഐഡിയോളജി , സയൻസ് ആൻഡ് ടെക്നോളജി, ഫിലോസഫി

ഓഫ് ആർട്ട് തുടങ്ങിയവയെല്ലാം ആ കാലയളവിൽ പരിണാമത്തിനു വിധേയമായി.

അതോടൊപ്പം തന്നെ മനുഷ്യന്റെ ജീവിത സങ്കീർണതകൾ വർദ്ധിക്കുകയോ രൂപാന്തരപ്പെടുകയോ ചെയ്തു . ഫ്യൂഡലിസം, രാജവാഴ്ച, കൊളോണിയൽ സാമ്രാജ്യത്വം എന്നിവയിൽ നിന്ന് ജനാധിപത്യത്തിലേക്കുള്ള ട്രാൻസിഷൻ പീരീഡ് ആയിരുന്നു കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കം എന്ന് പറയാം. ആദ്യ രണ്ടു പതിറ്റാണ്ടുകളിൽ ഒന്നാം ലോകമഹായുദ്ധവും മറ്റ് യുദ്ധങ്ങളും ഒക്ടോബർ വിപ്ലവവും ദേശീയ സ്വാതന്ത്ര്യ - ജനാധിപത്യ പൗരാവകാശ സമരങ്ങളും ഓരോ ദേശത്തും ഉണ്ടായി. ഇതൊക്കെ പരിണാമങ്ങൾക്ക് കാരണമായിട്ടുണ്ട്. ഇത്തരം സാമൂഹിക മാറ്റങ്ങൾക്ക് ഒപ്പം കലയുടെ സൗന്ദര്യ ശാസ്ത്രത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.



മേളയിലെ ആദ്യ ചിത്രമായ റോസാ ലക്സംബർഗ്ഗ് എന്ന ചിത്രത്തിലെ നായിക റോസ ജീവിച്ചിരുന്നതും സ്വാതന്ത്ര്യ അവകാശ സമര പ്രവർത്തനങ്ങളുടെ പേരിൽ വെടിയേറ്റ് കൊല്ലപ്പെട്ടതും ഈ കാലഘട്ടത്തിലാണ്. മൂലധനത്തിന്റെ അതിസമ്പാദനം എന്ന പേരിൽ മാർക്സിന്റെ മൂലധനത്തെക്കുറിച്ച് ഒരു ക്രിട്ടിക്കൽ സ്റ്റഡി അവർ പബ്ലിഷ് ചെയ്യുകയും ലെനിൻ അതിനെ വളരെയധികം അഭിനന്ദിക്കുകയുമുണ്ടായി. മാർക്സിന്റെ മൂലധനമെന്ന വാക്കിന്റെ അർത്ഥം വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ്. യഥാർത്ഥത്തിൽ മൂലധനം എന്നുകൊണ്ട് മാർക്സ് ഉദ്ദേശിച്ചത് നാച്ചുറൽ റിസോഴ്സസ് പ്ലസ് ലേബർ പവർ പ്ലസ് ടെക്നോളജി എന്ന മൂന്ന് ഘടകങ്ങളെ ആണ്. ഫിനാൻസ് ഇൻവെസ്റ്റ്മെന്റ് അല്ല . മൂലധനത്തിന്റെ അതിസമ്പാദനത്തെ വിമർശിക്കുകയും അതിന്റെ സാമ്പത്തിക കേന്ദ്രീകരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് എഴുതുകയും പഠിപ്പിക്കുകയും ഒക്കെ ചെയ്ത ഒരു ധീര വനിതയാണ് റോസ. സോഷ്യൽ ഡെമോക്രാറ്റിക് പ്രസ്ഥാനത്തിൽ നിലകൊണ്ട അവർ ആന്റി വാർ സ്പാർട്ടക്കസ് ലീഗ് എന്ന സംഘടന രൂപപ്പെടുത്തുകയും അത് പിന്നീട് ജർമൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന രാഷ്ട്രീയ സംഘടനയായി മാറുകയും ചെയ്തു. സംഭവ ബഹുലമായ അവരുടെ ജീവിതത്തെ പ്രതിനിധീകരിക്കുന്ന വിഖ്യാത ചലച്ചിത്രമാണ് റോസ ലക്സംബർഗ്ഗ്. തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രമാണ് അത്.

രണ്ടാമത്തെ ചിത്രം ഇന്ത്യയിൽ നിന്നുള്ള അടൂർ ഗോപാലകൃഷ്ണന്റെ മുഖാമുഖം എന്ന വിഖ്യാത ചലച്ചിത്രമാണ്. അത് ലോകമെമ്പാടും പ്രത്യേകിച്ച് റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോലും പ്രശംസക്ക് പാത്രമായി. ഏറ്റവും നല്ല കമ്മ്യൂണിസ്റ്റ് ചിത്രം എന്നാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് റഷ്യ മോസ്കോ ചലച്ചിത്രമേളയിൽ വച്ച് അതിനെപ്പറ്റി പറഞ്ഞത്. ഒരു പുരോഗമന രാഷ്ട്രീയ പ്രസ്ഥാനത്തിന് പുതിയ രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിൽ വരുന്ന മാറ്റങ്ങളും അതേത്തുടർന്നുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങളും പിളർപ്പുകളും സംഭവവികാസങ്ങളും ആ പാർട്ടിയിൽ വിശ്വസിച്ചിരുന്ന മനുഷ്യരിൽ വരുത്തുന്ന വ്യത്യാസങ്ങളും വിനാശങ്ങളും നിസംഗതയും മൗനവും ഒക്കെയാണ് ആ സിനിമയുടെ പ്രമേയം.

പുരോഗമന പ്രസ്ഥാനത്തിൽ തന്നെ ചില പിന്തിരിപ്പൻ ശക്തികളും ഉണ്ടാകുന്നുണ്ട് എന്നും

ചിത്രം കാണിച്ചു തരുന്നു. തങ്ങൾ വിശ്വസിച്ചിരുന്ന പാർട്ടിയിൽ പിളർപ്പുണ്ടാകുമ്പോൾ ആരുടെ കൂടെ നിൽകണമെന്ന ആശയക്കുഴപ്പവും അതുണ്ടാക്കുന്ന അനിശ്ചിതാവസ്ഥയും അവരെ മദ്യപാനത്തിലേക്കും നിതാന്തമായ മൗനത്തിലേക്കുമൊക്കെ തള്ളിവിടുന്നു. താൻ ജോലി ചെയ്തിരുന്ന കമ്പനിയുടെ മുതലാളിയുടെ കൊലപാതകത്തിന് ശേഷം ഒളിവിൽ പോയ നേതാവ് വർഷങ്ങൾക്കു ശേഷം തിരിച്ചുവരുന്നു. താൻ വിശ്വസിച്ചിരുന്ന പാർട്ടി പിളർന്നത് വിശ്വസിക്കാനും താങ്ങാനും ആകാതെ വ്യഥയിൽ വീണു പോയ ഒരു മനുഷ്യന്റെ കഥയാണ് മുഖാമുഖം.



മൂന്നാമത്തെ ചിത്രം തോമസ് ഏലിയ സംവിധാനം ചെയ്ത ക്യൂബൻ ചിത്രമായ മെമ്മറീസ് ഓഫ് അർ ഡെവലപ്മെന്റ് എന്ന വിഖ്യാത ചലച്ചിത്രമാണ്. ക്യൂബൻ വിപ്ലവത്തിന് ശേഷം അമേരിക്കയും റഷ്യയും തമ്മിലുണ്ടായ ശീതയുദ്ധത്തിന്റെ കാലഘട്ടത്തിൽ ക്യൂബൻ സമൂഹത്തിൽ ഉാകുന്ന മാറ്റങ്ങളുടെ നിരീക്ഷണമാണ് ഈ ചലച്ചിത്രം. റഷ്യ ക്യൂബയിൽ മിസൈലുകൾ സ്ഥാപിക്കുകയും അവ എത്രയും പെട്ടെന്ന് നീക്കം ചെയ്തില്ലെങ്കിൽ തങ്ങൾ ന്യൂക്ലിയർ വാറിലേക്ക് പോകുമെന്നുള്ള അമേരിക്കയുടെ ഭീഷണിയെ തുടർന്നുണ്ടാകുന്ന പ്രതിസന്ധികളുടെ അനന്തര ഫലങ്ങളുടെ പശ്ചാത്തലത്തിലാണ് ചിത്രം നിർമ്മിക്കപ്പെട്ടത്. കഥാപാത്രത്തിന്റെ അനുഭവങ്ങളിലൂടെയും കാഴ്ചപ്പാടുകളിലൂടെയും ആ കാലഘട്ടത്തിലെ ക്യൂബൻ രാഷ്ട്രീയം ഈ ചിത്രത്തിൽ വിവക്ഷിക്കപ്പെടുന്നു. അയാളെ ഉപേക്ഷിച്ച് അമേരിക്കയിലേക്ക് പോയ ഭാര്യയും അയാളും തമ്മിലും മറ്റു സ്ത്രീകളും തമ്മിലുമുള്ള ബന്ധങ്ങളും, ഒരു മദ്ധ്യവർഗ്ഗ സമ്പന്നൻ എന്ന നിലയിൽ അയാളുടെ ചിന്തകളും സാമൂഹിക ചാഞ്ചാട്ട വൈരുധ്യ സ്വഭാവരീതികളെ കുറിച്ചുള്ള ഉൾക്കാഴ്ചകളും ഈ ചലച്ചിത്രം പ്രേക്ഷകന് നൽകുന്നു.

നാലാമത്തേത് ആന്ദ്രേയ് വജദ സംവിധാനം ചെയ്ത പോളിഷ് ചലച്ചിത്രമായ ആഷസ് ആൻഡ് ഡയമ്സ് എന്ന ചലച്ചിത്രമാണ്. ഒരു വശത്ത് നാസി ജർമ്മനിയുടെയും മറുവശത്ത് സോവിയറ്റ് റഷ്യയുടെയും അധിനിവേശങ്ങളുടെ നടുവിൽ പെട്ടുപോകുന്ന പോളിഷ് ജനതയുടെ കഥയാണിത്. പോളിഷ് വർക്കേഴ്സ് പാർട്ടിയുടെ സെക്രട്ടറിയെ കൊലപ്പെടുത്താനായി ഹോം ആർമി ഭടന്മാരായ മൂന്നു പേർ ശ്രമിക്കുകയും നിരപരാധികളായ രണ്ടു പേർ കൊല്ലപ്പെടുകയും ചെയ്യുന്നു. തുടർന്ന് തങ്ങളുടെ ലക്ഷ്യം നിറവേറ്റാൻ ആയിട്ടുള്ള ശ്രമങ്ങളുടെ തുടർച്ചയും അതേ തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ഈ ചിത്രം. പോളിഷ് സ്വതന്ത്ര റിപബ്ലിക് സ്വപ്നം കാണുന്നവരുടെ പോരാട്ടവും ജീവത്യാഗവും ഉപേക്ഷിക്കപ്പെടുന്ന പ്രണയദാഹങ്ങളും രാഷ്ട്രീയ പരിസ്ഥിതിയും ഒക്കെ ചിത്രഭംഗിയോടെ ആവിഷ്കരിക്കുന്നു.
അഞ്ചാമത്തെ ചിത്രം ഹംഗേറിയൻ സംവിധായകനായ മികലോസ് ജങ്സോ സംവിധാനം ചെയ്ത ഇലക്ട്ര മൈ ലവ് എന്നതാണ് . ദേശീയ സ്വാതന്ത്ര്യത്തെയും സ്വയം നിർണ്ണയാവകാശത്തെയും അടിസ്ഥാനപ്പെടുത്തിയെടുത്ത ഒരു എപ്പിക് - റിയലിസ്റ്റ് ചിത്രമാണ് ഇത്.തന്റെ പിതാവായ അഗമെംനോൻ രാജാവിനെ കൊലപ്പെടുത്തി അധികാരത്തിലേറിയ തന്റെ അമ്മയുടെ കാമുകൻ കൂടിയായ ഏയ്ഗിസ്തസ് എന്ന സ്വേച്ഛാധിപധിയെ കൊലപ്പെടുത്താനായി അകമെംനോ

October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

55

KSFDC

ന്റെ മകളായ ഇലക്ട്ര ശ്രമി ക്കുന്നു. ജനകീയ വിചാരണയുടെയും കലാപത്തിന്റെയും അന്തരീക്ഷം.

തന്റെ സഹോദരിയെ സഹായിക്കാനായി ഓറസ്റ്റസ് ഒപ്പം കൂടുന്നു. ഏയ്ഗിസ്തസ്സിന്റെ വധത്തിനു ശേഷം അവർ ഒരു ഹെലികോപ്റ്ററിൽ കയറി ജനങ്ങൾക്കിടയിലേക്ക് വന്നിറങ്ങി സ്വാതന്ത്ര്യം ആഘോഷിക്കുന്നതാണ് കഥ. മനുഷ്യത്വത്തിന് വിരുദ്ധനായ ഒരു സ്വേച്ഛാധിപതിയുടെ അധികാരത്തിനെതിരെയുള്ള ഒരു യുദ്ധമാണ് പ്രമേയം. ദീർഘമായ പന്ത്രണ്ട് ഷോട്ടുകളിലൂടെയാണ് ഈ സിനിമ പൂർത്തിയാക്കിയത് എന്നതാണ് ഏറ്റവും അത്ഭുതകരമായ പ്രത്യേകത. കാലത്തിനൊപ്പം പ്രത്യയശാസ്ത്ര വും സൗന്ദര്യശാസ്ത്രവും എങ്ങനെ സിനിമകളിൽ പ്രതിനിധീകരിക്കപ്പെട്ടു എന്നതാണ് അഞ്ചു സിനിമകളിലൂടെ സൂചി പ്പിക്കുന്നത്.



ചടങ്ങിൽ സംസാരിച്ച ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് ഫിലിപ്പ് ജോസഫ് താനൊരു ആദേശ സന്ധിയിലാണ് ഇവിടെ നിൽക്കുന്നത് എന്ന് പറഞ്ഞു. അതിനു കാരണം ഹേമ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ മനുഷ്യാവകാശങ്ങളെ കുറിച്ചും സിനിമാലോകത്തെക്കുറിച്ചുമാണ് സംസാരിക്കാൻ പോകുന്നത് എന്നതു കൊണ്ടാണ്.

ഇത് ഒരു പ്രത്യയശാസ്ത്രങ്ങളെക്കുറിച്ചുള്ള ചലച്ചിത്രോത്സവം ആയതുകൊണ്ട് തന്നെ എല്ലാ പ്രത്യയശാസ്ത്രങ്ങളും ഏതെങ്കിലും ഒക്കെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ഉയർന്നുവന്ന സമരങ്ങളിൽ നിന്ന് ഉത്ഭവിച്ചവയാണ് എന്നു കാണാം. ബൈബിൾ, ഖുർആൻ, ഭഗവത്ഗീത എന്നീ വിശുദ്ധ ഗ്രന്ഥങ്ങളിൽ പോലും നന്മകൾക്കൊപ്പം തിന്മയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നത് കാണാം. അവലൊക്കെ തിന്മക്കെതിരെയുള്ള നന്മയുടെ പോരാട്ടങ്ങളും ആഹ്വാനങ്ങളും കാണാൻ സാധിക്കും. പ്രത്യയശാസ്ത്ര കാര്യത്തിലും ഇതൊക്കെ തന്നെയാണ് സംഭവിക്കുന്നത്. ഒരു വൈദികന്റെ മകനായ ജനിച്ച മാർക്സ് താൻ എഴുതിവച്ച പ്രത്യയശാസ്ത്ര തത്വങ്ങളിലൂടെ ഇത്തരം മനുഷ്യാവകാശ ലംഘനങ്ങളെയാണ് നേരിടുന്നത് എന്ന് കാണാം. ആദ്യകാലങ്ങളിൽ വെറും വിനോദോപാധിയായി മാത്രം കണ്ടിരുന്ന സിനിമ , പിന്നീട് , മനുഷ്യനെയും അവന്റെ ജീവിതത്തെയും ആഴത്തിൽ വെളിപ്പെടുത്തുന്ന ഒരു അനാട്ടമിക്കൽ സ്റ്റഡി ഓഫ് സൊസൈ റ്റിയായി മാറുകയും മനുഷ്യനെ വലിയ രീതിയിൽ സ്വാധീനിക്കുന്ന കലാസൃഷ്ടികളായി പിറക്കുകയും ചെയ്തു. സമൂഹത്തിൽ നടക്കുന്ന അനീതികളെയും അനാചാരങ്ങളെയും തങ്ങളുടെ സൃഷ്ടികളിലൂടെ എതിർക്കുകയും എടുത്തു കാട്ടുകയുമാണ് സാമൂഹിക പ്രതിബദ്ധതയുള്ള കലാകാരന്മാർ ചെയ്യുന്നത്.

എല്ലാ സമൂഹത്തിലും എല്ലാ കാലത്തും മനുഷ്യാവകാശ ലംഘനങ്ങൾ നടക്കാറുണ്ടെങ്കിലും വളരെ സെൻസിറ്റീവ് ആയിട്ടുള്ള സംഭവങ്ങൾ ഒഴിച്ചാൽ എല്ലാം ഒന്നും സിനിമയായി വരാറില്ല. വളരെ സെൻസിറ്റീവ് ആയിട്ടുള്ള വിഷയങ്ങളെക്കുറിച്ച് കലാകാ രന്റെ ഭാഗത്തു നിന്നുാകുന്ന വീക്ഷണവും വിമർശനവുമാണ് അത്തരം സൃഷ്ടികളുടെ ആധാരം.

മനുഷ്യാവകാശ ലംഘനങ്ങളെ കുറിച്ചു സംസാരിക്കുമ്പോൾ, ഒരു രാജ്യത്തെ നിയമങ്ങളെ ലംഘിക്കുന്നത് മാത്രമല്ല മറിച്ച് സഹജീവികൾക്ക് അസഹ്യമായ എന്തുതരം പ്രവർത്തിയായാലും അത് മനുഷ്യാവകാശ ലംഘനം തന്നെയാണ്.

അയൽക്കാരന് മറ്റൊരു അയൽക്കാരന്റെ വീട്ടിൽ നിന്നും ഉണ്ടാകുന്ന അമിതമായ ശബ്ദം കൊണ്ട് ഉറങ്ങാൻ പറ്റുന്നില്ലെങ്കിൽ അത് മനുഷ്യാ വകാശ ലംഘനം തന്നെ യാണ്. മനുഷ്യൻ എവിടെയൊക്കെ ഉണ്ടോ അവിടെയെല്ലാം ലംഘനങ്ങളും ഉണ്ടാകും. കയ്യൂക്കുള്ളവൻ കാര്യ ക്കാരൻ ആകുന്ന സ്ഥിതി എല്ലായിടത്തും ഉണ്ട്. ഇത്തരം ലംഘനങ്ങൾ ഒരു പരിധി വരെയെ ങ്കിലും കുറക്കാൻ വേണ്ടിയാണ് മനുഷ്യാ വകാശങ്ങളെ കുറിച്ചുള്ള പഠനങ്ങളും അറിവുകളും ഉണ്ടാകേണ്ടത്. നമ്മൾ ചെയ്യുന്ന പ്രവർത്തികൾ മറ്റുള്ളവർക്ക് ഗുണക രമാകണമെന്ന് നമ്മൾ പറയാറുണ്ടെങ്കിലും അങ്ങനെ തന്നെയാണോ സംഭവിക്കുന്നതെന്ന് നമ്മൾ പരിശോധിച്ചു നോക്കാറില്ല.



തെറ്റുകളും കുറ്റങ്ങളും ചെയ്യാമെന്ന് ഒരു മത വും പറയുന്നില്ല. മരിക്കാൻ ഇഷ്ടമല്ലെങ്കിലും ഏത് മതക്കാരനാണെങ്കിലും അവന് സ്വർഗത്തിൽ പോകാൻ ഇഷ്ടമാണ്. ഒരു ദിവസം കൂടി കൂടുതൽ ജീവിച്ചിരിക്കാൻ വേണ്ടി മനുഷ്യൻ എന്തെല്ലാമാണ് ഭൂമിയിൽ ചെയ്യുന്നത് ! അപ്പോൾ ഒരു പരിധിവരെ ഈ ലോകവും സമൂഹവും തന്നെയാണ് സ്വർഗ്ഗം. ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാനാണ് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ പോലെയുള്ള സംഘട നകൾ നിലനിൽക്കുന്നത്.

മനുഷ്യാവകാശ ലംഘനങ്ങൾ ഇല്ലാത യാക്കിയാൽ തന്നെ ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാൻ സാധിക്കും. പത്തു ചാക്ക് സിമന്റ് കൊണ്ട് ഒരു വീട് നിർമിക്കാൻ ശേഷിയില്ലാത്തവന്റെ മുന്നിൽ ആയിരത്തി അഞ്ഞൂറ് ചാക്ക് സിമന്റ് കൊണ്ട് മണിമാളിക കെട്ടിപ്പടുക്കുന്നതും ഒരു തരത്തിൽ ചിന്തിച്ചാൽ മനുഷ്യാവകാശ ലംഘനം തന്നെയാണ്.

മഹാത്മാഗാന്ധി ഒറ്റ മുണ്ടുടുത്ത് ഫക്കീർ ഗാന്ധി എന്ന വിളികേട്ട് ജീവിച്ചത് മറ്റുള്ളവർക്ക് ഇല്ലാത്തത് തനിക്കും വേണ്ട എന്ന മനു ഷ്യത്വപരമായ തത്വ ചിന്ത കൊണ്ടാണ്. മനുഷ്യാവകാശങ്ങളെ ഉയർത്തിക്കാട്ടേ പ്രധാന മാധ്യമമായി നിൽക്കുന്ന, സാധാരണക്കാരുടെ ജീവിതത്തിന്റെ ഭാഗം തന്നെയായ സിനിമ രംഗത്ത് നിന്നു പോലും മനുഷ്യാവകാശ ലംഘനങ്ങളുടെ വാർത്തകൾ വന്നു കൊണ്ടിരിക്കുകയാണ്. സിനിമ രംഗത്ത് മാത്രമല്ല സമൂഹത്തിന്റെ എല്ലാ രംഗങ്ങളിലും മനുഷ്യാ വകാശ ധ്വംസനങ്ങൾ നടക്കുന്നു. എല്ലാ മനുഷ്യരും മനുഷ്യാവകാശ സംരക്ഷണ നിയമങ്ങളെക്കുറിച്ച് ബോധവാന്മാരും അത് പാലിക്കുന്നവരും ആയാൽ മാത്രമേ ഇത്തരം ലംഘനങ്ങളെ നമ്മൾക്ക് ഇല്ലാതാക്കാൻ പറ്റൂ.

സമൂഹത്തിൽ ലീഗൽ ലിറ്ററസി ഉണ്ടായാൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. എങ്കിൽ മാത്രമേ മറ്റുള്ളവർക്ക് അസഹ്യമാകാത്ത രീതിയിൽ തങ്ങളുടെ സ്വാതന്ത്ര്യം മനുഷ്യർ ഉപ യോഗിക്കുകയുള്ളൂ. താൻ മൂലം മറ്റൊരാൾക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകരുതെ ന്നുള്ള അവബോധം മനുഷ്യരിൽ സൃഷ്ടിക്കാന ായി മനുഷ്യാവകാശനിയമസാക്ഷരതയുള്ള ചിത്രങ്ങൾ കൂടി ഫിലിം സൊസൈറ്റികളുടെ

പ്രവർത്തനങ്ങളോടൊപ്പം ചേർത്ത് വയ്ക്കണമെന്ന് ആഗ്രഹിക്കുന്നു.പ്രത്യയശാസ്ത്രങ്ങളെ കുറിച്ചുള്ള ചലച്ചിത്രോത്സവത്തിന്റെ വേദിയിൽ വച്ച് മനുഷ്യാവകാശങ്ങളെ കുറിച്ചു സംസാരിക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷിക്കുന്നു. പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപാഠ ചലച്ചിത്രങ്ങൾ എന്ന വിഷയത്തെ അധികരിച്ചിട്ടുള്ള സെമിനാറിന് തുടക്കമിട്ടുകൊണ്ട് ചടങ്ങിന്റെ അധ്യക്ഷൻ ജയചന്ദ്രൻ കല്ലിങ്കൽ സംസാരിച്ചു .

ഈ ചടങ്ങുകൾക്ക് വേദിയൊരുക്കിയ ജോയിന്റ് കൗൺസിൽ കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന, നാൽപ്പത്തി അയ്യായിരം പേരുടെ മെമ്പർഷിപ്പ് ഉള്ള ഒരു പൊതു സംഘടനയാണ്. ഇത്തരം സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും, സാഹിത്യ സാമൂഹിക ചലച്ചിത്ര രംഗങ്ങളിലെ പ്രഗൽഭരെ ക്ഷണിക്കുകയും ആദരിക്കുകയും പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നത് ഈ സംഘടനയുടെ പ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. പിന്നിട്ട മാസങ്ങളിൽ ഫിൽക്കയുടെ നേതൃത്വത്തിൽ ഇവിടെ രണ്ട് ഫിലിം ഫെസ്റ്റിവലുകൾ നടന്നിരുന്നു. ഇപ്പോൾ നടക്കുന്നത് മൂന്നാമത്തെതാണ്.

നമുക്ക് എല്ലാവർക്കും ഓർമ്മയുണ്ടാകും, ഒരു കാലത്ത് ടെലിവിഷനിലെ ഏറ്റവും പ്രശസ്തമായ കഥാപാത്രമായിരുന്നു കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ നായകനായ ലംബോ എന്ന ടെലി സീരിയലിലെ ലംബോ എന്ന പേരുള്ള കഥാപാത്രം. ടെലിവിഷൻ പ്രേക്ഷകരുടെ പ്രിയപ്പെട്ട കഥാപാത്രമായിരുന്ന ലംബോയെ തന്റെ വാക്കുകളിലൂടെ ഒരിക്കൽ കൂടി നമ്മുടെ മുൻപിൽ എത്തിച്ചതിന് നന്ദി പറയുന്നു.

സമകാലീന സിനിമയെക്കുറിച്ചും പ്രത്യയശാസ്ത്രങ്ങളെ കുറിച്ചും വളരെ വിശദവും ആഴത്തിലുമുള്ള ഒരു വിശകലനമാണ് സാബു ശങ്കർ നടത്തിയത്. ചലച്ചിത്രത്തിന്റെ ഭാഷ ദൃശ്യ ഭാഷ മാത്രമല്ല എഴുത്തു ഭാഷ കൂടിയാണ് എന്ന് തന്റെ നിരവധിയായ ചലച്ചിത്ര ഗ്രന്ഥങ്ങളിലൂടെ തെളിയിക്കുകയും ഒട്ടനവധി അവാർഡുകൾ നേടുകയും ചെയ്ത വ്യക്തിയാണ് വിജയകൃഷ്ണൻ സാർ. അദ്ദേഹവും ഈ സെമിനാറിൽ പ്രഭാഷണം നടത്തുന്നു എന്നുള്ളത് അഭിമാനകരമായ കാര്യമാണ്. അക്കാദമി ചെയർമാനെ വിമർശിച്ചവരോട് പ്രേംകുമാർ തന്നെയാണ് ആ പദവിക്ക് ഏറ്റവും യോജിച്ചയാൾ എന്ന് താൻ പ്രതികരിച്ചിരുന്നു എന്ന് വിജയകൃഷ്ണൻ പറഞ്ഞു.

പ്രേംകുമാറിനെ പരിചയപ്പെടുന്നത് മുപ്പത് കൊല്ലങ്ങൾക്ക് മുൻപ് മലയാളത്തിലെ പ്രസിദ്ധങ്ങളായ ചില ചെറുകഥകൾ ചേർത്ത് ദൂരദർശനിൽ കഥാസംഗമം എന്ന പേരിൽ ടെലിസീരിയൽ ചെയ്യുന്ന കാലത്താണ്. അതിൽ മൂർക്കോത്ത് കുമാരന്റെ ഒരു കഥയും ചെയ്തിരുന്നു. അതിലെ ഒരു സങ്കീർണമായ കഥാപാത്രത്തെ അവതരിപ്പിക്കാനായി തിരഞ്ഞെടുത്തത് പ്രേംകുമാറിനെയാണ്. ഞങ്ങളെയൊക്കെ അമ്പരപ്പിക്കുന്ന പ്രകടനമാണ് അദ്ദേഹം അതിൽ കാഴ്ചവച്ചത്. ആ സീരിയലിന് അക്കൊല്ലത്തെ സ്റ്റേറ്റ് അവാർഡ് കിട്ടുകയും അതേ ചടങ്ങിൽ വച്ചുതന്നെ ലംബോയിലെ കഥാപാത്രം അവതരിപ്പിച്ചതിന് അദ്ദേഹത്തിന് അവാർഡ് ലഭിക്കുകയും ചെയ്തു.

ഫിൽക്ക സംഘടിപ്പിച്ച ചലച്ചിത്ര സംബന്ധിയായ ക്വിസ് മത്സരത്തിലെ ക്വിസ് മാസ്റ്റർ ആകാൻ എന്നെ ക്ഷണിച്ചിരുന്നു. എനിക്ക് വളരെ രസകരമായി തോന്നുന്ന ഒരു പരിപാടി ആയതുകൊണ്ട് ഞാൻ ഇത്തരത്തിലുള്ള പരിപാടികളിൽ ധാരാളമായി പങ്കെടുക്കാറുണ്ട്. ഈ ക്വിസ് മത്സരങ്ങൾ ചലച്ചിത്ര പഠനങ്ങളുടെ ഒരു ഭാഗം തന്നെയാണ്. എന്നാൽ എന്തുകൊണ്ടോ നമ്മുടെ നാട്ടിൽ പണ്ടും ഇപ്പോഴും ചരിത്രബോധം തുലോം കമ്മിയാണ്. ചരിത്രത്തിലുള്ള ഈ താല്പര്യക്കു

റവ് കൊണ്ട് സംഭവിച്ച ഒരു വലിയ നഷ്ടം, പണ്ട് ആയിരക്കണക്കിന് ഉണ്ടായിരുന്ന നിശബ്ദ സിനിമകളിൽ ഇപ്പോൾ അവശേഷിക്കുന്നത് വെറും നാലു എണ്ണം മാത്രമാണ് എന്നതാണ്.

ദക്ഷിണേന്ത്യയിൽ മാത്രം നൂറിലധികം സിനിമകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയിൽ അവശേഷിക്കുന്നത് ഒരെണ്ണം മാത്രമാണ്. അത് മാർത്താണ്ഡവർമ്മ എന്ന സിനിമ യാണ്. ആദ്യമായി പ്രദർശിപ്പി ക്കുന്ന വേളയിൽ പോലീസ് കൊണ്ടുപോയി അത് സീസ് ചെയ്തെടുത്ത് ആർക്കൈവിൽ സൂക്ഷിച്ചിരുന്നത് കൊണ്ട് മാത്രമാണ് അത് ഇപ്പോഴും നില നിൽക്കുന്നത്.

ചരിത്രബോധമില്ലായ്മയും ചരിത്രത്തോടുള്ള താല്പര്യമില്ലായ്മയും നിലവിലുണ്ട്. ഒരിക്കൽ സെൻസറിങ്ങിനായി വന്ന ഒരു സിനിമ, അത് തിയേറ്ററിൽ വന്നോ എന്ന് എനിക്ക് അറിയില്ല, വന്നാലും അത് വിജയിക്കാനുള്ള സാധ്യതയുമില്ല, അത് സിനിമയെ കുറിച്ചുള്ള ഒരു സിനിമയായിരുന്നു. റിവ്യൂ ബോംബിംഗ് ഒക്കെയായിരുന്നു അതിന്റെ വിഷയം. അതിന്റെ ടൈറ്റിലുകൾ വന്നതിനൊപ്പം മലയാള സിനിമയുടെ ചരിത്രം കൂടി കാണിക്കുന്നുണ്ടായിരുന്നു. അക്കൂട്ടത്തിൽ ആദ്യ സിനിമയായി വികടകുമാരൻ എന്ന് എഴുതി കാണിക്കുന്നുണ്ടായിരുന്നു. അതുകണ്ട ശേഷം അതിന്റെ സിനിമ പ്രവർത്തകരോട് എവിടെ നിന്നാണ് വികടകുമാരൻ എന്ന പേര് നിങ്ങൾക്ക് കിട്ടിയത് എന്ന് ചോദിക്കുകയുണ്ടായി. ഒരു ഇംഗ്ലീഷ് വെബ്സൈറ്റിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജിമ ചെയ്തപ്പോൾ ഉണ്ടായ പ്രശ്നമാണ് എന്ന് അവർ പറയുകയും ചെയ്തു. Vigatha Kumaran എന്നതിന് പകരം Vikata Kumaran എന്ന് വെബ്സൈറ്റിൽ മലയാളീകരിച്ചപ്പോൾ ഉണ്ടായ അബദ്ധം ആയിരുന്നു അത്. ഇത് കാണുന്ന നമ്മുടെ പുതിയ തലമുറ വിചാരിക്കും വികടകുമാരൻ തന്നെയാണ് നമ്മുടെ ആദ്യത്തെ സിനിമയുടെ ടൈറ്റിൽ എന്ന് . അതിൽ തന്നെ മലയാളത്തിലെ വലിയ സംവിധായകരെ കുറിച്ച് പറയുന്ന ഇടത്ത് രാമു കാര്യാട്ട്, പി. ഭാസ്കരൻ, സേതു മാധവൻ എന്ന് എഴുതിയിരിക്കുന്ന കൂട്ടത്തിൽ തകഴി ശിവശങ്കരപ്പിള്ളയുടെ പേരും എഴുതിയിരിക്കുന്നത് കണ്ടു. ആ കൂട്ടത്തിൽ തകഴിയുടെ പേര് എങ്ങനെ വന്നു എന്ന് ഞാൻ ചോദിച്ചപ്പോൾ അത് ചെമ്മീൻ സംവിധാനം ചെയ്തത് തകഴിയല്ലേ എന്നാണ് ഉത്തരം കിട്ടിയത്.!

സിനിമയെ പറ്റിയുള്ള ചരിത്രബോധം വളരെ ശുഷ്കമാണെന്നുള്ളതിന്റെ തെളിവായിരുന്നു അത്. നമ്മുടെ പുതിയ തലമുറയിൽ ചരിത്രബോധം വളർത്താനും ചരിത്രത്തെ കുറിച്ചുള്ള കൂടുതൽ അറിവുകൾ നേടാനും ഇതുപോലെയുള്ള ക്വിസ് പരിപാടികൾ വളരെയേറെ സഹായം ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല.

ക്വിസ് നടത്തുന്ന വേളകളിൽ ചില രസകരമായ സംഭവങ്ങളും നടന്നിട്ടുണ്ട്. ഇതു പോലെ പോലെ ഒരു ക്വിസ് നടത്തുന്ന സമയത്ത് ക്രെഡിറ്റ് ടൈറ്റിലുകൾ ഇല്ലാത്ത ഒരു മലയാള സിനിമ ഏതാണ് എന്ന് ചോദിക്കുകയുണ്ടായി. പങ്കെടുത്തവർ ഉത്തരം പറയാതിരുന്നതിനാൽ ക്വിസ് മാസ്റ്റർ ആയ ഞാൻ തന്നെ ഉത്തരം പറഞ്ഞു. കെ. പി. കുമാരൻ സംവിധാനം ചെയ്ത അതിഥി എന്ന സിനിമയാണ് അത് എന്ന് പറഞ്ഞു. അത് കേട്ടപ്പോൾ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു കുട്ടി തലയിൽ കൈവക്കുന്നത് കണ്ടു. അന്നുരാത്രി കെ.പി. കുമാരൻ എന്നെ വിളിച്ചിട്ട് നിങ്ങൾ എന്റെ മകനെ ചമ്മിച്ചു കളഞ്ഞു എന്നു പറഞ്ഞു. കാരണം അദ്ദേഹത്തിന്റെ മകനായിരുന്നു ഉത്തരം അറിയാതെയിരുന്ന ആ കുട്ടി. ഇത്തരം ധാരാളം അനുഭവങ്ങൾ ക്വിസ് മത്സരങ്ങളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്രാവശ്യത്തെ മത്സരങ്ങൾ എനിക്ക് അധികം ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടി വന്നില്ല. വളരെ നല്ല അറിവും സിനിമയോട് താല്പര്യം ഉള്ള കുട്ടികളാണ്

October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
59
KSFDC

ഇപ്രാവശ്യം പങ്കെടുത്തത്. അവർ സിനിമാ രംഗത്ത് വലിയ വിജയങ്ങൾ നേടട്ടെ എന്ന് ആശംസിക്കുന്നു.

തുടർന്ന് ക്വിസ് മത്സരത്തിൽ വിജയിച്ചവർക്കുള്ള നേടിയവർക്കുള്ള സമ്മാനദാനം അക്കാദമി ചെയർമാൻ പ്രേംകുമാർ നിർവഹിച്ചു. ക്വിസ് മത്സരത്തിൽ ഫസ്റ്റ് പ്രൈസ് നേടിയത് മാളവിക. ടി, ലക്ഷ്മി .എം ടീം ആയിരുന്നു. രണ്ടാം സമ്മാനത്തിന് അർഹരായവർ അദ്വൈത് പി.എസ്., ജയകൃഷ്ണൻ ജെ.ആർ. ടീമാണ്. മൂന്നാം സമ്മാനം നേടിയത് ശ്രേയസ് ഡി.പി., അലി ആസാദ് എൻ.എം. ടീം ആണ്.

ഫിൽക്ക വൈസ് പ്രസിഡന്റ് ഗിരിജ സുരേന്ദ്രൻ അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു.






വോള്യം -7 ലക്കം -131 ഒക്ടോബർ 2024 മലയാളം - ഇംഗ്ലീഷ്

October Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society




# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽഷത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ സ്റ്റോക്കർ പുസ്തകം (മുഖവില 200 രൂപ) 150 രൂപയ്ക്ക് ലഭിക്കുന്നതാണ്. GPay സൗകര്യം ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app

October Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

61

KSFDC


FILM VISION MONTHLY OCTOBER RS 2/ RNI-KER BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |


Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.

വില: ~~₹ 200~~ ₹150




**13th EDITION**

സത്യജിത് റായ് യുടെ പഥേർ പാഞ്ചലി

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Design | - | Shaji CAD |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224. Trivandrum -10. Kerala. |